# രാഘവായനം

**Rakhavaayanam Kambi Novel Author : പഴഞ്ചൻ |www.kambikuttan.net |Author Page**




കൂട്ടുകാരെ... ഇതൊരു കമ്പിക്കഥയല്ല... ഈ കഥ ഈ സൈറ്റിലെ എന്റെ കൂട്ടുകാർ വായിക്കണമെന്ന് തോന്നി... ഇതൊരു കഥ മാത്രമായി എടുക്കുക... കുറച്ച് കാലമായി എന്റെ മനസ്സിൽ കിടന്നിരുന്ന ആശയങ്ങളും ഭാവനകളും ഒക്കെ ഒന്ന് ചേർത്തുവച്ചാണ് ഈ കഥ ഉണ്ടാക്കിയത്... ഇതിൽ വർഗ്ഗീയത ആരും കാണരുതെന്ന് അപേക്ഷിക്കുന്നു... ഇതിലെ കഥാപാത്രങ്ങൾക്ക് ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായി എന്തെങ്കിലും സാമ്യം തോന്നുകയാണെങ്കിൽ അതു തികച്ചും യാദൃശ്ചികം മാത്രമാണെന്ന് പറഞ്ഞുകൊള്ളട്ടെ... അഭിപ്രായം നല്ലതായാലും മോശമായാലും അറിയിക്കണേ... കഥതുടങ്ങുന്നു...

കൊല്ലവർഷം 1193 ധനുമാസം ആരംഭം... ധനുമാസത്തിലെ തണുപ്പ് ഈ പ്രഭാതത്തിൽ തന്റെ മേൽ തഴുകിപ്പോകുന്നത് അവന്റെ രോമകൂപങ്ങളെ പുളകം കൊള്ളിച്ചു... കോളേജിൽ നിന്ന് ഹോസ്റ്റലിലേക്കുള്ള യാത്രയിൽ വഴിവക്കിൽ വച്ച് പോലീസ് ചെക്കിംഗ്... അവൻ തന്റെ റോയൽ എൻഫീൽഡ് സൈഡാക്കി നിർത്തി... " ഉം... സൈഡ് മിറർ ഒന്നും ഇല്ലാതെയാണോ ബൈക്കോടിക്കുന്നത്... ലൈസൻസെടുക്ക്... " വണ്ടി കൈകാണിച്ച് നിർത്തിയ പോലീസുകാരൻ കർക്കശമായ സ്വരത്തിൽ പറഞ്ഞു... അവൻ തന്റെ പേഴ്സിൽ നിന്ന് ലൈസൻസ് എടുത്ത് നീട്ടി... " രാഘവ്, S/o രഘു, അയോദ്ധ്യ ഹൗസ്, തൃപ്പൂണിത്തുറ, എറണാകുളം... കൊള്ളാലോടാ നിന്റെ അഡ്രസ്സ്... ആകെ ഒരു വർഗ്ഗീയത... " പോലീസുകാരൻ പരുഷമായി അവനോടു പറഞ്ഞു... അവനൊന്നും മിണ്ടാതെ ഒന്നു പുഞ്ചിരിച്ചു... " ശരി... 100 രൂപ പെറ്റിയടിച്ചിട്ട് പൊയ്ക്കോ... ഉം... " പോലീസുകാരൻ പറഞ്ഞതനുസരിച്ച് അവൻ പൈസ അടച്ച് വീണ്ടും യാത്ര തുടർന്നു...

ആ പോലീസുകാരൻ അങ്ങിനെ പറഞ്ഞതിൽ അത്ഭുതപ്പെടാനൊന്നുമില്ല... തന്റെ വിലാസം അറിയുമ്പോൾ പലർക്കും ഉണ്ടാകുന്ന അമ്പരപ്പാണ് അയാളിലും അവൻ കണ്ടത്... കൊല്ലത്തെ ചടയമംഗലത്ത് നിന്ന് എറണാകുളത്തെ തൃപ്പൂണിത്തറയ്ക്കക്ക് മാറി താമസിച്ചപ്പോൾ പുതിയ വീടിന് മുത്തശ്ശി നിർദ്ദേശിച്ച പേരാണ് അയോദ്ധ്യ ഹൗസ് എന്ന്... കോളേജിൽ നിന്ന് ഇങ്ങോട്ട് പോരുന്നതിനു മുൻപ് തന്റെ സഹപാഠി ഗോകുൽ പറഞ്ഞ വാക്കുകൾ അവന്റെ കാതിൽ വന്നലച്ചു...

“ രാഘവ്... ഇത് നമ്മുടെ ക്രിസ്തുമസ് വെക്കേഷനല്ലേ... നമ്മുടെ കൂട്ടുകാരുടെ ഒപ്പം അടിച്ചു പൊളിക്കേണ്ട സമയം... അന്നേരത്ത് നീ ഒറ്റയ്ക്ക് രാമേശ്വരത്തോട്ട് ടൂർ പോകാന്ന് വച്ചാൽ അതെന്ത് പരിപാടിയാടാ... “ ഗോകുൽ സങ്കടത്തോടെ പറഞ്ഞു... കാലടി ശങ്കരാചാര്യ കോളേജിലെ ഹിസ്റ്ററി സ്റ്റുഡന്റ്സാണ് രാഘവും ഗോകുലും... അവരുടെ ഒരു സുഹൃത്ത് കൂട്ടായ്മയായ ശങ്കരാ ബോയ്സിന്റെ ന്യൂ ഇയർ ആഘോഷത്തിന്റെ ഭാഗമായിട്ട് ഗോവയിലേക്കുള്ള ടൂർ പ്ലാനിംഗായിരുന്നു രാഘവിന്റെ ഈ രാമേശ്വരം വിസിറ്റോടെ തകർന്നു പോയത്...

“ അതു പിന്നെ ഗോകുൽ എനിക്ക് പോയേ പറ്റൂ... നിനക്കറിയാലോ കാര്യങ്ങളൊക്ക... “ രാഘവ് തന്റെ ഉറച്ച ശബ്ദത്തിൽ പറഞ്ഞു...

“ ടാ രാഘവേ... കാര്യമൊക്കെ ശരിയാണ്... നമ്മളൊക്കെ ഹിസ്റ്ററി സ്റ്റുഡന്റ്സാണ്... എന്നു പറഞ്ഞ് നീ ആരുടെ ഹിസ്റ്ററിയാണ് അന്വേഷിച്ചു പോകുന്നേ... അതൊക്കെ നടക്കാത്ത കാര്യങ്ങളാണ്... നീ അതു ഉപേക്ഷിക്കുന്നതാണ് നല്ലത്... “ രാഘവിനെ അവന്റെ കൃത്യത്തിൽ നിന്ന് പിൻതിരിപ്പിക്കാനായി ഗോകുൽ പറഞ്ഞു...

“ ഗോകുലേ... അത് എനിക്ക് കിട്ടിയിരിക്കുന്ന ഒരു നിയോഗമായിട്ടാണെടാ തോന്നുന്നത്... ഇതിനു മുൻപുള്ള കാര്യങ്ങളൊക്കെ ഞാൻ നിന്നോട് പറഞ്ഞിട്ടുള്ളതല്ലേ... പിന്നെന്താടാ നിനക്ക് പറഞ്ഞിട്ട് മനസ്സിലാവാത്തത്?... “ അക്ഷമയോടെയായിരുന്നു രാഘവിന്റെ ചോദ്യം...

“ അതൊക്കെ ശരിയാണ്... പക്ഷേ നിന്റെ ഒറ്റയ്ക്കള്ള ഈ പോക്ക്... എനിക്കെന്തോ പേടി തോന്നുന്നെടാ... “ ഗോകുലിന്റെ കുട്ടിത്തം തുളുമ്പുന്ന മുഖത്ത് ഭയാശങ്കകൾ കണ്ടു അവൻ...

“ ഇതുപോലുള്ള യാത്രകൾ ഞാൻ മുൻപും ചെയ്തിട്ടുള്ളതായി നിനക്കറിവുള്ളതല്ലേ... നീ പേടിക്കാതിരിക്ക്... പിന്നെ ഇതിനെപ്പറ്റി ജാനകിയോട് ഞാൻ പോയതിനു ശേഷം മാത്രം പറഞ്ഞാൽ മതി... “ അതു പറഞ്ഞിട്ട് രാഘവ് ബൈക്കിൽ കേറി സ്റ്റാർട്ട് ചെയ്തു...

“ എടാ നിൽക്ക്... ഞാൻ പറയുന്നതൊന്ന്... “ പറഞ്ഞ് മുഴുവനാക്കുന്നതിനു മുൻപേ രാഘവ് അവന്റെ കണ്ണിൽ നിന്നും മറഞ്ഞിരുന്നു...

ജാനകി... രാഘവിന്റെ കാമുകി... രാഘവിന് പെൺകുട്ടികളോട് വല്യ അടുപ്പമൊന്നും ഇല്ലായിരുന്നു... എല്ലാവരോടും ഒരുപോലെയായിരുന്നു അവന്റെ പെരുമാറ്റം... അവന്റെ കൂട്ടുകാർക്ക് എന്തെങ്കിലും സഹായം വേണമെങ്കിൽ രാഘവുണ്ടാകും മുൻപിൽ... ജാനകി തങ്ങളുടെ ഡിപ്പാർട്ട്മെന്റേ അല്ല... ഈ വർഷം സയൻസ് ഗ്രൂപ്പിലെ പുതിയ ബാച്ചിൽ വന്ന കുട്ടിയാണ്... ഒരു ശാലീന സുന്ദരി... അവൻ പക്ഷേ അവളുടെ കാര്യം തന്നോട് പറയുന്നത് ഒരു പ്രത്യേക സാഹചര്യത്തിലായിരുന്നു... പുതുതായി വന്ന കുട്ടികളുടെ വെൽകം പ്രാഗ്രാമിന് ജാനകിയെ സദസ്സിന് പേരു പറഞ്ഞ് പരിചയപ്പെടുത്തിയപ്പോഴാണ് അത്രയും നേരം കൂട്ടുകാരുമായി സല്ലപിച്ചു നിന്നിരുന്ന രാഘവ് സ്റ്റേജിൽ നിന്ന് പാട്ടുപാടുന്ന ആ പെൺകുട്ടിയെ ശ്രദ്ധിച്ചത്... ഈ പരിപാടി കഴിയുമ്പോൾ അവളെ പോയി പരിചയപ്പെടണമെന്നും അവൻ തന്നോട് പറഞ്ഞു... ഇത്ര നാളും ഇല്ലാത്ത ഒരു ഭാവം

അവന്റെ മുഖത്ത് ഗോകുൽ ദർശിച്ചു... എത്രയോ പെൺകുട്ടികൾ അവന്റെ പുറകേ നടക്കുന്നു... ഒരെണ്ണത്തിനേയും അടുപ്പിച്ചിട്ടില്ലാത്ത രാഘവ് എന്തുകൊണ്ട് ആ പെൺകുട്ടിയെ ഇഷ്ടപ്പെട്ടതെന്ന് പിന്നീടാണ് ഗോകുലിനു മനസ്സിലായത്... രാഘവ് കാണാൻ സുമുഖനാണ്... അറടി പൊക്കം... ജിമ്മിൽ പോയി ഉരുക്കിയെടുത്ത നല്ല സിക്സ് പാക്ക് ബോഡി... ഉറപ്പുള്ള ചുരുണ്ടമുടി പിന്നിൽ കഴുത്ത് വരെ ഇറക്കമുണ്ട്... മീശ ഒന്ന് പൊടിച്ച് വരുമ്പോളേക്കും അവൻ വടിച്ചു കളയും... ഇപ്പോഴത്തെ ഹിന്ദി സിനിമാ നടൻമാരുടെ പോലെയാണ് ആശാന്റെ നടപ്പ്... ടീഷർട്ടും ജീൻസുമാണ് ഇഷ്ടവേഷം... പുകവലിയില്ല... മദ്യപാനമില്ല... എപ്പോഴും ശാന്തത കളിയാടുന്ന മുഖം അവന് ഒത്തിരി കൂട്ടുകാരെ സമ്മാനിച്ചു... ഇതൊക്കെയാണെങ്കിലും പിടികിട്ടാത്ത ഒരു സ്വാഭാവമാണ് രാഘവിന്റെ... ആരേയും വേദനിപ്പിക്കാറില്ല എങ്കിലും അവന്റേതായ ലോകത്തേക്ക് അവൻ ആരേയും പ്രവേശിക്കാൻ അനുവദിക്കാറില്ല...

ഇതേ സമയം ആലുവയിലെ ഹോസ്റ്റലിൽ നിന്ന് ഒരു ബാഗിൽ തനിക്ക് ആവശ്യമുള്ള ഡ്രസ്സും സാധനങ്ങളൊക്കെ പാക്ക് ചെയ്ത് അവൻ ആലുവ മെട്രോ റെയിൽവേ സ്റ്റേഷനിലേക്ക് ഒരു ഓട്ടോ പിടിച്ചു... മെട്രോ സ്റ്റേഷനിൽ നിന്ന് എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിലേക്ക് ടിക്കറ്റെടുത്തു... 5 മിനിട്ട് ഇടവിട്ട് വരുന്ന മെട്രോ താമസം കൂടാതെ മുക്കാൽ മണിക്കൂറിനുള്ളിൽ അവനെ റെയിൽവേ സ്റ്റേഷനിൽ എത്തിച്ചു... അപ്പോൾ സമയം 2 മണി... 2.15 ന് എറണാകുളത്ത് നിന്ന് രാമേശ്വരത്തേക്കുള്ള ഗുരുദേവ് എക്സ്പ്രസ്സാണ് അവന്റെ ലക്ഷ്യം...

അതാ രണ്ടാമത്തെ പ്ലാറ്റ്ഫോമിൽ തന്റെ ട്രെയിൻ... എ.സി കോച്ചിന് പുറത്ത് ഒട്ടിച്ചുവച്ചിരുന്ന പാസഞ്ചേഴ്സ് ലിസ്റ്റിൽ തന്റെ പേരുണ്ടെന്ന് ഉറപ്പു വരുത്തിക്കൊണ്ട് രാഘവ് ആ കമ്പാർട്ടുമെന്റിലേക്ക് കയറി...

താനിരിക്കുന്ന കൂപ്പയിലേക്കു കയറിയ രാഘവിന് കന്യാകുമാരിയിലേക്ക് പോകുന്ന ഒരു ഫാമിലിയെ പരിചയപ്പെടാൻ കഴിഞ്ഞു... അവർ അന്യോന്യം സംസാരിച്ചു... ഇവിടന്ന് രാമേശ്വരത്തേക്ക് പതിനഞ്ച് മണിക്കൂർ യാത്രയുണ്ട്...

“ രാമേശ്വരത്തേക്കോ?... ആരെയെങ്കിലും കാണാനാണോ?... “ ആ കുംടുംബത്തിലെ കൂട്ടത്തിൽ പ്രായം ചെന്നയാൾ അവനോട് ചോദിച്ചു...

“ എയ്... ഇതൊരു ടൂറാണ്... സ്ഥലമൊക്കെ കണ്ടിരിക്കാമല്ലോ... “ അവൻ പറഞ്ഞൊഴിഞ്ഞു...

“ യെസ് ഓഫ് കോഴ്സ്... കാണേണ്ട ഒരു സ്ഥലം തന്നെയാണ് അത്... “ അയാൾ അതിനെ ശരിവച്ചു...

അവർ കന്യാകുമാരിയിലെ സൂര്യോദയത്തിനെ പറ്റിയൊക്കെ പരസ്പരം വാചാലമായി സംസാരിച്ചപ്പോൾ രാഘവ് തന്റെ യാത്രയുടെ ലക്ഷ്യത്തെക്കുറിച്ചും... മുൻപ് താൻ ഇതിനു വേണ്ടി നടത്തിയ യാത്രകളെക്കുറിച്ചും ചിന്തിച്ചു... ഇതൊരു പക്ഷേ അതിന്റെയെല്ലാം അവസാനമായിരിക്കുമെന്ന് അവന് തോന്നി... എത്ര നാളായി താനിങ്ങനെ ഓടാൻ തുടങ്ങിയിട്ട്?... എന്തിനു വേണ്ടി?... ആർക്കു വേണ്ടി?... അവന്റെ ചിന്തകൾ കാലത്തിനു പിറകിലേക്ക് സഞ്ചരിച്ചു...

എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ പൂർണ്ണത്രയീശന്റെ നാട്... തന്റെ ജന്മസ്ഥലം... ആ സ്ഥലത്തെക്കുറിച്ച് തന്റെ മുത്തശ്ശി പറഞ്ഞിരുന്നത് അത് അസുര രാജാവ് മഹാബലി വാണിരുന്ന സ്ഥലമാണ് എന്നാണ്... അല്ലെങ്കിൽ അദ്ദേഹത്തിന്റെ കൊട്ടാരം ഉണ്ടായിരുന്ന സ്ഥലമാണ് എന്നാണ്... മഹാബലിയെ ചവിട്ടിത്താഴ്ത്തിയ വാമനന്റെ വിഗ്രഹം വച്ച് പൂജിക്കുന്ന ക്ഷേത്രമാണ് എറണാകുളം കുസാറ്റ് യൂണിവേഴ്സിറ്റിയുടെ

അടുത്തുള്ള തുക്കാക്കര അമ്പലം... പിന്നെ വാമനൻ മഹാബലിയെ ചവിട്ടിത്താഴ്ത്തിയ സ്ഥലത്തിന്റെ പേര് ഇപ്പോഴും മാറിയിട്ടില്ല... കളമശ്ശേരി മെട്രോയുടെ അടുത്തുള്ള പാതാളം എന്ന സ്ഥലം ആണത്... മുത്തശ്ശി അച്ഛനോട് അതൊക്കെ പറയുമ്പോൾ അച്ഛൻ അതൊക്കെ ചുമ്മാ പുച്ഛിച്ച് തള്ളുമായിരുന്നു... പക്ഷേ താനതൊക്കെ വളരെ ആകാംക്ഷയോടെ കേട്ടിരിക്കും... അച്ഛനും അമ്മയേക്കാളുമൊക്കെ തനിക്ക് അടുപ്പമുള്ളത് തന്റെ മുത്തശ്ശിയോടാണ്... താനും മുത്തശ്ശിയും തമ്മിൽ വല്യ കൂട്ടായിരുന്നു... പഴയ മിത്തുകളുടെ തിരുശേഷിപ്പുകളുടെ ബാക്കിയാണ് ഇപ്പോഴുള്ള യാഥാർത്ഥ്യങ്ങളെന്ന് മുത്തശ്ശി എപ്പോഴും പറയുമായിരുന്നു... നല്ല വിദ്യാഭ്യാസമുണ്ടായിരുന്ന മുത്തശ്ശിക്ക് സംസ്കൃതത്തിലൊക്കെ നല്ല പ്രാവീണ്യമായിരുന്നു...

തനിക്കൊരു അനുജനുണ്ടായപ്പോൾ തന്റേതു പോലെ മുത്തശ്ശിയാണ് അവനും പേരിട്ടത്... മിത്രൻ... ആ പേരിടാനുള്ളതിന്റെ കാരണം അച്ഛൻ മുത്തശ്ശിയോടു ചോദിച്ചപ്പോൾ മുത്തശ്ശി പറയുന്നത് കേട്ടു... സൗമിത്രൻ എന്ന പേരാണ് ഞാനിടാനുദ്ദേശിച്ചത്... പക്ഷേ ഇന്നത്തെ കാലത്ത് പിള്ളേരൊക്കെ അവനെ അത് പഴയ പേരാണെന്ന് പറഞ്ഞ് കളിയാക്കില്ലേ... അതു കൊണ്ടാണ് മിത്രൻ എന്ന് ഞാൻ ചുരുക്കിയത്... അതു പറഞ്ഞിട്ട് മുഖത്ത് നിറഞ്ഞ ചിരിയോടെ മുത്തശ്ശി അച്ഛനെ നോക്കി ചിരിക്കുന്നത് ഞാനിന്നും ഓർക്കുന്നു... അനുജന്റെ പേരിന്റെ ശരിയായ അർത്ഥം കുറച്ച് കഴിഞ്ഞപ്പോഴാണ് എനിക്ക് മനസ്സിലായത്... മുത്തശ്ശി ഒരു വലിയ ബുക്കെടുത്ത് എന്റെ കയ്യിൽ തരുന്നതു വരെ... അന്ന് താൻ അഞ്ചാം ക്ലാസ്സിൽ പഠിക്കുന്നു...

“ മോനേ രാഘവാ... ഇത് നീ വച്ചോ... ശരിക്ക് വായിച്ച് പഠിച്ചോ... ” മുറിയിൽഇരുന്ന് ബാലരമ വായിച്ചു കൊണ്ടിരുന്ന തന്റെയടുത്ത് മുത്തശ്ശി നീട്ടിയ ആ ബുക്ക് എടുത്ത് അതിന്റെ പുറം ചട്ടയിൽ എഴുതിയിരിക്കുന്നത് ഞാൻ നോക്കി... “ രാമായണം ചിത്രകഥ ”

“ മുത്തശ്ശിയേ... ഇതു ചിത്രകഥയാണോ?... ” വെളുക്കനെ ചിരിച്ചു കൊണ്ട് താനതു പറഞ്ഞപ്പോൾ മുത്തശ്ശിയിലും ആ ചിരിയുടെ പ്രതിഫലനം കണ്ടു... “ ആ കഥയെന്നും പറയാം... മോനിത് മുഴുവൻ വായിക്കണം കെട്ടോ... ” അതു പറഞ്ഞിട്ട് മുത്തശ്ശി പോയി...

ബാലരമ മാറ്റി വച്ചിട്ട് താൻ ആ ബുക്കെടുത്ത് വായിക്കാൻ തുടങ്ങി... ആദ്യമൊക്കെ ഒന്നും മനസ്സിലായില്ലെങ്കിലും വായിക്കാൻ നല്ല രസം തോന്നി... കുറേ ദേവൻമാർ... രാക്ഷസൻമാർ... കൊരങ്ങൻമാർ... അങ്ങിനെ അങ്ങിനെ കുറേ ആളുകൾ... അവരുടെ യുദ്ധം... ആരെയോ ഒക്കെ കട്ടുകൊണ്ടുപോകുന്നു... കാട്ടിൽ പോകുന്നു... അങ്ങിനെ എന്തൊക്കെയോ ആ കഥയിൽ ഉണ്ടായിരുന്നു... ചെറിയ ക്ലാസ്സിൽ പഠിക്കുന്ന സമയം... രാമായണം തനിക്ക് മനപ്പാഠമായിരുന്നു... വൈകിട്ടത്തെ സന്ധ്യാനാമം ചൊല്ലാൻ ഉപയോഗിച്ചിരുന്നതും രാമയണം ആയിരുന്നു... മുത്തശ്ശി ഓരോ വരിയുടേയും അർത്ഥം തനിക്ക് പറഞ്ഞു തരുമായിരുന്നു... ആ കഥ തനിക്ക് വളരെ ഇഷ്ടമായി... അതിലെപ്പോലെ താനും അനിയനും കൂടി യുദ്ധം ചെയ്തു കളിക്കുമായിരുന്നു...

കാലം പിന്നെയും കടന്നു പോയി...

അങ്ങിനെ താൻ പ്ലസ്-ടു വിന് പഠിക്കുന്ന സമയം... മുത്തശ്ശിയുടെ ആഗ്രഹ പ്രകാരം സ്കൂളിൽ അണ്ടർ സെവന്റീൻ വിഭാഗത്തിൽ അമ്പെയ്ത്ത് മൽസരത്തിന് താൻ ചേർന്നു... സ്കൂളിനെ തന്നെ അമ്പരപ്പിച്ച് യാതൊരു മുൻപരിചയമില്ലാതിരുന്ന താൻ ആ

മൽസരത്തിൽ ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി... ട്രോഫിയുമായി മുത്തശ്ശിയുടെ അടുത്ത് ഓടിയെത്തിയ തന്നെ മാറോടണച്ചു പിടിച്ച് മുത്തശ്ശി പറഞ്ഞത് ഇന്നും താൻ ഓർക്കുന്നു... ഇത് നിനക്ക് കിട്ടിയ വരദാനമാണു മോനേ... മുടങ്ങാതെ പ്രാക്ടീസ് ചെയ്യണം... അതു പ്രകാരം സമയം കിട്ടുമ്പോഴൊക്കെ മുത്തശ്ശിയുടെ വാക്കുകൾ അനുരിച്ച് താൻ കയ്യിൽ കിട്ടുന്ന കമ്പും കോലും വള്ളിയുമൊക്കെ ഉപയോഗിച്ച് പ്രാക്ടീസ് നടത്താറുണ്ടായിരുന്നു... അത് തനിക്ക് വളരെ ഇഷ്ടപ്പെട്ട ഒരു സംഗതിയുമായിരുന്നു...

ഒരിക്കൽ ശീമക്കൊന്നയുടെ കമ്പു വച്ച് വില്ലും ഈർക്കിൽ വച്ച് അമ്പും ഉണ്ടാക്കി യുദ്ധം ചെയ്തു കളിച്ചപ്പോൾ താൻ വിട്ട ഒരമ്പ് അനിയന്റെ കാലിൽ കുത്തിക്കൊണ്ടു... ചെറുതായി ചോര പൊടിഞ്ഞു... ഇതു കണ്ടുകൊണ്ടു വന്ന അച്ഛന്റെ കയ്യിൽ നിന്ന് തനിക്ക് അന്ന് പൊതിരെ തല്ല് കിട്ടി...

“ നീയെന്തിനാണെടാ അമ്പും വില്ലും കൊണ്ട് കളിച്ചത്?... കുട്ടികൾക്ക് കളിക്കാൻ വേറെ എന്തൊക്കെയുണ്ട്... ” അരിശം മൂത്ത് അച്ഛൻ തന്നോട് ചൂടായി...

“ ഞങ്ങൾ രാമായണം കളിച്ചതാ... ” കരഞ്ഞു കൊണ്ട് താൻ അതു പറഞ്ഞപ്പോൾ അച്ഛന്റെ ദേഷ്യം പിന്നെ മുത്തശ്ശിയോടായി...

“ ഈ അമ്മയാണ് കുട്ടികൾക്ക് വേണ്ടാത്ത കാര്യങ്ങളൊക്കെ പറഞ്ഞു കൊടുക്കുന്നത്... ” മുത്തശ്ശിയെ ഒന്ന് ദേഷ്യത്തോടെ നോക്കിക്കൊണ്ട് അച്ഛൻ അകത്തേക്ക് പോയി... വിഷമത്തോടെ കിടക്കാൻ പോയ മുത്തശ്ശിയുടെ അടുത്തേക്ക് താൻ ചെന്നു... കട്ടിലിൽ കിടക്കുന്ന മുത്തശ്ശിയുടെ അരികിൽ പുറത്ത് തട്ടി താൻ സമാധാനിപ്പിക്കാൻ ശ്രമിച്ചു...

“ സാരമില്ല മുത്തശ്ശ്യേ... അച്ഛൻ ചുമ്മാ പറഞ്ഞതാന്നേ... ” അതു കേട്ട് മുത്തശ്ശി തന്നെ നോക്കി പുഞ്ചിരിച്ചു...

“ മോനേ രാഘവാ... രാമായണം... അത് നിന്റച്ഛൻ പറയുന്നതു പോലെ ചുമ്മാതൊരു കഥയല്ലെടാ... ” വിഷമത്തോടെയാണെങ്കിലും മുത്തശ്ശിയുടെ ശബ്ദം ഉറച്ചതായിരുന്നു...

“ കഥയല്ലന്നോ?... പിന്നെ?... ” സാമാധാനിപ്പിക്കാൻ ശ്രമിക്കുന്നതിനിടയിലും താൻ സംശയത്തോടെ ചോദിച്ചു...

“ അത് നടന്ന സംഭവമാണ്... ” കലങ്ങിയ കണ്ണുകളോടെ മുത്തശ്ശി പറഞ്ഞു...

“ നടന്ന സംഭവമോ... മുത്തശ്ശി എന്താ പറയുന്നേ... അപ്പൊ ഇത് കഥയല്ലേ... “ ഞാൻ മുത്തശ്ശി പറയുന്നതെന്താണെന്ന് മനസ്സിലാക്കാതെ ഇരുന്നു...

“എന്റെ ചെറുപ്പകാലത്ത് ഞാൻ കേട്ടറിഞ്ഞതാണ് ഇതൊക്കെ... ആ ചിത്രകഥയിൽ പറയുന്ന രാമന്റെ രാജ്യമായ അയോദ്ധ്യ... അതിപ്പോഴും അവിടെയുണ്ട്... അവർ വനവാസകാലത്ത് താമസിച്ചിരുന്ന ദണ്ഡകാരണ്യം... രാമേശ്വരത്തുള്ള രാമസേതു... അങ്ങിനെ എത്രയോ എത്രയോ തെളിവുകൾ...” മുത്തശ്ശി തന്റെ പ്രായത്തെ മറന്ന് വർദ്ധിച്ച ആവേശത്തോടെ പറഞ്ഞു...

“ അതിനിപ്പോ എന്താ മുത്തശ്ശീ... “ മുത്തശ്ശി പറയുന്നതൊക്കെ ഒന്ന് മനസ്സിലിട്ട് ചിന്തിച്ച് ഞാൻ പറഞ്ഞു...

“ അതിനിപ്പോൾ കാര്യമുണ്ട് കുട്ടാ... നീ വേറാരോടും പറയില്ലെങ്കിൽ മുത്തശ്ശി നിന്നോടൊരു രഹസ്യം പറയാം... “ കണ്ണുകൾ ചിമ്മിച്ചു കൊണ്ട് മുത്തശ്ശി അതു പറഞ്ഞപ്പോൾ അടക്കാനാവാത്ത ആകാംക്ഷയോടെ താൻ മുത്തശ്ശിയുടെ മുഖത്തേക്ക് മുഖം അടുപ്പിച്ച് ചോദിച്ചു...

“ ഞാനാരോടും പറയില്ല മുത്തശ്ശീ... പറഞ്ഞോ... “ തന്റെ മുഖത്തെ ആകാംക്ഷ കണ്ട് മുത്തശ്ശി ഒരു ദീർഘ നിശ്വാസമെടുത്തു...

“ പണ്ട് നമ്മൾ താമസിച്ചിരുന്നത് കൊല്ലം ജില്ലയിലെ ചടയമംഗലത്താണ്... അതു

മോനറിയില്ലേ... “ ഒരു രഹസ്യം പറയുന്ന പോലെ അവർ തന്നോടായി ചോദിച്ചു...

“ അത് മുത്തശ്ശി പറഞ്ഞിട്ടുണ്ടല്ലോ... ജടായുപ്പാറ സ്ഥിതി ചെയ്യുന്ന സ്ഥലം അല്ലേ... “ തനിക്കറിയാവുന്നതാണ്... മുത്തശ്ശി തന്നെ എത്ര പ്രാവശ്യം പറഞ്ഞിരിക്കുന്നു ആ സ്ഥലത്തെ പറ്റി...

“ അതേ... അവിടെ ആയിരുന്നപ്പോൾ ഞാൻ ഇടയ്ക്കൊക്കെ ആ പാറയുടെ മുകളിൽ പോകുമായിരുന്നു... അവിടെ രാമന്റെ കാലടി പതിഞ്ഞ പാടുകൾ ഉണ്ട്... അതു കാണാൻ... “ മുത്തശ്ശി നിർത്തി നിർത്തി പറഞ്ഞു...

“ ഇതും മുത്തശ്ശി എന്നോട് മുൻപ് പറഞ്ഞിട്ടുണ്ട്... ഇതാണോ രഹസ്യം... “ അതൊക്കെ തനിക്കറിയാമെന്ന മട്ടിൽ താൻ അതിനെ നിസാരവൽക്കരിച്ചു പറഞ്ഞു...

“ ഇടയ്ക്ക് കേറി പറയാതെ മുഴുവൻ കേൾക്കെടാ മോനേ... “ മുത്തശ്ശിക്ക് ചെറുതായി ദേഷ്യം വന്നു...

“ ശരി... ഇനി ഞാൻ ഇടയ്ക്ക് കേറില്ല... പറ...“ ഒരു ചമ്മിയ മുഖത്തോടെ താൻ മുത്തശ്ശി പറയുന്നത് കേൾക്കാനായി ചെവി കൂർപ്പിച്ചിരുന്നു...

“ അങ്ങിനെ ഒരു ദിവസം ആ ജടായുപാറയുടെ മുകളിൽ പോയപ്പോൾ അവിടെ ഒരു സന്യാസി ഇരിക്കുന്നത് കണ്ടു... അദ്ദഹത്തിനെ കണ്ടപ്പോൾ അടുത്ത് ചെന്ന് വണങ്ങിയപ്പോൾ അദ്ദേഹം ഹിമാലയസാനുക്കളിൽ നിന്ന് വന്നതാണെന്നറിഞ്ഞു... ആ സ്ഥലത്തിന്റെ പ്രത്യേകതകളും... രാമന്റേയും ജടായുവിന്റേയും രാവണന്റേയും കാര്യങ്ങളൊക്കെ വിശദമായി തന്നെ അദ്ദേഹം എനിക്ക് പറഞ്ഞു തന്നു... അതു കൂടാതെ ഞെട്ടിപ്പിക്കുന്ന ഒരു രഹസ്യവും... “ മുത്തശ്ശി ഒന്ന് നിർത്തി...

“ അതെന്താണെന്ന് ഒന്ന് പറ മുത്തശ്ശി... “ ആകാംക്ഷ തെല്ലും അടക്കാനാവാതെ എനിക്ക് ചോദിക്കേണ്ടി വന്നു...

“ രാമൻ രാവണനെ നിഗ്രഹിച്ചുവെങ്കിലും രാവണന്റെ പക അടങ്ങിയിട്ടില്ല... ലോകവസാനം കൽക്കി അവതരിക്കുമ്പോൾ അതേ സമയം രാവണൻ പുനർജനിക്കും... അതിനായി ശിവഭഗവാനിൽ നിന്ന് വരമായി നേടിയ രാവണന്റെ ചന്ദ്രഹാസം ലങ്കയിലെ രാവണഗുഹയിൽ ഇപ്പോഴും സൂക്ഷിച്ചിരിക്കുകയാണ്... രാവണന്റെ പിൻതലമുറക്കാർ അതിനായി കാത്തിരിക്കുകയാണ്... 3500 വർഷങ്ങൾക്കു ശേഷമാണ് അതു സംഭവിക്കുക... “ മുത്തശ്ശിയുടെ മുഖത്ത് ഭീതിയുടെ നിഴലാട്ടങ്ങൾ താൻ കണ്ടു...

“ അതൊക്കെ ചുമ്മാ പറയുന്നതല്ലേ മുത്തശ്ശീ... “ താൻ മുത്തശ്ശിയെ സമാധാനിപ്പിക്കാൻ ശ്രമിച്ചു...

“ അല്ല മോനേ... അന്ന് ആ സന്യാസി വന്നത് എന്നെ തേടി എത്തിയതായിരുന്നു... കൽക്കിയിലൂടെ രാമന്റെ അവതാരം പുനർജനിക്കുന്നതിനെ പറ്റി എഴുതിയിരിക്കുന്ന ഒരു താളിയോലെ എന്നെ ഏൽപ്പിച്ചിട്ട് അദ്ദേഹം കാട്ടിലേക്ക് പോയിമറഞ്ഞു... “ അതു പറഞ്ഞ് കഴിയുമ്പോൾ മുത്തശ്ശിയുടെ കണ്ണുകളിൽ നീർ പൊടിഞ്ഞത് താൻ കണ്ടു...

“ മുത്തശ്ശി എന്താ പറഞ്ഞു വരുന്നത്... “ തന്റെയുള്ളിൽ ഉള്ളിൽ ഒരു ഭീതി തോന്നുന്നതു പോലെ രാഘവിന്...

“ ആ താളിയോല നമ്മുടെ നിലവറയിലുണ്ട്... അതു നീ വായിക്കണം മോനേ... രാഘവാ... നിന്റെ www.kambikuttan.net നിയോഗമാണ് പുനർജനിക്കാനുള്ള ആ രാവണനെ തടയുകാ എന്നത്... ചന്ദ്രഹാസം നശിപ്പിക്കുക എന്നത്... “ തന്റെ മുഖത്തേക്ക് ആരാധനയോടെയുള്ള മുത്തശ്ശിയുടെ പറച്ചിൽ കേട്ട് രാഘവിന്റെ കണ്ണുകൾ വിടർന്നു...

“ മുത്തശ്ശി പറയുന്നതെല്ലാം എനിക്ക് വിശ്വസിക്കാൻ പറ്റുന്നില്ല... “ എന്നിൽ ഉളവായ അമ്പരപ്പ് കുറച്ചൊന്നുമായിരുന്നില്ല...

“ രാമന്റെ കാൽപ്പാടുകൾ പതിഞ്ഞ ഇടങ്ങളിലെല്ലാം കഴിയുന്നതും നീ പോകണം...

ലങ്കയിൽ പോയി ചന്ദ്രഹാസം നശിപ്പിക്കണം... ഈശ്വരാ... " ഇത്രയും പറഞ്ഞ് മുത്തശ്ശി കണ്ണുകൾ അടച്ചു... മുത്തശ്ശിയുടെ കണ്ണുകളിൽ നിന്ന് രണ്ടു തുള്ളി കണ്ണീർ താഴേക്കിറ്റു വീണു...

" മുത്തശ്ശീ... മുത്തശ്ശീ... " രാഘവ് മുത്തശ്ശിയെ കുലുക്കി വിളിച്ചു... മുത്തശ്ശി വിളി കേട്ടില്ല... തന്റെ നിയോഗം കഴിഞ്ഞതും ആ പുണ്യദേഹത്തിൽ നിന്ന് ആത്മാവ് വിട്ടകന്നു...

കത്തുന്ന ചിതയ്ക്കരികിൽ നിന്ന് എല്ലാവരും പോയി... കത്തിത്തീരാറായ മുത്തശ്ശിയുടെ ചിത കത്തുന്നത് നോക്കിനിന്ന രാഘവിന്റെ കാതുകളിൽ അവരുടെ വാക്കുകൾ വന്ന് അലയടിച്ചു കൊണ്ടിരുന്നു... നീ ലങ്കയിൽ പോകണം... ചന്ദ്രഹാസം നശിപ്പിക്കണം... അവന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർത്തുള്ളികൾ അടർന്നു വീണുകൊണ്ടിരുന്നു... രാമായണം... രാവണൻ... ലങ്ക... ചന്ദ്രഹാസം... ഇതൊക്കെ ഐതീഹ്യമല്ലേ... മുത്തശ്ശി പറഞ്ഞതൊക്കെ ശരിയാകുന്നതെങ്ങിനെ?... 3500 വർഷങ്ങൾക്ക് ശേഷം ഒരാൾ പുനർജ്ജനിക്കുമെന്നോ?... അതിന് ഇത്തിരിപ്പോന്ന താൻ എന്തുചെയ്യാൻ?... അങ്ങിനെയൊരു വാൾ ഉണ്ടെങ്കിൽ തന്നെ ഇത്രയും നാൾ കേടുകൂടാതെ ഇരിക്കുന്നതെങ്ങിനെ?... ഒരായിരം ചോദ്യങ്ങൾ അവന്റെ മനസ്സിൽ ഊരിത്തിരിഞ്ഞു... എന്തായാലും മുത്തശ്ശി പറഞ്ഞതു പോലെ നിലവറയിൽ പോയി നോക്കുക തന്നെ... സത്യമറിയണമല്ലോ... അവൻ കത്തിത്തീർന്ന ചിതയ്ക്കരികിൽ നിന്നും ഉറച്ച കാലടികളോടെ വീട്ടിലേക്ക് തിരിഞ്ഞു നടന്നു... നിലവറയിലേക്ക്... മുത്തശ്ശിയുടെ മനസ്സിൽ ഒളിപ്പിച്ചു വച്ചിരിക്കുന്ന രഹസ്യം തേടി...

അന്ന് വൈകിട്ട് തന്നെ അമ്മയുടെ കയ്യിൽ നിന്ന് നിലവറയുടെ താക്കോൽ മേടിച്ച് പഴയ ബുക്കുകളിൽ ചിലത് എടുക്കാനെന്ന പേരിൽ രാഘവ് നിലവറയ്ക്കുള്ളിൽ കയറി... വീടിനകത്തളത്തിലെ ചായ്പ്പിൽ നെല്ലിടിക്കുന്ന ഉരൽ വച്ചിരുന്ന സ്ഥലമയിരുന്നു നിലവറയിലേക്കുള്ള വഴിയുടെ മുഖം... ഉരൽ തള്ളിനീക്കിയപ്പോൾ ചതുരത്തിലുള്ള ഒരു വാതിൽ കണ്ടു... സൂക്ഷിച്ച് നോക്കിയാൽ മാത്രമേ അതൊരു വാതിൽ ആണെന്ന് മനസ്സിലാകൂ... പഴയ വീടാണിത്... ഹൂം...

അവൻ താക്കോൽ കൊണ്ട് നിലവറ തുറന്ന് അകത്തു കയറി... മുത്തശ്ശി പറഞ്ഞ താളിയോല കണ്ടുപിടിക്കാൻ വല്യ ബുദ്ധിമുട്ട് അവന് അനുഭവപ്പെട്ടില്ല... മുത്തശ്ശിയുടെ ഒരു ട്രങ്ക് പെട്ടിയിൽ പട്ടുകൊണ്ട് പൊതിഞ്ഞ ഒരു ഓല... അതിന്റെ പട്ടഴിച്ച് അതിൽ രേഖപ്പെടുത്തിയിരിക്കുന്ന സംസ്കൃത ലിപികൾ അവൻ വായിച്ചു... ഇത് പഴയ സംസ്കൃതമാണ്... അതിൽ എഴുതിയിരിക്കുന്നതിന്റെ പൊരുൾ വായിച്ചെടുക്കാൻ അവൻ കുറച്ചു പ്രയാസപ്പെട്ടു...

വായിച്ചു കഴിഞ്ഞപ്പോൾ മുത്തശ്ശി പറയുന്നതു തന്നെയാണ് അതിലുള്ളതെന്ന് മനസ്സിലായി... അവൻ അതിൽ പറഞ്ഞിരിക്കുന്നത് തന്റെ കയ്യിലുള്ള പേപ്പറിലേക്ക് പകർത്തിയെഴുതി... " ലങ്കാരാജ്യത്തെ രാവണഗുഹയിൽ രാവണന്റെ തലമുറക്കാരാൽ കല്ലിൽ തീർത്ത ഒരു പേടകം... അതിൽ ചന്ദ്രഹാസം കേടുകൂടാതെ സൂക്ഷിച്ചിരിക്കുന്നു... രാവണന്റെ പുനർജന്മത്തിലേക്ക് തുറക്കുന്ന താക്കോൽ അതാണ്... അതു കണ്ടെത്തുക... നശിപ്പിക്കുക... അല്ലെങ്കിൽ ഭൂമിക്ക് ആപത്ത്... " അവസാന വാചകം വായിക്കുമ്പോൾ അവന്റെ കൈകൾ വിറച്ചിരുന്നു...

അടുത്ത ദിവസം മുത്തശ്ശിയുടെ കുഴിമാടത്തിന് അരികിൽ നിന്ന് രാഘവ് സത്യം ചെയ്തു... ചെയ്യും... മുത്തശ്ശി തന്നോട് പറഞ്ഞത് എന്താണോ അതു താൻ ചെയ്യും... എന്റെ യാത്ര... രാഘവന്റെ അയനം... രാഘവായനം ഇവിടെ തുടങ്ങുന്നു...

മുത്തശ്ശിയുടെ വിയോഗത്തിനു ശേഷം രാഘവ് ഒന്നു തളർന്നു പോയി... എങ്കിലും കുറച്ചു ദിവസങ്ങൾ കൊണ്ട് മുത്തശ്ശിയുടെ ആഗ്രഹ പൂർത്തീകരണത്തിനായി അവൻ തയ്യാറെടുത്തു... അതിനു വേണ്ടി അവൻ ആദ്യം ചെയ്തത് നിലവറയിൽ നിന്ന് കിട്ടിയ താളിയോലയെപറ്റി ആഴത്തിൽ പഠിക്കുക എന്നതായിരുന്നു...

അവനപ്പോൾ 17 വയസേ ആയിരുന്നുള്ളൂ... പക്ഷേ അവന്റെ ചിന്തകൾക്ക് പക്വത കൈവരിച്ചിരുന്നു... കാലടി ശങ്കരാചാര്യ ഇൻസ്റ്റിറ്റൂട്ടിലെ ഹിസ്റ്ററി മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന ഋഗ്വോദങ്ങൾ... അതിൽ നിന്നും തനിക്ക് ലഭിച്ചിരിക്കുന്ന താളിയോലയുടെ കൂടുതൽ രഹസ്യങ്ങളുടെ ചുരുളുകൾ അഴിക്കാൻ കഴിയും എന്ന് അവൻ വിശ്വസിച്ചു... അതിനു വേണ്ടിയാണ് പ്ലസ് -ടു ജയിച്ചതിനു ശേഷം കാലടി ശ്രീശങ്കര കോളേജ് തന്നെ അവൻ തിരഞ്ഞെടുത്തത്...

ശ്രീ ശങ്കര കോളേജിൽ ഹിസ്റ്ററി വിഭാഗത്തിൽ അവന് ആദ്യം കിട്ടിയ കൂട്ടുകാരൻ ഗോകുൽ ആയിരുന്നു... അവനിലൂടെ ഭാവിയിൽ ശ്രീലങ്കയിലേക്ക് പോകുവാനുള്ള പാസ്പോർട്ട് കിട്ടുന്നതിനു വേണ്ടിയുള്ള പണികൾ അവൻ തുടങ്ങി... സമയത്തിന് ലങ്കയിൽ എത്തിയില്ല എങ്കിൽ താനീ ചെയ്യുന്ന പ്രവൃത്തികൾക്ക് ഫലമില്ലാതെ വരും...

ഫസ്റ്റ് ഇയറിന്റെ തുടക്കത്തിൽ തന്നെ അവിടെ പഠിക്കുന്ന ഹിസ്റ്ററി സ്റ്റുഡന്റ്സിനു മാത്രം സന്ദർശിക്കുവാൻ കഴിയുന്ന ആദി ശങ്കരന്റെ സംസ്കൃത ഗ്രന്ഥശാലയിൽ കയറിപ്പറ്റി തന്റെ അന്വേഷണത്തിന് സഹായിക്കുന്ന താളിയോലകൾ ഒരു അസൈൻമെൻറിന് എന്ന വ്യാജേന അവൻ കരസ്ഥമാക്കി... ബ്രിട്ടീഷുകാർ ഭാരതത്തിൽ നിന്നു കടത്തി ഇപ്പോൾ ഇംഗ്ലണ്ടിലെ കേംബ്രിഡ്ജ് സർവ്വകലാശാലയിൽ അനേകം പെട്ടികളിലായി സൂക്ഷിച്ചിരിക്കുന്ന ഋഗ്വേദങ്ങളുടെ അവസാനത്തെ താളിയോലകൾ... രാഘവ് അതറിഞ്ഞത് ഇന്റർനെറ്റിന്റെ സഹായത്തോടെയാണ്... ഇന്റർനെറ്റ് ലോകത്തെ രഹസ്യങ്ങൾ ചികയുവാൻ അവന് എന്നും വലിയ താൽപര്യമായിരുന്നു...

ശ്രീ ശങ്കരാ കോളേജിൽ ചേർന്ന് ആദ്യത്തെ മാസം പിന്നിട്ടപ്പോൾ അവിടെയുള്ള മ്യൂസിയത്തിലെ ഓലകളിൽ സൂക്ഷിച്ചിരുന്ന അറിവുകൾ എല്ലാം അവൻ തന്റെ ഡയറിയിലേക്ക് പകർത്തി...

ആ താളിയോലകൾ വച്ച് അവൻ മുത്തശ്ശിയിൽ നിന്നും ലഭിച്ച ഓലയിലെ വിവരങ്ങൾ വിശദമായി കുറിച്ചെടുത്തു... അതിൽ പറയുന്ന കാര്യങ്ങൾ ഞെട്ടിക്കുന്നതായിരുന്നു... അതിൽ പറയും പ്രകാരം രാവണന്റെ മരണശേഷം ഇപ്പോൾ 3499 വർഷങ്ങൾ പിന്നിട്ടു... ഇനി വരുന്ന വർഷം രാവണ നിഗ്രഹം നടന്ന നാളിന്റെ അന്ന്... ചന്ദ്രഹാസത്തിന്റെ സഹായത്തോടെ രാവണ ഉയിർപ്പിനായി ഒരു പ്രത്യേക പൂജ ചെയ്യുന്ന പക്ഷം രാവണൻ ഉയിർത്തെഴുന്നേൽക്കും... അതിനു മുൻപ് താനത് തടയണം... ഇപ്പോൾ തനിക്ക് ആറുകമ്പികുട്ടന്.നെറ്റ് മാസത്തെ സമയം ഉണ്ട്... അതിനുള്ളിൽ മുത്തശ്ശി പറഞ്ഞതു പോലെ കഴിയാവുന്നിടത്തോളം രാമ സാന്നിദ്ധ്യമുള്ള സ്ഥലങ്ങളിൽ സന്ദർശിക്കണം... രാഘവിന്റെ മനസ്സ് കലുഷിതമായി...

രാവണന്റെ മരണത്തോടെ ചന്ദ്രഹാസം തിരിച്ച് ശിവ സന്നിദ്ധിയിൽ എത്തിയതായാണ് കേട്ടുകേൾവി... താളിയോലയിൽ പറയും പ്രകാരം അപ്രകാരം തന്നെയാണ് സംഭവിച്ചിരിക്കുന്നത്... പക്ഷേ രാവണൻ തന്റെ ക്ഷുദ്ര ശക്തികളാൽ ചന്ദ്രഹാസത്തിന്റെ ശക്തി അതേ രൂപത്തിലും ഭാവത്തിലുമുള്ള വേറെയൊരു ആയുധം നിർമ്മിച്ച് ചന്ദ്രഹാസത്തിൻ മേലുള്ള ശക്തി ആ ആയുധത്തിലേക്ക് ആവാഹിച്ചു... കൂടുവിട്ട് കൂടുമാറ്റം ചെയ്യുന്ന വിദ്യ... അതുപയോഗിച്ച് കൈമാറ്റം ചെയ്തിരുന്നു... കൃത്യമായി പറഞ്ഞാൽ രാവണന്റെ മരണം

അയാൾ നേരത്തെ അറിഞ്ഞിരുന്നു... വീണ്ടും പുനർജനിക്കാനുള്ള വിദ്യയാണ് ഈ പരകായ പ്രവേശ വിദ്യയിലൂടെ രാവണൻ ലക്ഷ്യം വച്ചിരുന്നത് എന്ന് മനസ്സിലാക്കാം...

രാഘവ് വിസ്മയിച്ചു പോയി... ഇതെല്ലാം ആരാണ് ഈ താളിയോലയിൽ രേഖപ്പെടുത്തിയിരിക്കുന്നത്?... അല്ലെങ്കിൽ ഈ അറിവെല്ലാം ആർക്ക്? ആരു വഴി ലഭിച്ചു?... വീണ്ടും വിശദമായി താളിയോല പരിശോധിച്ചപ്പോൾ ഒരു സിംഹത്തിന്റെ ചിത്രം അവിടെ ഇവിടെയായി കൊടുത്തിരിക്കുന്നത് കണ്ടു...

ആ സിംഹത്തിന്റെ അടയാളം ലങ്കയെ ആണ് കുറിക്കുന്നത്... ലങ്കയിലെ രാവണന്റെ കൊട്ടാരത്തിന്റെ കവാടം ഒരു സിംഹത്തിന്റെ വായ തുറന്നിരിക്കുന്ന രൂപത്തിൽ ആണെന്നു കേട്ടിട്ടുണ്ട്... ഓ മൈ ഗോഡ്... ഇപ്പോഴത്തെ ശ്രീലങ്കയുടെ പതാകയിൽ ഉള്ളത് ഒരു സിംഹത്തിന്റെ ചിത്രമാണല്ലോ... രാഘവ് ഉടനേ ലാപ് ടോപ്പിൽ ഗൂഗിൾ സെർച്ചിൽ ശ്രീലങ്കയുടെ പതാകയെടുത്ത് നോക്കി... ഓലയിലെ സിംഹത്തിന്റെ ചിഹ്നവും ഇപ്പോഴത്തെ പതാകയിലെ ചിത്രവും തമ്മിൽ താരതമ്യം നടത്തി... രണ്ടും ഒരച്ചിൽ വാർത്തത് പോലെ... ഒരു നിമിഷം ഐതിഹ്യം എത്? ചരിത്രം ഏത്? എന്ന് തിരിച്ചറിയാനാവാതെ രാഘവ് നിശ്ചലനായി ഇരുന്നു... രാവണന്റെ സാമ്രാജ്യത്തിന്റെ ചിഹ്നമാണ് ശ്രീലങ്കക്കാർ ഇപ്പോഴും പിന്തുടരുന്നത്... ഒടുവിൽ അവനത് തിരിച്ചറിഞ്ഞു... ഐതിഹ്യം എന്നാൽ കെട്ടുകഥയല്ല... വർത്തമാന കാലത്തിന്റെ ചരിത്രമാണ് പിന്നീട് ഐതിഹ്യം എന്ന് അറിയപ്പെടുന്നത്...

കൂടാതെ ഈ അറിവ് പകർന്നു തന്ന ആളുടെ വിവരവും അതിൽ നിന്ന് അവൻ കണ്ടുപിടിച്ചു... കയ്യിലിരിക്കുന്ന ഭൂതക്കണ്ണാടിയുടെ സഹായത്തോടെ രാഘവ് ആ പേര് വായിച്ചു... "വിഭീഷണ..." ഒന്നുരണ്ടു വട്ടം തന്റെ നാവിൽ അവൻ ആ പേര് ഉരുവിട്ടു... അതെ... രാവണന്റെ സഹോദരന്റെ പേരാണത്... സീതയെ രാമന് തിരികെ കൊടുക്കുവാൻ രാവണനോട് അപേക്ഷിച്ച രാവണന്റെ ബന്ധുവായ ശത്രു... രാവണ നിഗ്രഹത്തിന് ശേഷം രാമൻ ലങ്കയുടെ അധിപനായി വാഴിച്ചത് വിഭീഷണനെ ആയിരുന്നു...

അപ്പോൾ പിന്നീട് ലങ്കാധിപനായ വിഭീഷണൻ താൻ മനസ്സിലാക്കിയ ചന്ദ്രഹാസത്തിന്റെ ആ രഹസ്യം ആർക്കോ നൽകി... അത് കറങ്ങിത്തിരിഞ്ഞ് തന്റെ കയ്യിലെത്തി... അതെങ്ങിനെ ശ്രീലങ്കയിൽ നിന്ന് കടൽ കടന്ന് ഇവിടെയെത്തി?... വിഭീഷണ രാജാവിന് അത് അന്നേ നശിപ്പിച്ചു കൂടായിരുന്നോ?... ഒരു പക്ഷേ അദ്ദേഹത്തിന് അന്ന് അതിന് കഴിയാത്തതിനാൽ ആയിരിക്കുമോ ഇങ്ങിനെയൊരു താളിയോലയിൽ വിവരം കൈമാറിയത്?... ആ കർമ്മം വേറെയാരാൽ കഴിയും എന്നാണ് അദ്ദേഹം കരുതിയിരുന്നത്?... ചിന്തകൾ കാടു കയറിയപ്പോൾ രാഘവിന്റെ തല പെരുത്തു... എല്ലാം ബാഗിലാക്കിയിട്ട് അവൻ കിടന്നു...

തലയ്ക്കുള്ളിൽ നവഗ്രഹങ്ങൾ ഭ്രമണം ചെയ്യുന്നതു പോലെ തോന്നി അവന്... അതിൽ കറങ്ങിക്കൊണ്ടിരുന്ന ഗ്രഹങ്ങൾ ഓരോന്നായി മറയുന്നതും, അവസാനം ഒരു ഗ്രഹം മാത്രം അവശേഷിക്കുന്നതും അതിനെ ചുറ്റിക്കറങ്ങുന്ന ഒരു ഉപഗ്രഹവും അവൻ കണ്ടു... അത് തന്റെ അടുത്തേക്ക് നീങ്ങി വരുന്നതായി അവനു തോന്നി... അടുത്ത് വരുന്തോറും അതിന്റെ വട്ടം ഒരു ഭാഗത്ത് നിന്ന് കുറഞ്ഞ് കുറഞ്ഞ് തന്റെയടുത്തെത്തിയപ്പോൾ ഒരു ചിരിക്കുന്ന സ്മൈലി പോലെ തോന്നി അവന്... ചന്ദ്രഹാസം... അതിൽ പിടിക്കാനായി കൈ നീട്ടിയതും ഒരു ഭയങ്കര ശബ്ദത്തോടെ അത് പൊട്ടിത്തെറിച്ചു...

" സീതേ... " ഉറക്കെ ഉച്ചയെടുത്തു കൊണ്ട് രാഘവ് ഞെട്ടിയുണർന്നു...

അവന്റെ മുഖം വെട്ടി വിയർത്തിരുന്നു... അവൻ അടുത്തിരുന്ന കൂജയിൽ നിന്ന് തണുത്ത വെള്ളമെടുത്ത് തന്റെ അണപ്പ് മാറ്റി... വാച്ചിൽ സമയം നോക്കിയപ്പോൾ സമയം 12.30...

ഉറക്കത്തിൽ നിന്ന് ഞെട്ടിയെഴുന്നേറ്റപ്പോൾ താൻ എന്തോ വിളിച്ചു പറഞ്ഞതായി അവന് തോന്നി... പക്ഷേ എത്ര ശ്രമിച്ചിട്ടും അതെന്താണെന്ന് അവന് ഓർത്തെടുക്കാൻ പറ്റിയില്ല...

രാഘവ് മൊബൈലെടുത്ത് ജാനകിയുടെ നമ്പർ ഡയൽ ചെയ്തു...

" ഹായ് രാഘവ്... ഇതെന്താ ഈ സമയത്ത്?... " മറുതലയ്ക്കൽ ഉറക്കച്ചടവോടെയുള്ള ജാനകിയുടെ ശബ്ദം രാഘവ് കേട്ടു...

" ഏയ് ചുമ്മാ നിന്റെ ശബ്ദം കേൾക്കണമെന്ന് തോന്നി എനിക്ക്... " രാഘവിന്റെ പ്രേമമൂർന്ന സ്വരം കേട്ടപ്പോൾ ജാനകിയുടെ ഉറക്കം എവിടെയോ പോയി...

" പിന്നെ പിന്നെ ചുമ്മാ എന്നെ സുഖിപ്പിക്കാൻ ഒന്നും പറയണ്ടാട്ടോ..." അവനെ വെറുതെ ദേഷ്യം പിടിപ്പിക്കാൻ അവൾ പറഞ്ഞു...

" നോ നോ... ഐ റിയലി ലവ് യൂ മൈ ഡിയർ ജാനു... " രാഘവിന്റെ ഹൃദയത്തിൽ നിന്നുതിർന്ന ആ വാക്കുകൾ അവളുടെ മനസ്സിൽ മകരമഞ്ഞ് പെയ്യിച്ചു...

" ഐ ടൂ ഡിയർ... പിന്നേ എനിക്കൊന്ന്... " ജാനകി അവനെയൊന്ന് കാണണമെന്ന് പറയാൻ തുടങ്ങവേ കോൾ കട്ടായി... അവൾ ഫോൺ കിടക്കയിലിട്ട് നിരാശയോടെ പുതപ്പ് തലവഴി മൂടി...

ജാനകിയുമായി സംസാരിച്ചു കഴിഞ്ഞപ്പോൾ മനസ്സിനൊരു ആശ്വാസം തോന്നിയവന്... അവൾ പറയാൻ തുടങ്ങിയ കാര്യം കമ്പിക്കുട്ടൻ.നെറ്റ് എന്താണെന്ന് അവന് അറിയാമായിരുന്നു... തന്റെ ലക്ഷ്യം നിറവേറ്റാതെ ഇനി അവളെ കാണരുതെന്ന് അവൻ തീരുമാനിച്ചതാണ്... പതിയെ പതിയെ ഉറക്കം അവനെ തേടിയെത്തി...

മുത്തശ്ശി പറഞ്ഞതു പോലെ സന്ദർശിക്കേണ്ട സ്ഥലങ്ങൾ ഏതൊക്കെയെന്ന് അവൻ ഒരു ലിസ്റ്റുണ്ടാക്കി... കൂടുതൽ വിവരങ്ങൾ അറിയാൻ അവൻ ചെയ്തത് അവന്റെ സന്തത സഹചാരിയായ ഗൂഗിളിനെ ആശ്രയിക്കുക എന്നതായിരുന്നു... അതിൽ സെർച്ച് ചെയ്തപ്പോൾ അവന് കാര്യങ്ങൾ കുറേക്കൂടി വ്യക്തമായി...

ഒരു രാത്രിയുടെ ഏഴാം യാമത്തിൽ താൻ സന്ദർശിക്കേണ്ട സ്ഥലങ്ങളുടെ ഒരു ലിസ്റ്റ് അവൻ തയ്യാറാക്കി...

1) ജനക്പൂർ - സീതയുടെ ജന്മ സ്ഥലം – നേരത്തേ ബീഹാറിൽ അയിരുന്ന ഈ സ്ഥലം ഇപ്പോൾ നേപ്പാളിലെ കാഠ്മണ്ഡുവിലാണ്

2) അയോദ്ധ്യ - രാമന്റെ ജന്മസ്ഥലം - ഉത്തർപ്രദേശിലെ ആ സ്ഥലനാമത്തിന് ഇപ്പോഴും മാറ്റമൊന്നുമില്ല

3) ദണ്ഡകാരണ്യം - രാമ സീതാ ലക്ഷ്മണൻമാർ കാനനവാസം നടത്തിയ സ്ഥലം - ആന്ധ്യാപ്രദേശ്, ഒറീസ, ചണ്ഢീഗണ്ഡ് എന്നീ മൂന്ന് സംസ്ഥാനങ്ങൾ കൂടിച്ചേരുന്ന ആ കാനന പ്രദേശത്താണ് ഇപ്പോൾ മാവോയിസ്റ്റുകൾ പ്രാധാനമായും ഉള്ളത്...

4) രാമക്കൽമേട് - ഇടുക്കി ജില്ല

5) ശബരീപീഠം – ശബരിമല - പത്തനംതിട്ടജില്ല

6) ജടായുപ്പാറ - ചടയമംഗലം- കൊല്ലം ജില്ല

7) രാമേശ്വരം – തമിഴ് നാട്

ഏറ്റവും അവസാനം

8) ശ്രീലങ്ക- രാവണന്റെ പഴയ ലങ്കാ സാമ്രാജ്യം - തന്റെ ലക്ഷ്യം

പോകേണ്ട സ്ഥലങ്ങളുടെ ലിസ്റ്റ് റെഡിയായപ്പോൾ അവൻ അതുമായി തന്റെ വീടിന്റെ ഗോവണിയിൽ വന്ന് ആകാശത്തേക്ക് നോക്കി... തെളിഞ്ഞ ആകാശത്തിൽ കാണുന്ന അർദ്ധ ചന്ദ്രൻ തന്നെ നോക്കി ചിരിക്കുന്നതായി അവനു തോന്നി... ചന്ദ്രഹാസം... രാവണൻ ഉഗ്രതപസ്സ് അനുഷ്ഠിച്ച് ശിവന്റെ പക്കൽ നിന്നും വരദാനമായി മേടിച്ച ആ വാളിന് അർദ്ധ ചന്ദ്രാകൃതി ആയിരിക്കുമെന്ന് അവൻ നിനച്ചു... ഐതീഹ്യവും ചരിത്രവും ശാസ്ത്രവും കൂടിച്ചേർന്ന് തന്നെ എവിടേക്കാണ് കൂട്ടികൊണ്ട് പോകുന്നത് എന്ന് ചിന്തിച്ചപ്പോൾ അവന്റെ ചുണ്ടിൽ ഒരു മന്ദഹാസം വിടർന്നു...

അടുത്ത ദിവസം തന്നെ താൻ ചില സ്ഥലങ്ങളിൽ ടൂർ പോകുന്നുണ്ടെന്ന കാര്യം അവൻ അച്ഛനെ ധരിപ്പിച്ചു... രാഘവിന്റെ ഈ ടൂർ പ്രോഗ്രാമിൽ കണ്ട സ്ഥലങ്ങളിൽ എന്തോ സംശയം തോന്നിയതു കൊണ്ടോ മറ്റോ കേരളത്തിൽ എവിടെ വേണമെങ്കിലും പോകുവാനുള്ള അനുവാദം മാത്രം രാഘവിന്റെ അച്ഛൻ കൊടുത്തു... കുറച്ച് സ്ഥലങ്ങളിലെങ്കിലും പോകുവാൻ അനുവാദം കിട്ടിയ രാഘവ് സന്തോഷിച്ചു...

പ്രധാനമായും അവൻ ലക്ഷ്യം വച്ചത് ചന്ദ്രഹാസം കടന്നു പോയ വഴികൾ ആയിരുന്നു... താളിയോലയിൽ പറയുന്ന പ്രകാരം അവിടങ്ങളിലെ മണ്ണ് ശേഖരിക്കുക എന്നത് മാത്രമായിരുന്നു അവന്റെ ഉദ്ദേശം... ഈ പറയുന്ന സമയത്തിനുള്ളിൽ തനിക്ക് പോകാൻ കഴിയുന്ന സ്ഥലങ്ങൾ ഏതൊക്കെയെന്ന് അവൻ നോക്കി... രാമക്കൽമേട്, ശബരിമല, ജടായുപ്പാറ... പിന്നെ രാമേശ്വരം... അവിടെ പോകാൻ അച്ഛൻ സമ്മതിക്കില്ല... എന്നാലും പോയേ പറ്റൂ... അവസാനം ലങ്കയിലും... പഞ്ചഭൂതങ്ങൾ പോലെ അഞ്ച് സ്ഥലങ്ങൾ...

അടുത്ത ശനിയാഴ്ച വീട്ടിൽ വന്നപ്പോൾ അച്ഛനോട് അനുവാദം വാങ്ങി ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിലേക്ക് രാഘവ് യാത്ര തിരിച്ചു...

വീട്ടിൽ ഗോകുലിന്റെ ഒപ്പമാണ് പോകുന്നത് എന്നാണ് പറഞ്ഞതെങ്കിലും ഒറ്റക്കാണ് രാഘവ് യാത്ര തിരിച്ചത്... താൻ കൂടി വരാം എന്ന് ഗോകുൽ പറഞ്ഞപ്പോൾ രാഘവ് അത് നിരസിക്കുകയാണ് ചെയ്തത്... രാഘവിന്റെ സ്വഭാവം അറിയാവുന്നത് കൊണ്ട് ഗോകുൽ പിന്നെ ഒന്നും പറഞ്ഞില്ല... അവന് ശുഭയാത്ര ആശംസിച്ചു...

ആ സെക്കൻറ് സാറ്റർഡേ അലുവയിലെ ഹോസ്റ്റലിൽ നിന്നാണ് അവൻ യാത്ര തിരിച്ചത്... ഇടുക്കിയിലേക്ക് പോകുന്ന കട്ടപ്പന - കുമളി ബസ് EBT യിൽ കേറി അവൻ കട്ടപ്പനയെത്തി... അവിടെ നിന്ന് അര മണിക്കൂർ യാത്ര ചെയ്ത് രാമക്കൽമേട് ടൂറിസ്റ്റ് പ്ലേസിലെത്തി... അപ്പോഴേക്കും സമയം മൂന്ന് മണി കഴിഞ്ഞു... അവിടന്ന് ഭക്ഷണം കഴിച്ച് രാമക്കൽ മലയിലേക്ക് കേറാനുള്ള തിടുക്കത്തോടെ ആ മലമ്പാതയിലേക്ക് അവൻ നടന്നു... വലതു വശത്ത് കാണുന്ന കുറവൻ- കുറത്തി മലയിലേക്ക് കേറുവാൻ പാസ് എടുക്കണം... പക്ഷേ തന്റെ ലക്ഷ്യം ഇടത്തേ മലയാണ്... അങ്ങോട്ട് പോകുവാൻ പാസ് ആവശ്യമില്ല... അടുത്ത് കണ്ട കടയിൽ നിന്ന് കൊറിക്കാൻ കുറച്ച് കടല മേടിച്ചു അവൻ...

"മോനെവിടുന്നാ?... " കടയുടെ തിണ്ണയിൽ ഇരുന്ന് ബീഡി വലിക്കുകയായിരുന്ന ഒരു വൃദ്ധൻ ചോദിച്ചു...

" ഞാൻ എറണാകുളത്ത് നിന്ന് വരാ... ഈ സ്ഥലമൊക്കെയൊന്ന് കാണാനായിട്ട്... " രാഘവ് പകുതിക്ക് വച്ച് നിർത്തി...

" അതേയതേ... ഇതിപ്പൊ ഒരു ടൂറിസ്റ്റ് കേന്ദ്രമല്ലേ... ഇപ്പോൾ ഇവിടെ ആൾക്കാർ വരുന്നത് കാറ്റിന്റെ ശക്തി അറിയാനാ... എഷ്യയിലെ ഏറ്റവും കൂടുതൽ കാറ്റുള്ള സ്ഥലമല്ലേ... പക്ഷേ പണ്ട് അങ്ങിനെ ആയിരുന്നില്ല മോനേ..." വൃദ്ധൻ ചെറുതായി ചിരിച്ച് നിർത്തി... അയാൾ പറഞ്ഞ കാര്യങ്ങളൊക്കെ രാഘവിന് അറിയാവുന്നതായിരുന്നു...

" എനിക്കറിയാം അപ്പൂപ്പാ..." രാഘവ് അതു പറഞ്ഞിട്ട് വൃദ്ധനെ കടന്ന് പോകാൻ തുടങ്ങി...

" മോൻ അറിയാത്തത് ചിലതുണ്ട് ഇവിടെ... വാ... " കടയുടെ വശത്ത് ഇട്ടിരുന്ന കസേരയിൽ നിന്ന് എഴുന്നേറ്റ് തന്നെ പിന്തുടരാനുള്ള സൂചന നൽകിക്കൊണ്ട് വൃദ്ധൻ മുൻപേ നടന്നു... തന്നോടെന്തിനാ ഈ വയസ്സൻ ഇതൊക്കെ പറയുന്നത് എന്ന് ആലോചിച്ചെങ്കിലും രാഘവ് അയാളുടെ പുറകെ വച്ചുപിടിച്ചു...

" ഈ സ്ഥലത്തിന് രാമക്കൽമേട് എന്ന പേര് വരാൻ കാരണമെന്താണെന്ന് മോനറിയോ?... " ഇല്ലിക്കാടുകളുടെ കവാടം കടന്ന് ഉള്ളിലേക്ക് നടന്നു കൊണ്ട് വൃദ്ധൻ രാഘവിനോട് ആരാഞ്ഞു...

" ശ്രീരാമ രാജാവുമായി ഇവിടെ എന്തോ ബന്ധമുണ്ട്... " തനിക്കറിയാവുന്ന കാര്യങ്ങൾ മുഴുവൻ ഈ വയസവനോടു വിളമ്പിയിട്ട് കാര്യമില്ല... അയാളുടെ കയ്യിൽ നിന്നും തനിക്ക് ഉപകാരപ്പെടുന്ന വിവരങ്ങൾ എന്തെങ്കിലും ലഭിക്കുമോ എന്ന് നോക്കാം...

" ആ... അതു തന്നെ... രാവണൻ തട്ടിക്കൊണ്ടു പോയ സീതാദേവിയെ അന്വേഷിച്ച് രാമരാജാവ് ഇതുവഴി വന്നിരുന്നു..." ഇല്ലിക്കൂട്ടങ്ങളുടെ വഴിയിൽ നിന്ന് അവർ വളഞ്ഞ് മുകളിലേക്കുള്ള ചെറിയ ഇടവഴിയിലേക്ക് കയറി...

" ഉം കുറച്ചൊക്കെ ഞാൻ കേട്ടിട്ടുണ്ട്... " രാഘവ് ചുറ്റുപാടും കണ്ണോടിച്ച് തന്റെ ഷോൾഡർ ബാഗ് ഒന്ന് ടൈറ്റ് ചെയ്തു കൊണ്ട് പറഞ്ഞു... അവിടെ ഒരു പാറയുടെ മുകളിലായി പത്തോളം കുരങ്ങൻമാർ ഇരിക്കുന്നത് അവൻ കണ്ടു... ഷോൾഡറിൽ നിന്നും ബാഗ് എടുത്ത് അതിലുണ്ടായിരുന്ന കുറച്ച് ഏത്തപ്പഴങ്ങൾ അവൻ ആ കുരങ്ങൻമാർക്ക് എറിഞ്ഞു കൊടുത്തു... കുരങ്ങൻമാർ പഴം വീണിടത്തേക്ക് ഓടി പാഞ്ഞെത്തി...

" മോനേ... അവറ്റകൾ ചിലപ്പോൾ ഉപദ്രവിച്ചേക്കും... ഇങ്ങ് പോര്... " ഇല്ലിക്കാടിന്റെ ഉള്ളിൽ നിന്നും തുറസ്സായ പുൽമേട്ടിലേക്ക് കേറിക്കൊണ്ട് വൃദ്ധൻ പറഞ്ഞു... പക്ഷേ കുരങ്ങന്മാർ ആ പഴം കഴിച്ച് തീരുന്നത് വരെ രാഘവ് അവിടെ അത് നോക്കി നിന്നു... അവറ്റകൾ പഴം കഴിച്ചതിന് ശേഷം എല്ലാവരും കൂടി രാഘവന്റെ നേർക്ക് ഒരു നിമിഷം ഉറ്റുനോക്കിയിട്ട് കാടിനുള്ളിലേക്ക് ഓടി മറഞ്ഞു... അവറ്റകളുടെ അവസാന നോട്ടം രാഘവിന്റെ മനസ്സിലുടക്കി...

വൃദ്ധന്റെ പിറകേ പുൽമേട്ടിലേക്ക് കേറിയപ്പോൾ കാറ്റിന്റെ ശക്തി കൂടിയിരിക്കുന്നത് രാഘവ് മനസ്സിലാക്കി... അടുത്ത മലകളുടെ മുകളിൽ കാണുന്ന വലിയ കാറ്റാടികളിലേക്ക് അതിശയത്തോടെ രാഘവ് നോക്കി... അകലെ നിന്ന് കാണുന്നതു പോലെയല്ല അതിന്റെ പൊക്കം... ഒരു തെങ്ങിനേക്കാൾ ഉണ്ട്... അതിന്റെ മൂന്ന് ഭീമൻ പങ്കകൾ കറക്കുവാനുള്ള ശക്തി അവിടത്തെ കാറ്റിനുണ്ട്... വായു ദേവനാൽ അനുഗ്രഹിക്കപ്പെട്ട സ്ഥലം...

ഇരുന്നൂർ മീറ്റർ അകലെ മുകളിലായി കാണുന്ന പാറക്കൂട്ടത്തിന് താഴെയെത്തിയപ്പോൾ വൃദ്ധൻ അവിടെ കുത്തിയിരുന്നു... കാറ്റിന്റെ ശക്തി അപാരമായിരുന്നു അവിടെ... ചെടികളെല്ലാം പറന്ന് പോകുമെന്ന് തോന്നുന്നത പോലെ കാറ്റിൽ ആടിഉലയുന്നു...

" ഇനി മോൻ പോയാൽ മതി... പിന്നെ ആ കാണുന്ന പാറയുടെ ഏറ്റവും മുകളിലാണ് ശ്രീരാമന്റെ കാൽപ്പാദം പതിഞ്ഞു എന്നു പറയുന്നത്... പാറക്കെട്ടിന് ഏറ്റവും മുകളിലാണ് കയറാൻ ശ്രമിക്കണ്ട കെട്ടോ... കാറ്റിൽ പറന്ന് പോയാൽ തമിഴ് നാട്ടിലാണ് ചെന്ന് വീഴുക... അവിടെ നിന്ന് കുഞ്ഞിന്റെ പൊടി പോലും ബാക്കി കിട്ടില്ല..." കാറ്റിന്റെ ശക്തി അയാളെ താഴെ ഇരിക്കാൻ പ്രേരിപ്പിച്ചു...

" എനിക്ക് മുകളിൽ പോയേ പറ്റൂ... " അയാളുടെ ചുമലിൽ ഒന്ന് പിടിച്ചു കുലുക്കിയിട്ട് രാഘവ് മുകളിലേക്ക് നടന്നു... തന്റെ ബനിയനിൽ ശക്തമായ കാറ്റടിച്ച് നെഞ്ചിൽ ഭാരം അനുഭവപ്പെടുന്ന പോലെ... നീളമുള്ള മുടിയിഴകൾ കാറ്റിൽ പാറിപ്പറക്കുന്നു... രാഘവ് താഴെ വലതു മുട്ടുകാലിൽ ഇരുന്നിട്ട് തന്റെ ബാഗ് തുറന്ന് കണ്ണ് മുഴുവൻ കവർ ചെയ്യുന്ന ഒരു ബ്രൗൺ റെയ്ബാൻ വെഫെയർ സൺഗ്ലാസ് വച്ചു... അതോടൊപ്പം തന്റെ കറുത്ത ജാക്കറ്റ് എടുത്ത് ബനിയന് പുറമേ അണിഞ്ഞു... വൃദ്ധനെ ഒന്നു കൂടി തിരിഞ്ഞു നോക്കിയ ശേഷം മുന്നിലേക്ക് അടി വച്ച് നടന്നു...

തന്റെ വലതു ഭാഗത്തേക്ക് നോക്കിയപ്പോൾ വൃദ്ധൻ പറഞ്ഞതിലെ കാര്യം അവന് പിടികിട്ടി... ഇക്കാണുന്ന മലയുടെ അപ്പുറം വലിയ കൊക്കയാണ്... മലയിൽ നിന്ന് വീണാലും പറന്ന് പോയാലും ചെന്ന് വീഴുക തമിഴ് നാട്ടിലെ ഏതോ ഗ്രാമത്തിൽക മ്പികു ട്ടന്നെ റ്റ്ആയിരിക്കം... അവിടെ ചെറിയ വലിപ്പത്തിൽ കാറ്റാടികളും കൊച്ചു കൊച്ചു വയലുകളും കാണാം...

ഇനി നൂറ് മീറ്റർ കൂടി... കാതിൽ കാറ്റിന്റെ ഹുങ്കാരം... പാറക്കെട്ടുകളുടെ ഇടയിലേക്ക് നടന്ന രാഘവ് കാറ്റൊന്ന് വീശിയടിച്ചപ്പോൾ വേച്ചുപോയി... ഒന്ന് അടിതെറ്റിയ അവൻ കൊക്കയുടെ ഭാഗത്തേക്ക് തെന്നിവീണു...

" മോനേ... വേണ്ട താഴേക്ക് വാ... " പാറക്കെട്ടിന് താഴെയിരുന്ന വൃദ്ധന്റെ ഉറക്കെയുള്ള വിളികൾ ഭാഗികമായി രാഘവിന്റെ കാതിൽ പതിച്ചു... അവനത് കാര്യമാക്കാതെ എഴുന്നേറ്റു... വലതു ഭാഗത്തായി കാണുന്ന കൊക്കയിലേക്ക് ഒന്നു നോക്കിയിട്ട് നിശ്ചയദാർഢ്യത്തോടെ മുന്നോട്ട് തന്നെ അടിവച്ചു...

പാറകളുടെ ഇടയിലായുള്ള വിള്ളലുകളിൽ അള്ളിപ്പിടിച്ച് ഒരു വിധത്തിൽ അവൻ മുകളിലെത്തി... അവിടെയായി ഒരു ഇരുമ്പിന്റെ ദണ്ഡ് ഉറപ്പിച്ചിരുന്നു... മുകളിലെത്തിയതും ചുഴിഞ്ഞു വന്ന ഒരു കാറ്റ് രാഘവിനെ തള്ളിയിട്ടു... ആ ഇരുമ്പുദണ്ഡിൽ തന്റെ രണ്ടു കയ്യാലും ചുറ്റിപിടിച്ചില്ലായിരുന്നു എങ്കിൽ അവന്റെ കാര്യം ഒരു തീരുമാനം ആയേനെ...

അവനാ ഇരുമ്പുദണ്ഡിൽ ശക്തിയോടെ പിടിച്ചു നിന്നു... കാറ്റിന്റെ അപാര വീശിയടിയിൽ അവന്റെ ജാക്കറ്റിന്റെ സിബ്ബ് മുകളിൽ നിന്ന് താഴേക്ക് തനിയെ ഇറങ്ങി വന്നു... ഇനിയും അവിടെ നിൽക്കുന്നത് അപകടം ആണെന്ന് അവന് മനസിലായി... ഇവിടെയാണ് രാമലക്ഷ്മണൻമാർ സീതയെ അന്വേഷിച്ച് എത്തിയത്... ഇവിടന്ന് എങ്ങിനെയാ മണ്ണ് ശേഖരിക്കുന്നേ... ഇവിടെ നിൽക്കാൻ തന്നെ പറ്റുന്നില്ല... രാഘവ് പതിയെ പിടിച്ചു പിടിച്ച് താഴേക്കിറങ്ങി... അവൻ താഴെ കാത്ത് നിന്ന വൃദ്ധന്റെ അരികിലെത്തി...

" എനിക്ക് ഏറ്റവും മുകളിൽ നിന്ന് കുറച്ച് പാറപ്പൊടി എടുക്കണം... എപ്പോഴാ ഈ കാറ്റൊന്ന് ശമിക്കുക?... " രാഘവ് നിരാശയോടെ ചോദിച്ചു... അവന്റെ ചോദ്യം കേട്ട് വൃദ്ധന്റെ കണ്ണുകൾ തിളങ്ങി...

" കാറ്റ് അടങ്ങും മോനേ... കാത്തിരിക്കുക... " അത് പറഞ്ഞയുടൻ വൃദ്ധൻ തിരികെ നടന്നു...

" ഏയ്... അതുവരെ ഞാനെവിടെ ഇരിക്കും... " രാഘവിന്റെ ആ ചോദ്യത്തിന് ഉത്തരമുണ്ടായില്ല... വൃദ്ധൻ കണ്ണിൽ നിന്ന് പോയ് മറഞ്ഞപ്പോൾ രാഘവ് അടുത്ത് കണ്ട ഒരു പാറയുടെ മുകളിൽ ഇരുന്നു... അപ്പോൾ കാറ്റിന്റെ ശക്തി കുറയുന്നത് വരെ കാക്കുക തന്നെ...

അവൻ തന്റെ ബാഗിൽ നിന്ന് ലാപ് ടോപ്പെടുത്ത് തന്റെ രാമായണത്തെ കുറിച്ചുള്ള റിസർച്ചുകൾ വായിക്കാൻ തുടങ്ങി... സമയം 7 മണി... കാറ്റിനിപ്പോൾ ശമനമുണ്ട്... എന്നാൽ ആകെ ഇരുട്ട് പരന്നിരിക്കുന്നു അവിടെയെല്ലാം... മൊബൈലിന്റെ വെട്ടത്തിൽ ഒരു ചെറിയ പാറക്കല്ലെടുത്ത് വീണ്ടും അവൻ മുകളിലെത്തി... തണുത്ത ഇളം കാറ്റ് അവനെ തട്ടിത്തലോടിപ്പോയി... കമ്പിയുടെ ചുവട്ടിൽ ഇരുന്ന് തന്റെ കയ്യിലെ പാറക്കഷ്ണം കൊണ്ട് താഴെ ഉരക്കാൻ തുടങ്ങി...

കുറച്ച് നേരത്തെ ശ്രമഫലമായി ലഭിച്ച കുറച്ച് പാറപ്പൊടി വടിച്ചെടുത്ത് തന്റെ ബാഗിലെ ചെറിയ ഉരുണ്ട ഗ്ലാസ് കുപ്പിയിലേക്ക് ഇട്ടു... അത് ഭദ്രമായി അടച്ച ശേഷം ഉടൻ പാറയിൽ നിന്ന് താഴേക്കിറങ്ങി... എന്നിട്ട് മൊബൈൽ വെളിച്ചത്തിൽ വേഗം താഴേക്ക് നടക്കാൻ ആരംഭിച്ചു...

നടത്തത്തിനിടയിൽ പല തവണ കുഴികളിൽ വീണു രാഘവ്... ഒരു കണക്കിന് മലയുടെ താഴെയെത്തിയ രാഘവ് തനിക്ക് വഴി കാണിച്ചു തന്ന വൃദ്ധനെ എമ്പാടും തിരക്കിയെങ്കിലും കണ്ടെത്താനായില്ല... അയാളെ കാണാനാവാത്ത വിഷമത്തോടെ രാഘവ് തിരിച്ച് ഹോസ്റ്റലിലേക്ക് യാത്ര തിരിച്ചു... പോകുന്ന വഴി തന്റെ ലിസ്റ്റിൽ നിന്ന് രാമക്കൽമേട് എന്ന പേര് അവൻ വെട്ടിക്കളഞ്ഞു...

അടുത്ത ആഴ്ച ഹോസ്റ്റലിൽ നിന്ന് വീട്ടിലെത്തിയ രാഘവിന്റെ കഴുത്തിൽ ചെറിയ രുദ്രാക്ഷങ്ങൾ കോർത്ത ഒരു മാല അവന്റെ അച്ഛൻ രഘു കണ്ടു... അവന്റെ താടി വളർന്നിരിക്കുന്നു... ഒരു ബ്ലാക് വിനെക്ക് ബനിയനും അതേ നിറത്തിലുള്ള ഒരു പാന്റും...

" എന്താ മോനേ... നിന്റെ ഗെറ്റപ്പ് ഒക്കെ ആകെ മാറിയല്ലോ.. " തന്റെ മകന്റെ വേഷപ്പകർച്ച അടിമുടി നോക്കി കൊണ്ട് രഘു പറഞ്ഞു...

" ഞാൻ ശബരിമല ദർശനത്തിന് പോകേണ് അച്ഛാ... " ഒരു പുഞ്ചിരിയോടെ രാഘവ് പറഞ്ഞു...

" അതേതായാലും നന്നായി മോനേ... അയ്യപ്പസാമിയുടെ അനുഗ്രഹം എന്റെ മോന് എപ്പോഴും ഉണ്ടാകും..." അവന്റെ അമ്മ സന്തോഷത്തോടെ പറഞ്ഞു...

" അപ്പൊ കെട്ടു നിറയ്ക്കുന്നത് എന്നാ?... " അച്ഛന്റെ ചോദ്യത്തിനു മുന്നിൽ അവനൊന്നു പതറി... രാഘവിന്റെ ഉദ്ദേശം ശബരീപീഠം സന്ദർശിക്കുക എന്നതാണ്... അതിനൊരു മാർഗ്ഗം മാത്രമാണ് ഈ വേഷം...

" അത് പിന്നെ അച്ഛാ... ഞാൻ കെടുനിറച്ചും വ്രതം എടുത്തൊന്നുമല്ല പോകുന്നത്... അവിടം വരെ പോകാൻ ഒരാഗ്രഹം... അത്രേയുള്ളൂ... " അവൻ ഒതുക്കത്തിൽ പറഞ്ഞു...

" ഉം... നീ ഉദ്ദേശിക്കുന്നത് ഒരു ടൂറാണല്ലേ... എന്താന്ന് വച്ചാൽ ആയിക്കോളൂ... സ്വാമിയേ ശരണമയ്യപ്പാ..." അതു പറഞ്ഞ് രഘു അകത്തേക്ക് കേറിപ്പോയി... അമ്മയുടെ പരിഭവം കേൾക്കാൻ നിൽക്കാതെ രാഘവ് തന്റെ മുറിയിലേക്കും പോയി...

അടുത്ത ദിവസം പുലർച്ച തന്നെ തന്റെ ലിസ്റ്റിലെ രണ്ടാമത്തെ സ്ഥലത്തേക്ക് രാഘവ് യാത്ര ആരംഭിച്ചു... എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ നിന്ന് പമ്പയിലേക്ക് നേരിട്ടുള്ള

ബസിലായിരുന്നു യാത്ര... കറുപ്പ് നിറത്തിലുള്ള ഷർട്ടും ബനിയനും അതേ നിറത്തിലുള്ള ഒരു തോർത്തും... രാമക്കൽമേട്ടിലെ പാറപ്പൊടി ഉൾക്കൊള്ളുന്ന ചില്ലു കുപ്പി അടങ്ങുന്ന ഷോൾഡർ ബാഗുമായി രാഘവ് പമ്പയിൽ ബസിറങ്ങി...

മണ്ഡല കാലമായതിനാൽ പമ്പ അയ്യപ്പ ഭക്തൻമാരാൽ നിറഞ്ഞിരുന്നു... പണ്ടത്തെ പോലെയല്ല... പമ്പയിലെ വെള്ളത്തിന് നല്ല തെളിമയുണ്ട്... അതിലൊന്ന് മുങ്ങിക്കളിച്ച് ഒരു മസാല ദോശയും അകത്താക്കിക്കൊണ്ട് രാഘവ് ശബരിമല കേറാൻ തുടങ്ങി...

നല്ല മനോഹരമായ കാനനപാത... താൻ നടന്നു പോകുന്നത് പ്ലാസ്റ്റിക് നിരോധിത പദ്ധതിയായ 'പുണ്യം പൂങ്കാവനം ' നടപ്പാക്കിയ സ്ഥലത്ത് കൂടി മാത്രമല്ലെന്ന് അവന് മനസ്സിലായി... ഇതൊരു ടൈഗർ റിസർവ് വനം കൂടിയാണ്...

കഴിഞ്ഞ മാസം ഒരു കടുവയേയും രണ്ട് കടുവക്കുട്ടികളേയും ഇവിടത്തെ CCTV യിൽ പതിഞ്ഞ വാർത്ത വായിച്ചത് ഓർത്തപ്പോൾ രാഘവിന്റെ മനസ്സൊന്ന് കിടുങ്ങി... ഇതിൽക്കൂടി കുട്ടികളെ കൂട്ടി നടന്നു പോകുന്ന അയ്യപ്പൻമാരെ അവൻ മനസാ വന്ദിച്ചു... അങ്ങിനെ ഓരോന്നാലോചിച്ച് അയ്യപ്പൻമാരുടെ ഒപ്പം അര മണിക്കൂർ മല കേറിയപ്പോൾ ശബരീപീഠം എന്നെഴുതിയ ബോർഡും ഒരു ചെറിയ കോവിലും കണ്ടു... അതാ തന്റെ ലക്ഷ്യസ്ഥാനം എത്തിയിരിക്കുന്നു... അവിടെ ഒരു അയ്യപ്പൻ കാഷായ വസ്ത്രത്തിൽ ഇരിക്കുന്നതു കണ്ടു... ശബരീപീഠത്തിനരികിൽ ഇരിക്കുന്ന അയാളുടെ അടുത്ത് നിന്ന് കുറച്ച് മാറ്റി ഇരുന്ന് രാഘവ് കിതപ്പടക്കി... മല കയറ്റമൊന്നും തനിക്ക് വലിയ വശമില്ലല്ലോ...

" സ്വാമീ എവിടന്നാ?... എന്താ പേര്?... " കിതപ്പടക്കുന്ന രാഘവിനെ നോക്കി അയാൾ തിരക്കി... ശബരിമലയിൽ വരുന്ന എല്ലാവരേയും സംബോധന ചെയ്യുന്നത് സ്വാമി എന്നാണ്... ശബരിമലയിൽ കോവിലിനു മുകളിൽ വച്ചിരിക്കുന്ന ബോർഡിൽ തത്ത്വമസി എന്നു എഴുതിയിട്ടുണ്ട്... നിങ്ങൾ അന്വോഷിച്ചു വന്ന അയ്യപ്പൻ നിങ്ങൾ തന്നെയാണ്... അതാണ് 'തത്ത്വമസി' എന്നതു കൊണ്ട് അർത്ഥമാക്കുന്നത്...

" ഞാൻ രാഘവ്... എറണാകുളത്ത് നിന്നാ വരുന്നേ... നിങ്ങളോ?... " ഒരു പുഞ്ചിരിയോടെ രാഘവും ചോദിച്ചു...

" ഞാൻ മൂസ... കൊടുങ്ങല്ലൂർ നിന്നും വരുന്നു... " അയാൾ തന്റെ നീണ്ട താടിയിൽ തടവിക്കൊണ്ട് പറഞ്ഞു... അയാൾ മുസ്ലീം ആണെന്ന് അറിഞ്ഞപ്പോൾ രാഘവന്റെ മുഖം വിടർന്നു...

" സ്വാമീ... ഇങ്ങിനെ മിഴിച്ച് നോക്കേണ്ട കാര്യമില്ല... ശബരിമലയിൽ വാവരുസ്വാമിയുടെ നടയുണ്ട്... എന്നാലും ഞാൻ പ്രധാനമായും പോകുന്നത് അയ്യപ്പനെ കാണാനാണ്... ശബരിമലയിൽ ആദ്യായിട്ടാണല്ലേ... " ഒരു കുസൃതിച്ചിരിയോടെ അയാൾ സ്വാമി അയ്യപ്പനും മുസ്ലീമായ വാവരുസ്വാമിയും തമ്മിലുള്ള യുദ്ധവും അതിന്റെ പര്യവസാനത്തിൽ രണ്ടു പേരും തമ്മിൽ പിരിയാനാവാത്ത സുഹൃത്തുക്കളായതും എല്ലാം രാഘവിന് വിവരിച്ചു കൊടുത്തു... ഇതൊക്കെ വള്ളി പുള്ളി വിടാതെ കേട്ടെങ്കിലും രാഘവ് തന്റെ വരവിന്റെ ഉദ്ദേശം മൂസയോട് വ്യക്തമാക്കിയില്ല...

അങ്ങിനെ മൂസ കഥ പറയുന്ന കൂട്ടത്തിൽ സീതയെ അന്വോഷിച്ചു വന്ന ശ്രീരാമൻ ഈ മലയിൽ തപസ്സ് അനുഷ്ഠിച്ചിരുന്ന ശബരിയുടെ ആശ്രമത്തിൽ വന്ന കഥയും പറഞ്ഞു... ശബരി ഇവിടെ തപസ്സ് ചെയ്തിരുന്നതു കൊണ്ടാണ് ഇത് ശബരിമല എന്ന് അറിയപ്പെടുന്നത്...

അതിന്റെ കൂടെ ശ്രീരാമൻ ശബരിയുടെ ആതിഥ്യം സ്വീകരിച്ച് ഫലങ്ങൾ ഭക്ഷിച്ചതും എല്ലാം കടന്നു വന്നു... അത് കേട്ട മാത്രയിൽ രാഘവ് താഴെ നിന്നും കുറച്ച് പൊടി മണൽ വാരി തന്റെ ചില്ലു കുപ്പിയിലിട്ട് അതടച്ചു... അതു കണ്ടപ്പോൾ മൂസ ചിരിച്ചു കൊണ്ട് എണീറ്റു...

" അപ്പൊ നിങ്ങൾ സ്വാമിയെ കാണാതെ പോവുകയാണല്ലേ... ശരി... ഞാൻ പോകുന്നു..." പെട്ടെന്നെഴുന്നേറ്റ് മലയേറുന്ന മൂസയെ നോക്കി ഒരു നിമിഷം രാഘവ് അന്തംവിട്ടു നിന്നു... തന്റെ മനസ്സിലുള്ള കാര്യങ്ങൾ ഇയാളെങ്ങിനെ അറിഞ്ഞു... രണ്ടാമതൊന്ന് ആലോചിക്കാതെ രാഘവ് അയാളുടെ പുറകെ വച്ചുപിടിച്ചു...

" എയ് സ്വാമീ... നിങ്ങൾക്കെങ്ങിനെ എന്റെ മനസിലെ കാര്യങ്ങൾ അറിയാൻ കഴിഞ്ഞു?... " മൂസയുടെ ഒപ്പം നടന്നെത്തിക്കൊണ്ട് രാഘവ് ആകാംക്ഷയോടെ ചോദിച്ചു...

" ഒന്നില്ലെങ്കിലും ഞാനൊരു വാവരു സ്വാമിയല്ലേ എന്റെ പൊന്നു സ്വാമീ..." ചിരിച്ചു കൊണ്ട് പറഞ്ഞിട്ട് മൂസ രാഘവിനേയും കൂട്ടി സന്നിധാനത്തേക്ക് യാത്രയായി... അവർ തമ്മിൽ ചിരകാല സുഹൃത്തുക്കളെ പോലെ ചരിത്രങ്ങളെ ചികഞ്ഞു കൊണ്ട് അയ്യപ്പസന്നിധ്ധിയിലേക്ക് യാത്ര തുടർന്നു...

പിറ്റേ ദിവസം അയ്യപ്പദർശനം കഴിഞ്ഞ് മലയിറങ്ങുമ്പോൾ ശബരിമലയുടെ ഐതീഹ്യങ്ങളും വാസ്തവങ്ങളും മനപാഠമാക്കിയിരുന്നു രാഘവ്... തന്റെ ലിസ്റ്റിൽ നിന്ന് ' ശബരീപീഠം ' വെട്ടിക്കളയുമ്പോൾ മനസിനകത്ത് ഒരു അനിർവചനീയ സുഖം തോന്നി രാഘവിന്...

ശബരിമലയിലെ വിശേഷങ്ങൾ വീട്ടിൽ പങ്കുവക്കുന്നതിനിടയിൽ രാഘവ് തന്റെ അടുത്ത ആവശ്യം അറിയിച്ചു...

" അച്ഛാ നാളെ ഞാൻ നമ്മുടെ പഴയ വീട് വരെ ഒന്ന് പോയാലോ എന്ന് ആലോചിക്കാ... " രാഘവിന്റെ ആവശ്യം കേട്ടപ്പോൾ രഘുവിന് ചിരിയാണ് വന്നത്... ഇവനിങ്ങനെ ഒന്നും ആവശ്യപ്പെടാത്തതാണല്ലോ... ആ എന്തേലും ആവട്ടെ... കുട്ടികൾ തറവാടും പരിസരവുമൊക്കെ കണ്ടിരിക്കുന്നത് നല്ലതാണ്...

" ആ... നിന്റെ ആഗ്രഹമല്ലേ... പോയിട്ടു വാ..." അച്ഛന്റെ സമ്മതത്തിന് അമ്മയും തലയാട്ടി...

അടുത്ത ദിവസം ഉറക്കമുണർന്ന രാഘവ് മുത്തശ്ശിയുടെ കുഴിമാടത്തിനരികിൽ കുറച്ച് സമയം നിന്നു... അപ്പോൾ ഒരു തണുത്ത കാറ്റ് അവനെ തട്ടിത്തലോടി പോയി... മുത്തശ്ശി കാറ്റിന്റെ രൂപത്തിൽ വന്ന് തന്നെ അനുഗ്രഹിക്കുന്നതായി അവന് തോന്നി... അവിടം ഒന്ന് വന്ദിച്ചിട്ട് രാഘവ് യാത്ര തിരിച്ചു...

കൊല്ലത്തേക്കുള്ള ലിമിറ്റഡ് സ്റ്റോപ്പിൽ കേറി ചടയമംഗലം സ്റ്റോപ്പിൽ ഇറങ്ങി നടന്ന രാഘവ് ജടായുപ്പാറ 5 കി.മീ എന്ന ബോർഡ് കണ്ട് ആ ഭാഗത്തേക്ക് നടന്നു... തന്റെ പഴയ തറവാട് സന്ദർശിക്കാർ സമയം ഉണ്ടായിരുന്നു എങ്കിലും ഇപ്പോഴത്തെ ലക്ഷ്യം അതല്ലല്ലോ...

ഒരു കിലോമീറ്റർ റോഡിലൂടെ പടിഞ്ഞാറു ഭാഗത്തേക്ക് നടന്നു കഴിഞ്ഞപ്പോൾ JADAYU NATIONAL PARK - 4 KM എന്ന ബോർഡ് കാണാനായി... ഇനി കാടിന്റെ ഭാഗത്ത് കൂടിയുള്ള യാത്രയാണ്... ഒരു നടപ്പാത കാണുന്നുണ്ട്... രാഘവ് ആ വഴിയേ വച്ചു പിടിച്ചു...

ഗൂഗിളിൽ നിന്ന് അവിടേക്കുള്ള യാത്ര കുറച്ച് ദുർഘടം ആണെന്ന് മനസ്സിലാക്കിയതിനാൽ അതിനുതകുന്ന തരത്തിലുള്ള ഹാർഡ് ബ്ലൂജാക്കറ്റും ബ്രൗൺ കളർ ടൈറ്റ് ജീൻസും ജംഗിൾ ബൂട്ടും... രാമക്കൽമേട്, ശബരീപീഠം എന്നിവടങ്ങളിലെ രാമപദനം ഏറ്റ മണ്ണ് ശേഖരിച്ച ചില്ലു

കുപ്പി ഉൾക്കൊള്ളുന്ന ഷോൾഡർ ബാഗും വഹിച്ചായിരുന്നു രാഘവിന്റെ യാത്ര... കാടിന്റെ ഓരം പറ്റിയാണ് യാത്രയെങ്കിലും മൃഗങ്ങളുടെ ശല്യം ഒന്നും ഉണ്ടായിരുന്നില്ല...

ഇൻറർനെറ്റിൽ ജടായു നാഷണൽ പാർക്ക് എന്ന് ടൈപ്പ് ചെയ്തു കൊടുത്താൽ ഇപ്പോൾ ഈ സ്ഥലത്തിന്റെ എല്ലാ വിവരങ്ങളും അറിയാൻ കഴിയും... ലോകത്തിലെ ഏറ്റവും വലിയ പക്ഷി പ്രതിമ നിർമ്മിച്ചു കൊണ്ടിരിക്കുന്ന സ്ഥലമാണ് ഇത്... ഗുരു എന്ന സിനിമയുടെ സംവിധായകൻ രാജീവ് അഞ്ചലാണ് ഇക്കാര്യങ്ങളുട പിന്നിൽ... എല്ലാം നന്നായി വരട്ടെ... ജടായുപ്പാറയിലേക്ക് കേറിത്തുടങ്ങിയപ്പോൾ മുകളിൽ ആ ശിൽപ്പത്തിന്റെ ചെറിയ ഭാഗം കാണാനായി...

രാവണൻ സീതയെ തട്ടിയെടുക്കുന്ന സമയം അതേ നേരത്ത് അവിടെ ഉണ്ടായിരുന്നത് ജടായു മാത്രമാണ്... പുഷ്പകവിമാനത്തിൽ വന്ന രാവണനെ കൊത്തി മുറിവേൽപ്പിച്ച പക്ഷിയാണ് പാവം ജടായു... രാവണൻ തന്റെ ചന്ദ്രഹാസത്താൽ ജടായുവിന്റെ ചിറകരിഞ്ഞു... ചിറകറ്റ് വീണ ജടായു വന്നു വീണ സ്ഥലമാണ് പിന്നെ ജടായുപ്പാറ എന്ന സ്ഥലനാമത്തിൽ അറിയപ്പെടാൻ തുടങ്ങിയത്...

ഇപ്പോൾ ഇവിടെ നിർമ്മിച്ചു കൊണ്ടിരിക്കുന്ന ജടായുവിന്റെ കൂറ്റൻ പ്രതിമയും ജടായു ചിറകറ്റ് വീണു കിടക്കുന്ന രൂപത്തിൽ ഉള്ളതാണ്... പാറയുടെ വശങ്ങളിൽ ചവിട്ടി മുകളിലെത്തിയപ്പോഴാണ് എന്ത് വലുതാണ് അതിന്റെ ആ പ്രതിമയുടെ വലിപ്പം എന്നവന് മനസ്സിലായത്... ആ പാറയിലേക്ക് രാഘവിന്റെ കാൽ പതിഞ്ഞ നിമിഷം ഇടതുഭാഗത്തെ കാട്ടിൽ നിന്നും കുറച്ച് കൊറ്റികൾ പറന്നകന്നു... വളരെ മനോഹരമായ ഒരു കാഴ്ച ആയിരുന്നു അത്... തന്റെ മൊബൈൽ എടുത്ത് അവൻ ഒരു ഫോട്ടോ എടുത്തു...

ഒഴിവു ദിവസം ആയതുകൊണ്ടാകാം ആരേയും ആ പ്രദേശത്ത് അവൻ കണ്ടില്ല... ആ പ്രതിമയെ ഒന്ന് വണങ്ങിയ ശേഷം അതിനു ചുറ്റും രാഘവ് വലംവച്ചു... കുറച്ച് ഫോട്ടോകൾ എടുത്തു... അപ്പോഴാണ് രണ്ട് കാൽപ്പാടുകൾ പാറയിൽ അമർന്നതു പോലെയുള്ള രണ്ട് കുഴികൾ കണ്ടത്... അപ്പോൾ ഇതാണ് രാമപാദം പതിഞ്ഞ ഇടം... രാഘവ് അതിന്റെ ഓരത്ത് ഇരുന്ന് ബാഗിൽ നിന്ന് ചില്ലുകുപ്പിയെടുത്തു... അതേസമയം ഒരു ശ്രീകൃഷ്ണ പരുന്ത് പറന്നു വന്ന് അവന്റെ മുന്നിലായി ഇരുന്നു... രാഘവിനെ ഒന്ന് തറപ്പിച്ച് നോക്കിയ ശേഷം ഉറക്കെ ശബ്ദം പുറപ്പെടുവിച്ചു കൊണ്ട് മുകളിലേക്ക് പൊങ്ങിപ്പറന്നു... ആ പക്ഷി പറന്നുയർന്ന മാത്രയിൽ രാഘവിന്റെ മനസ്സിൽ ഒരു മിന്നലുണ്ടായി... ജടായു എന്നത് ഏത് വർഗ്ഗത്തിൽപെട്ട പക്ഷി ആയിരുന്നു... പരുന്തോ അതോ കഴുകനോ?...

ഉത്തരം കിട്ടാനാവാതെ രാഘവ് അരികിലുള്ള ഒരു പാറക്കല്ല് എടുത്ത് ഉരച്ച് ആ കുഴികളിൽ നിന്നും കുറച്ച് പാറപ്പൊടി ശേഖരിച്ചു... അതിനു ശേഷം അവിടം ഒന്ന് വണങ്ങിയിട്ട് തന്റെ കാലുകൾ ആ കുഴികളിലേക്ക് ഇറക്കിവച്ചു... ഏഴടിയുള്ള തന്റെ കാൽപ്പാദത്തിനേക്കാൾ രണ്ടടി കൂടുതലുണ്ട് ആ പാദത്തിന്റെ നീളം...

" സംശയിക്കേണ്ട അത് നിങ്ങൾ തേടിവന്ന ആളുടേത് തന്നെയാണ്... " ഗംഭീര്യമുള്ള ഒരു ശബ്ദം കേട്ട് രാഘവ് തിരിഞ്ഞു നോക്കിയപ്പോൾ നരച്ച താടിയും മുടിയും വളർത്തി കാഷായ വസ്ത്രധാരിയായ ഒരു സന്യാസി നിൽക്കുന്നതു കണ്ടു... മുത്തശ്ശി പറഞ്ഞു തന്ന സന്യാസിയുടെ കാര്യം രാഘവ് പെട്ടന്ന് ചികഞ്ഞെടുത്തു...

" ഇതാ ഞാൻ നിന്റെ മുത്തശ്ശിക്ക് കൈമാറിയ താളിയോലയുടെ ബാക്കി... ഇതെങ്ങിനെ എന്റെ കയ്യിൽ എത്തി എന്നതിനെപ്പറ്റി നീ അന്വേഷിക്കേണ്ട... നിന്റെ നിയോഗത്തെക്കുറിച്ച് മാത്രം ചിന്തിക്കുക... ഇത് നിന്നെ ലക്ഷ്യസ്ഥാനത്തേക്ക് നയിക്കും... സ്വീകരിക്കൂ..." രാഘവിന്

ഒന്നിനെക്കുറിച്ചും ചോദിക്കാൻ അവസരം നൽകാതെ സന്യാസി ആ ഓലക്കെട്ട് രാഘവിനെ ഏൽപ്പിച്ചു...

" വന്ദനം... " രാഘവ് താളിയോല കൈപ്പറ്റിയപ്പോൾ സന്യാസി കണ്ണുകളടച്ച് വന്ദനം പറഞ്ഞു... രാഘവ് താളിയോല സ്വീകരിച്ച ശേഷം കണ്ണുകളടച്ച് പ്രതിവന്ദനം ചെയ്തു... ശേഷം കണ്ണുകൾ തുറന്ന രാഘവിന്റെ മുൻപിൽ സന്യാസി ഉണ്ടായിരുന്നില്ല... എല്ലാമൊരു മായക്കാഴ്ച പോലെ... സസ്യ മയങ്ങിത്തുടങ്ങി... താളിയോല ഭദ്രമായി ബാഗിൽ വച്ചിട്ട് രാഘവ് വേഗം മലയിറങ്ങാൻ തുടങ്ങി... തിരികെ ബസിൽ ഹോസ്റ്റലിലേക്ക് പോരുമ്പോൾ അവന്റെ ലിസ്റ്റിലെ മൂന്നാമത്തെ സ്ഥലവും വെട്ടിമാറ്റപ്പെട്ടിരുന്നു... അടുത്ത സ്ഥലത്തിന്റെ പേരിലേക്ക് അവനൊന്ന് നോക്കി... രാമേശ്വരം... രഹസ്യങ്ങളുടെ നാട്...

ട്രെയിൻ രാമേശ്വരത്ത് എത്തിച്ചേർന്നപ്പോൾ ഒരു ഉൾവിളി കേട്ടിട്ടെന്ന പോലെ രാഘവ് ഞെട്ടിയുണർന്നു... രാമന്റെ ഈശ്വരം... രാമേശ്വരം... എന്ത് അർത്ഥവത്തായ നാമം... ഇന്ത്യൻ രാഷ്ട്രപതിയും ശാസ്ത്രജ്ഞനുമായിരുന്ന അബ്ദുൾ കലാമിന്റെ നാടു കൂടിയാണ് ഇത്... മഹാപ്രതിഭകളുടെ ഒരിടം...

രാമേശ്വരത്ത പ്രധാന ക്ഷേത്രമായ ശ്രീരാമനാഥസ്വാമി ക്ഷേത്രത്തിന് കിഴക്കുഭാഗത്തുള്ള അഗ് നിതീര്ഥംത എന്നറിയപ്പെടുന്ന സമുദ്രഭാഗത്ത് കുളിച്ച് ശുദ്ധി വരുത്തി രാഘവ്... തീർത്ഥാടകർ പിതൃക്കള്ക്ക് ബലിതര്പ്പടണവും മറ്റ് പൂജകളും നടത്തുന്നത് ഇവിടെയാണ്...

അടുത്തൊരു വെജിറ്റേറിയൻ ഹോട്ടലിൽ നിന്നുള്ള പ്രാതലിനു ശേഷം ശ്രീരാമനാഥസ്വാമി ക്ഷേത്രത്തിലേക്ക് അവൻ നടന്നു... ശ്രീരാമനാഥ സ്വാമിയും അദ്ദേഹത്തിന്റെ ധര്മതപത്നിയായ സീതയുമാണ് രാമേശ്വരം ശ്രീ രാമനാഥസ്വാമി ക്ഷേത്രത്തിലെ മുഖ്യ ദേവതകള്... മിക്ക ക്ഷേത്രങ്ങളിലും ദേവി ദേവന്റെ വാമഭാഗത്ത് (ഇടതുവശത്ത്) നില കൊള്ളുമ്പോള്, ഇവിടെ ദേവസന്നിധിയുടെ ദക്ഷിണഭാഗത്തായിട്ടാണ് (വലതുവശത്ത്) ദേവീ സന്നിധിയുള്ളത്... ഭക്തജനങ്ങള് ഇതൊരു സവിശേഷതയായി കാണുന്നു...

രാമേശ്വരം ക്ഷേത്രത്തിൽ നിന്ന് വടക്കായി രണ്ടു കിലോമീറ്റർ ദൂരത്തിലാണ് ഗന്ധമാദനപര്വരതം സ്ഥിതി ചെയ്യുന്നത്... കഥയനുസരിച്ച് രാമന്റെ മുദ്രമോതിരം സീതയെ കാണിക്കാണുന്നതിനായി വാനര ശ്രേഷ്ഠനായ ഹനുമാൻ ലങ്കയിലേക്ക് ദൂത് പോകുന്നതിനായി ഈ പർവ്വതത്തിൽ നിന്നും പറന്നു എന്നാണ് പറയുന്നത്... ഇവിടെ തന്നെയാണ് ചിരഞ്ജീവിയായ ഹനുമാൻ ജീവിക്കുന്നതായി പറയുന്നത്... രാമന്റെ ഏറ്റവും വലിയ ഭക്തനായ വായുപുത്രൻ ഹനുമാനോട് എന്തു വരം വേണമെന്ന് ശ്രീരാമൻ ചോദിച്ചപ്പോൾ ഹനുമാൻ ആവശ്യപ്പെട്ടത് രാമനാമം ആളുകളുടെ ഓർമ്മയിലുള്ള കാലം വരെ തനിക്ക് ഈ ഗന്ധമാധന പർവ്വതത്തിൽ ജീവിക്കണമെന്നാണ്... ഈ ഹനുമാൻ എന്ന വാനരൻ സൂപ്പർമാന്റെ പോലെ ആകുമോ?... എന്തൊക്കെയാണ് താൻ ചിന്തിക്കുന്നത്?... രാഘവിന്റെ ചുണ്ടിൽ തന്റെ ഫാന്റസി ചിന്തകളെ ഓർത്ത് ഒരു പുഞ്ചിരി തത്തിക്കളിച്ചു...

അവിടെയെത്തിയ രാഘവ് മണ്തികട്ടയുടെ മുകളിൽ തളത്തോടു കൂടിയ മണ്ഡപം കണ്ടു... ഈ മണ്ഡപത്തിൽ ശ്രീരാമന്റെ പാദങ്ങൾ കാണാം... അവൻ അവിടെ ഒന്ന് തൊഴുതു വണങ്ങി... അതിനു ശേഷം തന്റെ ഷോൾഡർ ബാഗിൽ നിന്ന് ലാപ് ടോപ്പെടുത്ത് ഇന്റർനെറ്റിൽ നിന്ന് രാമേശ്വരത്തെ കുറിച്ചുള്ള വിവരങ്ങളെല്ലാം ശേഖരിച്ചിരിക്കുന്നത് ഒന്ന് വായിച്ചു നോക്കാൻ തുടങ്ങി...

തമിഴ്നാട്ടിലെ രാമനാഥപുരം ജില്ലയിലുള്ള ഒരു പട്ടണമാണ് രാമേശ്വരം... ഉപദ്വീപായ ഇന്ത്യയുടെ മുഖ്യഭൂമിയില്നിവന്നും പാമ്പൻ കനാലിനാൽ വേര്തിമരിക്കപ്പെട്ടിരിക്കുന്ന

പാമ്പൻ ദ്വീപിലാണ് രാമേശ്വരം പട്ടണം സ്ഥിതി ചെയ്യുന്നത്... ശ്രീലങ്കയിലെ മന്നാര് ദ്വീപിൽ നിന്നും ഏകദേശം അന്പരത് കിലോമീറ്റർ അകലെയാണ് പാമ്പൻ ദ്വീപ്... രാമേശ്വരം ദ്വീപ് എന്നും അറിയപ്പെടുന്ന പാമ്പന് ദ്വീപ് ഇന്ത്യയുടെ മുഖ്യഭൂമിയുമായി പാമ്പൻ പാലത്തിനാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു... ഹിന്ദുക്കളുടെ ഒരു പുണ്യസ്ഥലവും തീർത്ഥാടന കേന്ദ്രവുമാണ് രാമേശ്വരം...

മാന്നാർ കടലിടുക്കിലാണ് രാമേശ്വരത്തിന്റെ സ്ഥാനം... രാമായണം എന്ന ഇതിഹാസ കാവ്യമനുസരിച്ച്, ലങ്കാപതിയായ രാവണനാല് അപഹരിക്കപ്പെട്ട തന്റെ പത്നി സീതയെ മോചിപ്പിക്കുന്നതിനായി ശ്രീരാമൻ ഭാരതത്തിൽ നിന്നും ശ്രീലങ്കയിലേക്ക് പാലം നിര്മിച്ച സ്ഥലമാണിത്... ശ്രീരാമചന്ദ്രനാൽ ശിവപ്രതിഷ്ഠ നടന്ന സ്ഥലം എന്ന് വിശ്വസിക്കപ്പെടുന്ന പ്രദേശമാണ് രാമേശ്വരം... രാമന്റെ ഈശ്വരൻ വാണരുളുന്ന ദേശം എന്ന അര്ഥത്തിൽ ഈ പ്രദേശത്തിന് രാമേശ്വരം എന്ന് നാമം...

ഐതീഹ്യം പറയുന്നതനുസരിച്ച് ആദികാവ്യമായ രാമായണത്തില് പരാമര്ശി ക്കപ്പെടുന്ന പ്രദേശമാണ് രാമേശ്വരം... ഭാരതത്തിൽ നിന്ന് ലങ്കയിൽ എത്തിച്ചേരുന്നതിനായി ഇവിടെ നിന്ന് ശ്രീരാമന് വാനരസേനയുടെ സഹായത്തോടെ ലങ്കയിലേക്ക് പാലം പണിതു എന്നാണ് വിശ്വാസം... രാമായണത്തിൽ ഈ കഥ സേതുബന്ധനം എന്ന് പരാമര്ശിനക്കപ്പെടുന്നു... സേതു എന്നാല് പാലം അഥവാ അണ എന്നര്ഥംന... രാമായണത്തിൽ പരാമര്ശി ക്കപ്പെടുന്ന പാലം എന്ന് വിശ്വസിക്കപ്പെടുന്ന ഭൂഭാഗം രാമസേതു എന്ന പേരിലാണ് ഇപ്പോള് അറിയപ്പെടുന്നത്...

അപ്പോഴാണ് വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന കല്ലുകൾ പ്രദര്ശിടപ്പിച്ചിട്ടുള്ള ആഞ്ജനേയ ക്ഷേത്രത്തെകുറിച്ച് രാഘവ് വായിച്ചത്... രാമസേതു നിര്മാപണത്തിന് ഉപയോഗിച്ചിരുന്നത് ഇത്തരം കല്ലുകളാണെന്നാണ് വിശ്വാസം... ഉടനേ അങ്ങോട്ട് പോകുവാനായി രാഘവ് തന്റെ ലാപ് ടോപ്പ് ഓഫാക്കി മടക്കിയ ശേഷം താഴെ വച്ചിരിക്കുന്ന ഷോൾഡർ ബാഗ് എടുക്കുവാനായി നോക്കി... അതു പക്ഷേ കാണുന്നില്ല... അവന്റെ ഹൃദയം ദ്രുതഗതം മിടിച്ചു... രാമക്കൽമേട്, ശബരീപീഠം, ജടായുപ്പാറ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച മണൽത്തരികൾ നിറച്ച ചില്ലുകുപ്പി അതിനുള്ളിലാണ്... അവൻ പെട്ടെന്നിറങ്ങി മണ്ഡപത്തിനു ചുറ്റും ഓടിപ്പാഞ്ഞു നോക്കി... അവിടെയെങ്ങും അതു കണ്ടില്ല...

പെട്ടെന്ന് എന്തോ ചിലക്കുന്ന പോലെ ശബ്ദം കേട്ട് രാഘവ് അതെന്താണെന്ന് ശ്രദ്ധിച്ചത്... പർവ്വതത്തിന്റെ കുറച്ച് മുകളിൽ നിന്നാണ് ആ ശബ്ദം വരുന്നതെന്നു കണ്ട് അങ്ങോട്ട് നോക്കവേ ഒരു കുരങ്ങൻ തന്റെ ബാഗുമായി മലയിലേക്ക് പതുക്കെ കേറിപ്പോകുന്നത് അവൻ കണ്ടു...

" ഹേയ്... അതു കൊണ്ടു പോകരുത്... ടാ... " രാഘവിന്റെ ഉറക്കെയുള്ള ശബ്ദത്തിൽ അരിശവും സങ്കടവും ഉണ്ടായിരുന്നു... കുരങ്ങൻ ആ വിളി കേട്ടപ്പോൾ രാഘവിനെ ഒന്ന് ഇരുത്തി നോക്കിയിട്ട് അടുത്തുണ്ടായിരുന്ന ആൽമരത്തിലേക്ക് ചാടി... രാഘവ് ഒരു നിമിഷം നോക്കി നിന്നു പോയി... കുരങ്ങൻ അക്ഷരാർത്ഥത്തിൽ പറക്കുന്നത് പോലെയാണ് അവനു തോന്നിയത്... കുറച്ച് ഉയരത്തിലായുള്ള ആൽമരത്തിന്റെ ചില്ലയിലിരിക്കുന്ന കുരങ്ങന്റെ അടുത്ത് ചെന്നപ്പോഴാണ് ആ കുരങ്ങൻ സാധാരണ കുരങ്ങൻമാരിൽ നിന്ന് വ്യത്യസ്തനാണെന്ന് അവന് മനസ്സിലായത്... നല്ല വലിപ്പവും, തടിയും, ഇളം ചുവപ്പ് നിറവുമുള്ള ഒരു കുരങ്ങൻ... ആൽമരത്തിനു താഴെ ചെന്ന് കുരങ്ങന് നേരെ ഒരു കല്ലെടുത്തെറിഞ്ഞു അവൻ... അത് കൃത്യമയി കുരങ്ങന്റെ ദേഹത്ത് തന്നെ കൊണ്ടു... കുരങ്ങന് പക്ഷേ ഒരു കുലുക്കവുമുണ്ടായില്ല... ആ വാനരൻ രാഘവിന്റെ ബാഗ് വെറുതേ അങ്ങോട്ടും ഇങ്ങോട്ടും ആട്ടിക്കൊണ്ടിരുന്നു...

" ഹനുമാൻ സ്വാമിയെ ഓർത്ത്... ദയവു ചെയ്ത് അതെനിക്ക് തരൂ... " രാഘവ് കൈകൂപ്പി നിന്ന് യാചിച്ചു... താൻ ചെയ്യുന്നത് ഒരു കുരങ്ങൻ എങ്ങിനെ മനസ്സിലാക്കും എന്നൊന്നും അവനപ്പോൾ ചിന്തിച്ചില്ല... ആ ബാഗ് തിരികെ വാങ്ങിയെടുക്കുക എന്നത് മാത്രമായിരുന്നു അവന്റെ ലക്ഷ്യം...

ഒന്ന് തലകുമ്പിട്ട് നിവർന്ന രാഘവിന് തന്റെ കൂപ്പുകൈയിലേക്ക് ബാഗ് വന്ന് വീഴുന്നതായി അനുഭവപ്പെട്ടു... അത് അവന്റെ കൈകളിൽ കിടന്നാടി... രാഘവ് കൂപ്പുകൈയ്യോടെ തന്നെ മുകളിലേക്ക് നോക്കി... കുരങ്ങന്റെ രണ്ടു കൈകൾ കൂപ്പുകൈയുടെ രീതിയിൽ വരുന്നത് കണ്ടപ്പോൾ അവന്റെ കണ്ണുകൾ അത്ഭുതം കൊണ്ട് നിറഞ്ഞു... നിറകണ്ണുകളാൽ ആ വാനരന്റെ മുഖത്തേക്ക് നോക്കിയപ്പോൾ ഉന്തി നിൽക്കുന്ന താടിയിൽ ഒരു പാട് കിടക്കുന്നത് അവ്യക്തമായി അവൻ കണ്ടു... രാഘവ് എന്തോ ഓർത്തെടുക്കാൻ ശ്രമിച്ചു...

അപ്പോൾ ഉറക്കെ ശബ്ദം പുറപ്പെടുവിച്ചു കൊണ്ട് ആ കുരങ്ങൻ മരത്തിന്റെ മുകളിലേക്ക് ശരവേഗത്തിൽ പാഞ്ഞു കയറി... ആ കുരങ്ങന്റെ അടുത്ത നീക്കമെന്താണെന്ന് ഉദ്വോഗത്തോടെ നോക്കി നിന്ന രാഘവിനെ ഒന്ന് തിരിഞ്ഞു നോക്കിയതിനു ശേഷം കുറച്ചകലെയായി നിൽക്കുന്ന പേരറിയാത്ത വൻമരത്തിലേക്ക് ആ വാനരൻ ചാടി... നേരത്തേ പറഞ്ഞതു പോലെ പറന്നു എന്ന് പറയുന്നതായിരിക്കും ശരി... അൻപത് മീറ്ററോളം അകലെയായി നിൽക്കുന്ന ആ വൻമരത്തിലേക്ക് ഒറ്റക്കുതിപ്പിൽ പറന്ന ആ വാനരൻ ആ വൃക്ഷത്തിന്റെ ശിഖിരങ്ങളിലേക്കൊളിച്ചു... 'ഹനു' (താടി) മുറിഞ്ഞവൻ ഹനുമാൻ... ആ വാക്കുകൾ ഉരുവിട്ടപ്പോൾ അറിയാതെ അവന്റെ ഹൃദയം ഭക്തി കൊണ്ടും, കണ്ണുകൾ സന്തോഷം കൊണ്ടും നിറഞ്ഞു... ആ വൻമരത്തെ നോക്കി ഒന്നുകൂടി വണങ്ങിയ ശേഷം രാഘവ് ആ മലയിൽ നിന്ന് താഴേക്കിറങ്ങി...

അവിടെ നിന്ന് ആഞ്ജനേയ ക്ഷേത്രത്തിലെത്തിയ രാഘവ് അവിടത്തെ പ്രധാന പ്രതിഷ്ഠയായ ഹനുമാൻ സ്വാമിയെ തൊഴുതു... അതിനു ശേഷം അവിടെ ഒരു വലിയ പാത്രത്തിൽ പൊങ്ങിക്കിടക്കുന്ന കല്ലിലേക്ക് അവൻ നോക്കി... അത്ഭുതം തന്നെ... തനിക്ക് രാമേശ്വരത്ത് നിന്ന് വേണ്ടത് ഈ കല്ലിൽ നിന്നുള്ള പൊടിയാണ്... അല്ലെങ്കിൽ അതിന്റെ ഒരു കഷ്ണമാണ്... ഇത് കിട്ടിക്കഴിഞ്ഞാൽ പൊടിച്ചെടുക്കാം... പക്ഷേ ഇത് അപഹരിക്കുവാൻ കഴിയില്ല...

അതിനിനി ഒരു വഴിയേ ഉള്ളൂ... ഇപ്പോൾ സമുദ്രത്തിനടിയിലായി നിലകൊള്ളുന്ന രാമസേതുവിനെ കുറിച്ച് റിസർച്ച് നടത്തുന്ന ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ച്(ICHR)-ന്റെ ഗ്രൂപ്പിൽ കയറിപ്പറ്റണം... തന്റെ യാത്ര ഇപ്പോൾ അവരുടെ അടുത്തേക്കാണ്...

രാമസേതു മനുഷ്യ നിർമ്മിതമാണെന്ന് ഒരു കൂട്ടം ആളുകൾ വാദിക്കുന്നുണ്ട്... ഇത് പരിശോധിക്കാനായി സമുദ്രത്തിനടിയിൽ പര്യവേഷണം നടത്താൻ ഒരുങ്ങുകയാണ് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന് കീഴിലുള്ള ഇന്ത്യൻ ചരിത്ര ഗവേഷണ കൗൺസിൽ (ICHR)... ഇതുവരെ സമുദ്രത്തിനടിയിൽ നടത്തിയ ഗവേഷണങ്ങൾ പ്രകാരം രാമസേതുവെന്നും ആദം ബ്രിഡ്ജെന്നും അറിയപ്പെടുന്ന പാത സംബന്ധിച്ച് വ്യക്തമായ വിവരങ്ങളല്ല നൽകുന്നതെന്ന് ICHR അഭിപ്രായപ്പെടുന്നു...

സുഹൃത്ത് ഗോകുലിന്റെ സഹായത്തോടെ അവന്റെ ശ്രീലങ്കയിലുള്ള അങ്കിൾ ശിവദാസൻ വഴിയാണ് തനിക്ക് അവരുടെ സംഘത്തോടൊപ്പം നിൽക്കാൻ അവസരം ലഭിച്ചിരിക്കുന്നത്... ശ്രീലങ്കയിലെ ഇന്ത്യൻ എംബസിയിലാണ് അവന്റെ അങ്കിൾ ജോലി ചെയ്യുന്നത്... ICHR ഹിസ്റ്ററി ഡിപ്പാർട്ടുമെന്റുമായി അദ്ദേഹത്തിനുള്ള പിടിപാടാണ് രാഘവ് ഗോകുലിലൂടെ

പ്രയോജനപ്പെടുത്തിയത്... പിന്നെ താനൊരു ഹിസ്റ്ററി സ്റ്റുഡന്റാണെന്നതും ഒരു പ്ലസ് പോയിന്റാണ്... ഗോകുലിനോട് താൻ കുറച്ച് അകലം കാണിച്ചിട്ടുണ്ടെങ്കിലും അവനത് തന്നോട് ഇതുവരെ കാണിച്ചിട്ടില്ലെന്ന് രാഘവോർത്തു... ധനുഷ് കോടിയിലേക്ക് പോകുന്ന വഴിയെല്ലാം രാഘവ് തന്റെ ലാപ്ടോപിൽ സ്ഥലകാല വിവരങ്ങളെ ചികഞ്ഞു കീറി പരിശോധിച്ചു...

സേതുബന്ധനത്തിനായി രാമൻ വരുണദേവനെ പ്രാർത്ഥിച്ചപ്പോൾ സാഗരം രണ്ടായി പകുത്ത് ലങ്കയിലേക്ക് വഴിമാറിയെന്നാണ് രാമായണ ഭാഷ്യം...പക്ഷേ ഇപ്പോഴത്തെ പഠനം തെളിയിക്കുന്നത് ഈ ഭാഗത്ത് കടലിന് ആഴം കുറവായിരുന്നുവെന്നാണ്... കൂടാതെ അമേരിക്കക്കാർ ഈ 2017-ൽ രാമസേതു മനഷ്യനിർമ്മിതമാണെന്ന് പറയുമ്പോൾ നമ്മൾ അത് ശരിവയ്ക്കുന്നു... അമേരിക്കക്കാർ വന്ന് പറഞ്ഞിട്ട് വേണം ചിലർക്ക് അതൊക്കെ മനസ്സിലാവാൻ... എന്തു പറയാൻ, സ്വന്തം നാടിനെക്കുറിച്ച് അറിയില്ലെങ്കിൽ മറുനാട്ടുകാരെ ആശ്രയിച്ചല്ലേ പറ്റൂ... ഹും... അവരുടെ പഠനം അനുസരിച്ച് ഈ പാലം ഉണ്ടാക്കിയിരിക്കുന്നത്, കടൽത്തിട്ടയുടെ മുകളിൽ കല്ല്- അതിനു മുകളിൽ മരത്തടികൾ... അങ്ങിനെ അടുക്കുകളായി എന്നാണ്... ഈ കല്ലുകളിൽ ചുണ്ണാമ്പിന്റെ അംശം ഉള്ളതായി നേരത്തേ തന്നെ കണ്ടെത്തിയിട്ടുള്ളതാണ്...

രാമേശ്വരത്ത് നിന്നും റിസർച്ച് സെന്ററിന്റെ ആസ്ഥാനമായ ധനുഷ് കോടിയിലേക്ക് ബസ്സിൽ യാത്ര ചെയ്യുമ്പോൾ രാഘവിന്റെ മനസ്സിൽ ആ പ്രദേശത്തിന് തന്റെ കഥയിലുള്ള പ്രാധാന്യത്തെക്കുറിച്ചുള്ള ചിന്തയായിരുന്നു... ഐതീഹ്യ പ്രകാരം രാമന്റെ സീതാന്വേഷണം വന്ന് നിൽക്കുന്നത് ഇവിടെയാണ്... പക്ഷി ശ്രേഷ്ഠനായ സമ്പാതി തന്റെ ദീർഘ വീക്ഷണത്താൽ സീത ലങ്കയിൽ ഉണ്ടെന്ന് കണ്ടുപിടിച്ചു എന്നാണ് പറയുന്നത്... അത് അത്ര വിശ്വാസ യോഗ്യമായി രാഘവിന് തോന്നിയില്ല... ധനുഷ് കോടിയിൽ നിന്ന് 30കിലോ മീറ്റർ ദൂരമുണ്ട് ശ്രീലങ്കയിലേക്ക്... അതെങ്ങിനെ ഒരു പക്ഷിക്ക് കാണാനാകും... പക്ഷേ അങ്ങിനെയൊരു അറിവ് ആ പക്ഷിക്ക് കിട്ടിയാൽ അതെങ്ങിനെ മനുഷ്യനായ രാമനോട് അറിയിച്ചു എന്നതിൽ വിസ്മയപ്പെടാനുള്ള കാര്യമില്ല... അതിനു കാരണം ചൈനീസ് സഞ്ചാരിയായ ഹുയാൻസാങ്ങിന്റെ ഒരു ലേഖനമായിരുന്നു... അദ്ദേഹത്തിന്റെ ലോകസഞ്ചാരത്തിനെ പറ്റി പറയുന്ന പുസ്തകത്തിൽ പുരാതന ഭാരതത്തിൽ അദ്ദേഹം സന്ദർശനത്തിനായി വന്നപ്പോൾ നളന്ദ, തക്ഷശില സർവ്വകലാശാലകളിൽ പക്ഷികളോട് സംസാരിക്കുന്ന പണ്ഡിതൻമാരെ അദ്ദേഹം കണ്ടു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്...എത്രയോ സംശയങ്ങൾ ദൂരീകരിക്കാൻ കിടക്കുന്നു... എന്തൊക്കെ സംശയനിവാരണം നടത്തിയാലും രഹസ്യങ്ങൾ കൂടിക്കൂടി വരുന്ന പോലെ അവനു തോന്നി... എല്ലാം തന്റെ തോന്നലുകൾ മാത്രമാണോ?... കാലം അതെല്ലാം തന്റെ വെറും തോന്നലുകളല്ല എന്നാണു തെളിയിക്കുന്നത്...

ഈ 'ചന്ദ്രഹാസം' ഒരു അപാരസംഭവം തന്നെ... രാവണൻ ഇതെങ്ങിനെ കൈക്കലാക്കി... ശിവൻ ജീവിച്ചിരുന്നത് കൈലാസത്തിലാണ്... കെ.ആർ.രാമചന്ദ്രന്റെ 'ഉത്തർഖണ്ഡിലൂടെ ഒരു യാത്ര' എന്ന പുസ്തകത്തിൽ നിന്നാണ് കൈലാസത്തെ കുറിച്ചുള്ള വിവരങ്ങൾ രാഘവ് മനസ്സിലാക്കുന്നത്... ശിവൻ വസിക്കുന്നത് കൈലാസത്തിലാണെന്ന് പണ്ടൊക്കെ മുത്തശ്ശി പറഞ്ഞ് കേട്ടിരുന്നുവെങ്കിലും അതൊക്കെ ഒരു കഥയായി മാത്രമേ ഞാൻ കരുതിയിരുന്നുള്ളൂ... പക്ഷേ ആ പുസ്തകം വായിച്ചു കഴിഞ്ഞപ്പോഴാണ് കൈലാസം എന്നത് നേപ്പാളിലെ ഒരു പർവ്വതം ആണെന്ന് അറിയുന്നത്... ഇന്റർനെറ്റിൽ maps.google.com സൈറ്റിൽ കേറി സെർച്ച് ബോക്സിൽ Mount kailas എന്നോ kangrinboqe Peak എന്നോ ടൈപ്പ് ചെയ്ത് സെർച്ച് ചെയ്താൽ കൈലാസ പർവ്വതത്തിന്റെ മുകളിൽ നിന്നുള്ള ദൃശ്യം നമുക്ക് കാണാൻ കഴിയും... അതിനു താഴെയായി നീണ്ടു പരന്നു കിടക്കുന്ന മാനസസരോവർ തടാകവും കാണാം...

തന്റെ അഭിപ്രായത്തിൽ ശിവൻ എന്നത് അവിടെ വസിച്ചിരുന്ന അതിശക്തിയുള്ള ഒരു സന്യാസിവര്യൻ ആകാനാണു സാധ്യത...അല്ലെങ്കിൽ ഇപ്പോൾ പുറത്ത് വന്നിരിക്കുന്ന അമീഷ് എന്ന എഴുത്തുകാരന്റെ 'മെലൂഹയിലെ ചിരഞ്ജീവികൾ' എന്ന നോവലിൽ പറയുന്നതു പോലെ ഒരു ഗോത്രവർഗ്ഗ നേതാവ്... രാവണൻ തപസ്സു ചെയ്ത് ശിവന്റെ പക്കൽ നിന്ന് ഈ ആയുധം കരസ്ഥമാക്കിയെന്നോ?... രാഘവിന് അൽപം കൺഫ്യൂഷൻ തോന്നി... തനിക്കറിയാൻ പാടില്ലാത്ത എന്തൊക്കെ കാര്യങ്ങൾ ഈ ലോകത്ത് നടക്കുന്നു... എല്ലാം പതിയെ പതിയെ തെളിഞ്ഞു വരുമായിരിക്കും... ഇപ്പൊ എല്ലാം ഒരു പ്രഹേളികയാണ്...

എന്തൊക്കെ പറഞ്ഞാലും രാമൻ സീതയെത്തേടി ലങ്കയിലേക്ക് പോയിട്ടുണ്ട്... അതിന്റെ ഉറച്ച സാക്ഷ്യമാണ് രാമസേതു... ഐതീഹ്യം പറയുന്നത്... രാവണൻ അപഹരിച്ചു കൊണ്ട് പോയ സിതാ ദേവിയെ അമ്പഷിച്ച് രാമേശ്വരത്ത് എത്തിയ രാമനും ലക്ഷ്മണനും വാനരസേനയും രാമശേരത്തു നിന്ന് ലങ്കയിലേക്ക് കടക്കാൻ വെള്ളത്തിൽ പൊങ്ങി കിടക്കുന്ന കല്ലുകൾ കൊണ്ട് ഉണ്ടാക്കിയ വലിയ സേതു അഥവാ പാലം ആണ് രാമസേതു... രാമ ഭക്തിയിൽ നിറഞ്ഞ വാനര സേന ഓരോ ശിലയിലും രാമാ എന്ന് എഴുതി ആണ് ഈ പാലത്തിൽ കല്ലുകൾ ഇട്ടതു എന്ന് രാമായണത്തിൽ പറയുന്നു... ഈ രാമസേതു ഉപയോഗിച്ച് രാമനും തന്റെ സേനയും ലങ്കയിൽ കടക്കുകയും രാവണനിൽ നിന്നും സീതാദേവിയെ മോചിപ്പിക്കുകയും ചെയ്തു...

രാമസേതു മനുഷ്യ നിർമ്മിതമോ അതോ പ്രകൃതിയുടെ അത്ഭുതമോ?... ചർച്ചകൾ കൊടുംബിരി കൊള്ളുമ്പോഴും മനുഷ്യചിന്തക്ക് പിടി തരാതെ സമുദ്രത്തിനടിയിൽ നീണ്ട് നിവർന്ന് കിടക്കുകയാണതങ്ങനെ... ഒന്നും രണ്ടുമല്ല... മുപ്പത് കിലോ മീറ്റർ!! അറിവുകൾ സഞ്ചരിക്കുകയാണ് രാമസേതുവിനു പിന്നിലെ നിഗൂഢതകൾ തേടി...മനുഷ്യബുദ്ധിക്കും ശാസ്ത്രത്തിനും അതീതമായ ചില കാര്യങ്ങൾ ഇന്നും ഈ ലോകത്തുണ്ട് എന്നതിന് തെളിവാണ് രാമസേതു... ആഗോളതലത്തിൽ വരെ ചർച്ച ചെയ്യപ്പെട്ട ഈ പാത തേടിയും, ഇതിന്റെ ഉത്ഭവത്തിന് പിന്നിലെ രഹസ്യം തേടിയും നിരവധി ശാസ്ത്രജ്ഞരാണ് ഇന്ത്യയിൽ ദിനംപ്രതി വന്നുചേരുന്നത്...

എന്താണ് രാമസേതു ?... ഇന്ത്യയിലെ പലർക്കും രാമസേതു അജ്ഞാതമാണ് എന്നതാണ് മറ്റൊരു സത്യം... ഇന്ത്യയിലെ രാമേശ്വരത്തിനും ശ്രീലങ്കയിലെ മാന്നാർ ദ്വീപിനും ഇടയിലെ പാതയാണ് രാമസേതു... രാമസേതു എന്ന് ഇന്ത്യയിൽ അറിയപ്പെടുമ്പോൾ 'ആഡംസ് ബ്രിഡ്ജ്' എന്നാണ് ഇത് ആഗോള തലത്തിൽ അറിയപ്പെടുന്നത്.... നാട രൂപത്തിലുള്ള ഈ പാത ചുണ്ണാമ്പുകല്ലുകൾ കൊണ്ടുള്ള ഉയർന്ന പ്രദേശമാണ്... കടലിലെ ജലപ്രവാഹം നിമിത്തം പവിഴപ്പുറ്റുകളിൽ മണൽ നിക്ഷേപിക്കപ്പെട്ട് രൂപം കൊണ്ട തിട്ടാണിത്... 30 കി.മി നീളമുള്ള രാമസേതു ഭാരതത്തിനും ശ്രീലങ്കയ്ക്കും ഇടക്കുള്ള പാലമായി ഉപയോഗിച്ചിരുന്നു എന്ന് ചില ഗവേഷണങ്ങൾ തെളിയിക്കുന്നു... 1480 CE യിൽ ഉണ്ടായ കൊടുങ്കാറ്റിൽ പെടുന്നത് വരെ ഇത് ജല പരപ്പിനു മുകളിൽ കാണാമായിരുന്നു എന്ന് ചില പുരാതന രേഖകൾ പറയുന്നു...

ഇൻഡ്യയുടെ ദക്ഷിണഭാഗത്തെ (South) കപ്പൽച്ചാൽ ഇപ്പോഴുള്ളത് ശ്രീലങ്കയെ ചുറ്റിയാണു പോകുന്നത്... ഈ രാമസേതു ഡ്രഡ്ജ് ചെയ്ത് (മണ്ണ് കുഴിച്ചെടുക്കുക) അവിടെ ആഴം കൂട്ടിയാൽ ശ്രീലങ്കയെ ചുറ്റാതെ കപ്പലുകൾക്ക് ഇൻഡ്യൻ തീരത്ത് കൂടിപ്പോകാം എന്നൊരു നിർദ്ദേശം ഇടയ്ക്ക് പേപ്പറിലൊക്കെ വന്നിരുന്നു...പക്ഷേ രാമസേതുവാദക്കാർ ഈ മേഖലയിൽ ഡ്രഡ്ജിംഗ് നടത്തുന്നതിനെ എതിർത്തു... പുരാണ കഥാപാത്രമായ ശ്രീരാമന്റെ വാനരസേനയാണ് ലങ്കയിലേയ്ക്കുള്ള പാലം നിർമ്മിച്ചതെന്നും, മതവിശ്വാസവുമായി ബന്ധപ്പെട്ട പ്രശ്നമായതിനാൽ ഈ ഭാഗത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും

പാടില്ലെന്നുമാണ് അവരുടെ വാദം... പാലം നിർമ്മിക്കാൻ രാമൻ ഏത് എഞ്ചിനിയറിംഗ് കോളേജിലാണ് പഠിച്ചതെന്ന് അക്കാലത്ത് തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന എം.കരുണാനിധി പരിഹസിച്ചത് വിവാദമാവുകയും ചെയ്തു...

ഇപ്പോഴിതാ രാമസേതു മനുഷ്യ നിര്മ്മിതമാണെന്ന വാദവുമായി അമേരിക്കൻ ചാനല്... സയന്സ് ചാനലിലാണ് ഇതു സംബന്ധിച്ച വാദങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്... ചാനല് റിലീസ് ചെയ്ത പ്രമോഷണൽ വീഡിയോയിൽ രാമസേതു സ്വാഭാവികമായി രൂപപ്പെട്ടതല്ലെന്നും മനുഷ്യ നിര്മിഷതിയാണെന്നും വിശദീകരിക്കുന്നുണ്ട്... ഹിന്ദു വിശ്വാസ പ്രകാരമുള്ള രാമസേതു സത്യമാണോയെന്ന ചോദ്യമാണ് പ്രമോ ഉന്നയിക്കുന്നത്... രാമസേതു സത്യമാണെന്നാണ് ശാസ്ത്രജ്ഞര് പറയുന്നതെന്നും പ്രമോ വീഡിയോ വിശദീകരിക്കുന്നു... സാറ്റലൈറ്റ് ചിത്രങ്ങള് പരിശോധിക്കുമ്പോൾ രാമസേതു സ്വാഭാവികമായി രൂപപ്പെട്ടതല്ലെന്നും, മനുഷ്യ നിര്മികതമാകാമെന്നും, 5000 വര്ഷതങ്ങള്ക്ക്. മുമ്പ് നിര്മിക്കപ്പെട്ടതാകാമെന്നും ഇക്കാലത്ത് ഇത്തരത്തിൽ പാലം പണിയൽ ഒരു അതിമാനുഷ കൃത്യമായി തോന്നാമെന്നും വീഡിയോയില് പറയുന്നു...

രാമസേതുവില് കാണപ്പെടുന്ന പാറക്കഷണങ്ങൾ അതിൽ കാണുന്ന മണലിനേക്കാൾ പഴയതാണെന്നും സേതുവിലെ പാറകള്ക്കി ടയിൽ പിന്നീട് മണൽ അടിഞ്ഞു കൂടിയതാണെന്നുമാണ് ശാസ്ത്രജ്ഞര് പറയുന്നത്... രാമസേതുവിലെ പാറകള്ക്ക്ി 4000 വര്ഷയത്തെ പഴക്കമുണ്ട്... എന്നാല് അതിനു മുകളില് കാണപ്പെടുന്ന മണലിന് 7,000 വര്ഷയത്തെ പഴക്കമുണ്ടന്ന് വീഡിയോയിൽ പറയുന്നു...

ധനുഷ്കോടി വഴി രാമസേതുവിൽ എത്തിച്ചേരാം... ധനുഷ്കോടിയിൽ നിന്നും 20 കിമി അകലെയാണ് രാമസേതു... ധനുഷ് കോടിയിൽ ICHR-ന്റെ ക്യാമ്പിൽ എത്തിച്ചേർന്ന രാഘവിന് കുറച്ച് ദിവസം അവിടെ അവരുടെ ഒപ്പം ചിലവഴിക്കുവാനുള്ള അവസരം കിട്ടി... നാളെ ധനുഷ് കോടിയിൽ നിന്ന് കടലിലേക്ക് ഒരു യാത്ര പോകുന്നുണ്ട്... അതിനു ശേഷമാണ് റിസർച്ച് ആരംഭിക്കുക... കൊല്ലത്ത് നിന്നുള്ള ഹിസ്റ്ററി സ്റ്റുഡന്റ് ആരാധന എന്നൊരു പെൺകുട്ടിയെ രാഘവിന് കൂട്ടായി കിട്ടി... നിഷ്കളങ്കമായ മുഖമുള്ള എപ്പോഴും സംസാരിച്ചു കൊണ്ടിരിക്കുന്ന ഒരു ചിരിക്കുടുക്ക - അതായിരുന്നു അവൾ... രാമസേതുവിനെപ്പറ്റിയൊക്കെ രാഘവിനേക്കാൾ കൂടുതൽ അറിവുള്ള ആരാധനയ്ക്ക് രാഘവിന്റെ സംശയങ്ങൾക്ക് മറുപടി കൊടുക്കുവാൻ വളരെ ഉൽസാഹമായിരുന്നു... അവളിൽ നിന്ന് ധനുഷ് കോടിയെപ്പറ്റി രാഘവ് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കി...

1964 വരെ സമൃദ്ധിയുടെയും സമാധാനത്തിന്റെയും നാടായിരുന്നു ധനുഷ്കോടി... ഒരു വശത്തു രാവണന്റെ ആസുരഭാവത്തോടെ ബംഗാൾ ഉൾക്കടലും, മറുവശത്തു ശ്രീരാമന്റെ സാത്വികഭാവത്തോടെ ഇന്ത്യൻ മഹാ സമുദ്രവും അതിരിടുന്ന ധനുഷ്കോടി...

ത്രേതായുഗത്തിൽ, സീതാന്വേഷണത്തിനായി ശ്രീരാമൻ ശ്രീലങ്കയിലേക്ക് തന്റെ വാനരസൈന്യത്തെ നയിക്കുവാനായി, പാലം (സേതു) നിർമ്മിച്ചത് ഇവിടെ നിന്നാണത്രെ... അന്ന് ശ്രീരാമൻ തന്റെ വില്ലിന്റെ(ധനുഷ്) അഗ്രം(കോടി) കൊണ്ട് സേതുനിർമ്മാണം തുടങ്ങേണ്ട സ്ഥലം ചൂണ്ടിക്കാണിച്ചു കൊടുത്തു എന്നും, ആ സ്ഥലം പിന്നീട് ധനുഷ് കോടി എന്നറിയപ്പെട്ടു എന്നും ഐതിഹ്യം...ഇവിടെ നിന്നും ശ്രീലങ്കയിലേക്ക് വെറും 23 മൈലുകൾ മാത്രമാണ് ദൂരം... അത്രയും കുറച്ച് അകലത്തിൽ..... രണ്ടു രാജ്യങ്ങൾ.... രണ്ടു ഭരണ രീതികൾ....രണ്ടു സംസ്കൃതികൾ... രണ്ടു സംസ്കാരങ്ങൾ... രണ്ടു ജനതകൾ... നല്ലവഴി ഉപദേശിച്ചു എന്ന ഒറ്റക്കാരണത്താൽ, രാവണൻ ലങ്കയിൽ നിന്നും പുറത്താക്കിയ സഹോദരൻ വിഭീഷണൻ, ശ്രീരാമന്റെ അടുത്തു അഭയം ചോദിച്ചെത്തിയതും ഈ ധനുഷ്കോടി തീരത്തു തന്നെ...

ഐതിഹ്യങ്ങൾ ഇങ്ങനെ ഒന്നിനു പുറകെ മറ്റൊന്നായി മനസിലേക്കോടിയെത്തുമ്പോൾ, വെറും വിളിപ്പാടകലെയുള്ള ആ മരതകഭൂമിയെ (ലങ്കയെ) ഒന്നു നേരിൽ കാണാൻ രാഘവ് വല്ലാതെ ആശിച്ചു പോയി...

പക്ഷെ 1964 ഡിസംബർ-22 നു, മണിക്കൂറിൽ 280km ശക്തിയിൽ വീശിയടിച്ച ആ കൊടുങ്കാറ്റ് ഈ ധനുഷ്കോടിയുടെ തലവര തന്നെ മാറ്റി വരച്ചു... വിവിധ ആരാധനാലയങ്ങളും, റെയിൽവേസ്റ്റേഷനും, പള്ളിക്കൂടങ്ങളും, പോസ്റ്റോഫീസും ഒക്കെ ഉണ്ടായിരുന്ന ഈ സുന്ദരനാട് ഒറ്റ നിമിഷം കൊണ്ട് ഒരു ശ്മശാന ഭൂമിയായി മാറി... ഏഴു മീറ്ററോളം ഉയരത്തിൽ തിരമാലകളുയർത്തി ആ കൊടുങ്കാറ്റ് ആഞ്ഞു വീശിയപ്പോൾ, 115 യാത്രക്കാരുമായി പാമ്പൻ-ധനുഷ്കോടി പാസഞ്ചർ ട്രെയിൻ അപ്പാടെ അതിൽ അപ്രത്യക്ഷമായി... ഔദ്യോഗിക കണക്കനുസരിച്ചു ആകെ മരണസംഖ്യ 1800 ആണ്... എന്നാൽ തദ്ദേശവാസികൾ പറയുന്നത് ആകെയുണ്ടായിരുന്ന 12000 പേരിൽ 9000 പേരും അന്ന് ആ ദുരന്ത ഭൂമിയിൽ നാമാവശേഷരായി എന്നാണ്... തുടർന്ന്, അന്നത്തെ മദ്രാസ് സർക്കാർ ഈ പ്രദേശത്തെ 'ghost town' അഥവാ 'പ്രേത നഗരം' ആയി പ്രഖ്യാപിച്ചു...വാസയോഗ്യമല്ലാത്തതിനാൽ നേവിക്കു കൈമാറുകയായിരുന്നു... ഇന്നും അതേ സ്ഥിതി തുടരുന്നു...

ആരാധന നൽകിയ വിവരങ്ങളെല്ലാം രാഘവ് തന്റെ ലാപ് ടോപ്പിലെ വിവരങ്ങളിലേക്ക് കൂട്ടിച്ചേർത്തു...

പിറ്റേന്ന് ധനുഷ് കോടി ബീച്ചിലൂടെയുള്ള വാൻ യാത്രയ്ക്ക് ആവേശപൂർവം ഞങ്ങൾ തയ്യാറായി... ഇതിനകം ആരാധനയോട് ഒരുപാട് കാര്യങ്ങൾ രാഘവ് സംസാരിച്ചു... ഇരുവരും രാമസേതുവിന്റെ ഗവേഷണത്തിൽ ഏർപ്പെട്ടിരുന്നതിനാൽ അവർക്കിടയിൽ സംസാരത്തിനുള്ള വിഷയങ്ങൾ നിമിഷം തോറും പൊട്ടിമുളച്ചു കൊണ്ടിരുന്നു...

യാത്രയ്ക്കായി ധനുഷ് കോടി ബീച്ചിലെത്തിയ ഞങ്ങൾ കണ്ടത് പഴകി തുരുമ്പിച്ച കുറെ മഹീന്ദ്ര 4-wheel drive വാനുകളാണ്... ഒന്നു സംശയിച്ച ഞങ്ങളോട് ഗൈഡ് പറഞ്ഞു " ധൈര്യമായി കയറിക്കോളൂ... ഇത് നിങ്ങൾക്കു വേറിട്ട ഒരു അനുഭവം തന്നെയായിരിക്കും..." എന്തായാലും അതു വിശ്വസിച്ചു ഞങ്ങൾ കയറി... ആകെ 16 പേരെ നിറച്ചാണ് ഓരോ വാനും പുറപ്പെടുന്നത്... രാഘവും ആരാധനയും കയറിയ വാനിൽ റിസർച്ച് ഗ്രൂപ്പിൽ നിന്ന് അവർ മാത്രമേ ഉണ്ടായിരുന്നുള്ളൂ... യാത്ര തുടങ്ങി...

ബീച്ചിലൂടെ, പകുതി വെള്ളത്തിലും പകുതി കരയിലുമായി, വെള്ളം ചീറ്റി തെറിപ്പിച്ചു ഒരു കിടിലൻ യാത്ര, അതായിരുന്നു രാഘവിന്റെ മനസ്സിൽ... പക്ഷേ ആരാധനയുടെ മുഖഭാവത്തിൽ നിന്ന് അവൾ ഇതിനെക്കുറിച്ച് നേരത്തെ അറിഞ്ഞിട്ടുണ്ടെന്നും, രാഘവ് ഉദ്ദേശിച്ച പോലുള്ള യാത്രയല്ല അതെന്നും അവന് മനസ്സിലായി...

പതുക്കെ മണൽത്തിട്ട വഴി നീങ്ങിത്തുടങ്ങിയ വാൻ നേരെ കടലിലേക്കിറങ്ങി... തീരത്തിന് സമാന്തരമായല്ല മറിച്ച് നേരെ കടലിലേക്കാണ് യാത്ര... തിരക്കില്ലാത്ത ഏതോ ഹൈവേയിൽ ഡ്രൈവ് ചെയ്യുന്ന അതേ ലാഘവത്തോടെ ഡ്രൈവർ അങ്ങിനെ ഓടിച്ചു പോവുകയാണ്... വെള്ളം ഏതാണ്ട് വണ്ടിയുടെ പ്ലാറ്റുഫോമിന്റെ അതേ നിരപ്പിലെത്തി... ഒരിഞ്ചുകൂടി മുങ്ങിയാൽ വെള്ളം ഉള്ളിലേക്ക് കയറും എന്ന സ്ഥിതിയായി... വണ്ടിയിലുണ്ടായിരുന്ന സ്ത്രീകൾ പലരും കണ്ണുകൾ ഇറുക്കിയടച്ചു... ഇടയ്ക്ക് വണ്ടി കരയിലെ മണലിലേക്കു കയറി... ഓ... ആശ്വാസം! പക്ഷെ, അതാ അതു നമ്മൾ ഗൾഫിലെ മരുഭൂമിയിൽ കണ്ടിട്ടുള്ള 'ഡെസേർട് റൈഡ്' പോലെ ചാഞ്ഞും ചരിഞ്ഞും കിതച്ചും ഒക്കെ മുന്നോട്ടു കുതിച്ചു....!!

വീണ്ടും നേരെ കടലിലേക്ക്... പിന്നെ കരയിലേക്ക്... അങ്ങിനെ ഏതാണ്ട് ഒരു മണിക്കൂറോളം ഉള്ള 'സാഹസിക കര - കടൽ യാത്ര'-ക്കു ശേഷം ഞങ്ങൾ ധനുഷ് കോടിയിലെ മുനമ്പിലേക്കെത്തി... ഇനി കുറച്ചു സമയം നമുക്ക് സ്വതന്ത്രമായി കാഴ്ച്ചകൾ കാണാനുള്ളതാണ്... പിന്നെ അതേ വാനിൽ മടങ്ങണം...

മുൻപ് സൂചിപ്പിച്ച, രണ്ടു മഹാസമുദ്രങ്ങളുടെ സംഗമം... അത്യപൂർവ്വമായ കാഴ്ച... പിന്നെ, തകർന്നു പോയ ആ പഴയ ധനുഷ്കോടിയുടെ ബാക്കിയിരിപ്പുകൾ... അവയിൽ, വീടുകൾ, പള്ളികൾ, അമ്പലങ്ങൾ, റെയിവേ സ്റ്റേഷൻ, സ്കൂൾ... എല്ലാം ഉൾപ്പെടുന്നു... തകർന്നു വീണ വീടുകളുടെ അവശിഷ്ടങ്ങൾ കാണവെ, രാഘവിന്റെ കണ്ണുകൾ അറിയാതെ നിറഞ്ഞു... എത്രയോ മോഹങ്ങൾ ഉള്ളിലൊളിപ്പിച്ച മനുഷ്യരായിരുന്നു ഇവിടെ വസിച്ചിരുന്നത്?... മഹാസമുദ്രങ്ങളുടെ സംഗമഭൂമിയിൽ, ശ്രീരാമപാദം പതിഞ്ഞ ഈ പുണ്യഭൂമിയിൽ, ഒരു ജന്മം മുഴുവൻ ജീവിക്കാൻ അവസരം കിട്ടിയ തങ്ങൾ എത്ര ഭാഗ്യം ചെയ്തവരാണ് എന്ന് അവർ കരുതിയിരുന്നിരിക്കില്ലേ ? അഥവാ, ഒരല്പം അഹങ്കരിച്ചിരിക്കില്ലേ?

മര്യാദാപുരുഷനായ ശ്രീരാമന്റെ, വാനരസൈന്യത്തെപ്പോലെ ഉത്സാഹഭരിതരായി, ഈ വീടുകളിലെ കരുമാടിക്കുട്ടന്മാരായ കുട്ടികൾ ഈ തീരത്തെല്ലാം ഓടിക്കളിച്ചിരുന്നില്ലേ? നേരം വെളുക്കുവോളം കടലിൽ പണിയെടുത്തിരുന്ന, കരിവീട്ടി കടഞ്ഞ മേനിയഴകുള്ള ഇവിടുത്തെ യുവാക്കൾ, തങ്ങളുടെ കാമിനിമാരെ സ്വപ്നം കണ്ടു, സായാഹ്നങ്ങൾ ഈ കടപ്പുറത്തല്ലേ ചിലവഴിച്ചിരിക്കുക? അവരുടെ കാമുകിമാർ അത് കാണാൻ ഓലപ്പഴുതിലൂടെ ഒളിച്ചു നോക്കിയിരുന്നത് ഈ കടലോരത്തല്ലേ?... 1964 ലെ അഭിശപ്തമായ ആ ഒരേയൊരു ദുരന്തദിവസം ഉണ്ടായിരുന്നില്ലെങ്കിൽ? അവരൊയൊക്കെ അല്ലെങ്കിൽ അവരുടെ പിൻതലമുറക്കാരെയെങ്കിലും ഇന്നിവിടെ ഞങ്ങൾക്ക് കാണാനാവുമായിരുന്നില്ലേ? ഉവ്വ്.... തീർച്ചയായും... ആരാധനയുടെ വിവരണത്തിൽ മനം കലങ്ങിയ രാഘവ് തന്റെ മുഖം കൈകളിൽ താങ്ങി ഇരുന്നു...

ഇത്തരം ചിന്തകൾ മനസിനെ വല്ലാതെ നൊമ്പരപ്പെടുത്തിയതിനാലാകണം, രാഘവിന് ആ മഹാസമുദ്രസംഗമം കൺനിറയെ കണ്ടു ആസ്വദിക്കാനായില്ല... ആരാധന അവനെ കൌതുകത്തോടെ നോക്കി... താൻ പറയുന്ന കാര്യങ്ങൾ ആ ചെറുപ്പക്കാരനിൽ ഉളവാക്കുന്ന വിഷമം ആ പെൺകുട്ടിക്ക് മനസ്സലായി... അവൾ അവനെ സമാധാനിപ്പിക്കുവാനായി തോളിൽ തട്ടി...

പെട്ടെന്ന് ആകാശത്തു ഒരു ഇരമ്പം...

“അതാ രാവണന്റെ ആ പുഷ്പകവിമാനം...” രാഘവിന്റെ ശബ്ദം അൽപം ഉച്ചത്തിലായിരുന്നു... ആരാധന പേടിച്ചു പോയി... അവൾ ആ ശബ്ദം വന്നയിടത്തേക്ക് മിഴികൾ പായിച്ചു... അങ്ങകലെ പൊട്ടുപോലെ കാണപ്പെടുന്ന ഒരു പേടകം അത് അടുത്തടുത്ത് വരുന്നു.... ആകാംക്ഷയോടെയും അതിലേറെ അത്ഭുതത്തോടെയും അവൾ കണ്ണിമയ്ക്കാതെ നോക്കി... പക്ഷെ, അടുത്തെത്തിയപ്പോൾ ആണ് മനസിലായത് അത് നമ്മുടെ നാവികസേനയുടെ ഹെലികോപ്റ്റർ ആണെന്ന്!... പതിവ് നിരീക്ഷണ പറക്കൽ നടത്തുകയാവാം...

“ രാഘവ് നിന്റെ മനസ്സ് എന്തിലോ ഉടക്കിക്കിടക്കുകയാണ്... അതാണ് ഇങ്ങിനെയൊക്കെ തോന്നുന്നത്...” അവനെ നോക്കി ചിരിച്ചു കൊണ്ട് അവൾ പറഞ്ഞു...

രാഘവിന്റെ മുഖത്ത് പക്ഷേ ഒരു ഭാവവ്യത്യാസവും ഉണ്ടായിരുന്നില്ല...

“രാവണൻ ഉണ്ടായിരുന്നെങ്കിൽ ഇപ്പോഴും ആ പുഷ്പക വിമാനം ഈ കടലിനു മുകളിൽ കൂടി പറന്നേനെ ആരാധനാ...” ഉറച്ച ശബ്ദത്തോടെ അവനത് പറഞ്ഞപ്പോൾ അവൾ വിടർന്ന കണ്ണുകളോടെ അവനെ നോക്കി...

“ ആർ യു ബിലീവ് ഇൻ തോസ് കൈൻഡ് ഓഫ് മിസ്റ്ററീസ്?... ” വിസ്മയത്തോടെയുള്ള അവളുടെ ചോദ്യത്തിന് രാഘവ് ഒന്ന് പുഞ്ചിരിക്കുക മാത്രം ചെയ്തു...

വാൻ ഒരു കൊച്ചു മുൻമ്പിൽ എത്തി... വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന, വലിയ ഒരു കല്ല് സൂക്ഷിച്ചിരിക്കുന്ന ഒരു ചെറു ഗണപതിക്ഷേത്രമുണ്ട് ഇവിടെ... അനുവദിക്കപ്പെട്ട സമയം കഴിഞ്ഞതും ഡ്രൈവർ ഞങ്ങളെ അന്വേഷിച്ചെത്തി... പിന്നെ, നേരത്തെ പറഞ്ഞ കര-കടൽ യാത്രയിലൂടെ മടക്കം... മടക്കയാത്രയിൽ, വലതു വശത്തായി ഒരു ചെറു ദ്വീപിൽ സ്ഥിതിചെയ്യുന്ന കോദണ്ഡരാമസ്വാമിക്ഷേത്രം കൂടി സന്ദർശിച്ചു ഞങ്ങൾ നേരെ രാമേശ്വരത്തേക്കു മടങ്ങി... 1964 ലെ കൊടുങ്കാറ്റിനെ അതിജീവിച്ചത് ഈ ക്ഷേത്രം മാത്രമായിരുന്നു...

യാത്ര തുടങ്ങിയ ബീച്ച് ഏരിയയിലേക്ക് തിരികെ എത്തിയപ്പോൾ സായാഹ്നമായിരുന്നു... വാനിൽ നിന്നിറങ്ങി റോഡിലേക്ക് നടക്കുമ്പോഴായിരുന്നു ആ കാഴ്ച കണ്ടത്... കുറച്ച് കുരങ്ങൻമാർ- ഒരു ഇരുപതെണ്ണമെങ്കിലും ഉണ്ടാവും... റോഡിന്റെ ഇരുവശങ്ങളിലായി ഉള്ള ചെറിയ അരമതിലിൽ കേറി നിലയുറപ്പിക്കുന്നു... എല്ലാ കുരങ്ങൻമാരുടേയും നോട്ടം എത്തുന്നത് ഞങ്ങളിലേക്കാണ്... അല്ല തന്നിലേക്കാണ്... രാഘവിന് ഒരു ഉൾക്കിടിലമുണ്ടായി... രണ്ട് വശത്തും ഒരേ അകലത്തായിരുന്ന കുരങ്ങൻമാർ ഒരു അസാധാരണ കാഴ്ചയായിരുന്നു...

രാഘവും ആരാധനയും അങ്ങോട്ട് നടന്നടുക്കേ ഇരുവശത്തുമുള്ള കുരങ്ങൻമാർ തല ചെറുതായി കുനിച്ച് അവനെ നോക്കിക്കൊണ്ട് അവരുടെ കൈകൾ മലർത്തി തലയ്ക്ക് മുകളിലേക്ക് ഉയർത്തി... മറ്റ് സഞ്ചാരികളൊക്കെ ഈ കാഴ്ച കണ്ട് അന്തം വിട്ടു നിന്നു... എല്ലാവരും തങ്ങളുടെ മൊബൈൽ ക്യാമറകൾ ഓണാക്കി ആ രംഗം പകർത്താൻ ശ്രമിച്ചു... കൂടെ ആരാധനയും... പക്ഷേ അവളുടെ മൊബൈലിൽ ക്യാമറ വർക്ക് ചെയ്യുന്നില്ല... അവൾ വീണ്ടും വീണ്ടും ക്യാമറ പ്രവർത്തിപ്പിക്കാൻ നോക്കിയെങ്കിലും പരാജിതയായി ആ ശ്രമം ഉപേക്ഷിച്ചു... രാഘവ് ആ വാനരൻമാരെ നോക്കി കൈകൾ ഒന്ന് കൂപ്പിയപ്പോൾ ആ നിമിഷം കുരങ്ങൻമാരെല്ലാം നൊടിയിടയിൽ എങ്ങോട്ടോ ഓടിമറഞ്ഞു...

അപ്പോൾ തന്നെ ആരാധനയുടെ ക്യാമറ റെഡിയായി... അവൾ ക്യാമറ ഉയർത്തി ഫോട്ടോ എടുക്കാൻ ശ്രമിച്ചപ്പോൾ ആ കുരങ്ങൻമാരുടെ പൊടിപോലും കണ്ടില്ല... അവൾ രാഘവിന്റെ നേരെ നോക്കി... അവളുടെ കണ്ണുകളിൽ വിവരിക്കാനാവാത്ത ഒരു ഭാവം കണ്ടു അവൻ... ‘ഈ ക്യാമറയ്ക്കിതെന്തു പറ്റി നാശം...’ അവരുടെ അടുത്തു നിന്ന ചില സഞ്ചാരികളിൽ നിന്നുകൂടി ആ വാക്കുകൾ കേട്ടപ്പോൾ രാഘവിനെ നോക്കുന്ന അവളുടെ കണ്ണുകളിൽ ചില സംശയങ്ങളുടെ നിഴൽ രാഘവ് കണ്ടു... അവൻ മുന്നോട്ട് നടന്നു...

അന്ന് രാത്രി ഭക്ഷണത്തിന് ശേഷം ധനുഷ് കോടിയിലെ അവരുടെ ക്യാമ്പിനടുത്തുള്ള കടൽത്തീരത്ത് വിശ്രമിക്കുകയായിരുന്ന രാഘവിന്റെ അടുത്ത് ആരാധന എത്തി...

“ രാഘവ്... “ എന്തൊ ആലോചനയിൽ മുഴുകിയിരുന്ന രാഘവ് പെട്ടെന്ന് ആരാധനയുടെ വിളി കേട്ട് ഞെട്ടിത്തിരിഞ്ഞു നോക്കി...

"ഹായ്... വാ ഇവിടിരിക്ക്... " രാഘവ് അവളെ അവനരികിൽ ഇരിക്കാൻ ക്ഷണിച്ചു... ആരാധന ഇരുന്ന ശേഷം അവന്റെ മുഖത്തോട്ട് നോക്കി...

" ശരിക്കും ആരാ നീ?... എന്തിനാ ഇവിടെ വന്നത്?..." അവളുടെ സംശയത്തോടെയുള്ള ചോദ്യത്തിനു നേരെ രാഘവ് ഒരു പുഞ്ചിരി ഉതിർത്തു...

" നിന്നെപ്പോലെ രാമസേതുവിന്റെ രഹസ്യങ്ങൾ അറിയാൻ വന്ന ഒരു ഹിസ്റ്ററി സ്റ്റുഡന്റ്... " രാഘവിന്റെ ആ ഉത്തരത്തിന് അവളിൽ നിന്ന് സംശയത്തിന്റെ നിഴലുകളെ മായ്ക്കാൻ സാധിച്ചില്ല എന്ന് അവളുടെ മുഖഭാവത്തിൽ നിന്ന് അവന് മനസ്സിലായി...

" നീ നുണ പറയുന്നതായി എനിക്ക് തോന്നുന്നില്ല... പക്ഷേ... " ആരാധന പകുതിക്ക് വച്ച് അവളുടെ സംഭാഷണം മുറിച്ചപ്പോൾ രാഘവ് അതെന്താണെന്ന് അറിയാനുള്ള ആകാംക്ഷയോടെ അവളുടെ മുഖത്തേക്ക് നോക്കി...

" പറഞ്ഞോളൂ ആരാധനാ... " രാഘവ് അതെന്തെന്ന് അറിയാനായി ചോദിച്ചു...

" ഇന്ന് നടന്ന സംഭവം... ആ കുരങ്ങൻമാരെല്ലാം നോക്കിയത് നിന്നെയാണ്... നീ കൈകൂപ്പിയപ്പോൾ ആണ് അവരെല്ലാം തിരികെ പോയത്... " എന്തോ രഹസ്യം പറയുന്നതു പോലെ ആരാധന അവനോട് പറഞ്ഞു...

" ആരാധനാ... നീ എന്താ ഉദ്ദേശിക്കുന്നതെന്ന് ഒന്ന് തെളിച്ചു പറ..." കാര്യം മനസ്സിലാവാതെ രാഘവ് ചോദിച്ചു...

" ഏയ് ഒന്നുമില്ല... എനിക്ക് ചുമ്മാ എന്തൊക്കെയോ തോന്നിയതാ... ഞാൻ പോണു... നാളെയാണ് രാമസേതുവിന്റെ റിസർച്ച് തുടങ്ങുന്നത്... നേരത്തേ കിടന്നോ... " അതു പറഞ്ഞ് അവൾ എഴുന്നേറ്റ് ക്യാമ്പിലേക്ക് നടന്നു...

" ഏയ് അതെന്ത് പരിപാടിയാ... കാര്യം പറഞ്ഞിട്ട് പോകുന്നേ..." അതു പറഞ്ഞ് രാഘവ് അവളുടെ പുറകേ ചെന്നെങ്കിലും ആരാധനാ ആ ചോദ്യത്തിൽ നിന്ന് ഒഴിഞ്ഞുമാറി...

അടുത്ത ദിവസം പുലർച്ചേ തന്നെ ഒരു ടൂറിസ്റ്റു ബോട്ടിൽ 20 പേരടങ്ങുന്ന ഒരു സംഘം റിസർച്ചിനായി കടലിലേക്ക് യാത്ര തിരിച്ചു... അക്കൂട്ടത്തിൽ രാഘവും ആരാധനയും ഉണ്ടായിരുന്നു... കടലിനടിയിൽ ഉപയോഗിക്കുന്നതിനുള്ള ഓക്സിജൻ സിലിണ്ടറുകളും മാസ്കും സ്വിമ്മിങ്ങ് സ്യൂട്ടുമെല്ലാം ആ ബോട്ടിൽ ഉണ്ടായിരുന്നു... തിരകളെ കീറിമുറിച്ചു കൊണ്ട് ധനുഷ് കോടിയിൽ നിന്നും രാമസേതു തുടങ്ങുന്ന ഭാഗത്തായി ബോട്ട് ലൊക്കേറ്റ് ചെയ്തു... റിസർച്ചിന്റെ പ്രൊജക്ട് അഡ്മിനിസ്ട്രേറ്ററുടെ നിർദ്ദേശ പ്രകാരം ആഴം കുറഞ്ഞ സ്ഥലങ്ങൾ നോക്കി റിസർച്ച് ആരംഭിക്കാൻ പദ്ധതിയിട്ടു... ചില സ്ഥലങ്ങളിൽ ഒരു മീറ്റർ വരെയെ ആഴമുള്ളൂ... അതായത് കടൽ നിരപ്പിൽ ഒരു മനുഷ്യൻ നിന്നാൽ അര വരെയെ വെള്ളം കാണൂ... അത്തരത്തിൽ ആഴം കുറഞ്ഞ ഒരു ഭാഗത്തേക്ക് ആ ബോട്ട് അടുത്തു... വെള്ളത്തിനു അധികം അടിയിലല്ലാതെ നീണ്ടു നിവർന്നു കിടക്കുന്ന ആ പാതയുടെ നിഴൽ കാണാമായിരുന്നു...

അഡ്മിനിസ്ട്രേറ്ററുടെ നിർദ്ദേശ പ്രകാരം മണ്ണിന്റേയും കല്ലുകളുടേയും സാമ്പിളുകൾ എടുക്കാനുള്ള ഉപകരണങ്ങളുമായി പതിനഞ്ചോളം പേർ കടലിൽ ഇറങ്ങി... കറുപ്പ് നിറത്തിലുള്ള സ്വിമ്മിങ്ങ് സ്യൂട്ടണിഞ്ഞ് അവർ രാമസേതുവിൽ കാലൂന്നി...ഇപ്പോൾ അവരുടെ നെഞ്ചിനു താഴേക്ക് വെള്ളത്തിനടിയിലാണ്... രാഘവും ആരാധനയും മുഖത്തെ മാസ്ക്

ഒന്നുമാറ്റി... പരിപാവനമായ രാമസേതുവിൽ തന്റെ പാദങ്ങൾ അമർന്നപ്പോൾ രാഘവിന്റെ ഉള്ളംകാൽ മുതൽ ഉച്ചിയിലേക്ക് ഒരു പെരുപ്പ് കയറി... സന്തോഷവും ഭക്തിയും നിറഞ്ഞ മനസ്സോടെ ആ മണ്ണിൽ അവൻ മുട്ടുകുത്തി... ആ മണ്ണിൽ തൊട്ട് വന്ദിച്ചു...

തന്റെ അടുത്ത് നിന്ന ആരാധനയെ നോക്കിയ രാഘവിന് തന്റേതിന് സമാനമായ ജിജ്ഞാസയുടേയും ഭക്തിയുടേയും പ്രതിഫലനങ്ങൾ അവളുടെ മുഖത്തും കണ്ടപ്പോൾ വളരെ സന്തോഷം തോന്നി... അവർ രണ്ടുപേരും സംഘത്തിൽ നിന്നും കുറച്ച് മാറി ആ പാതയിലൂടെ നടന്നു... ചരലു പോലെയുള്ള മണ്ണാണ് വെള്ളത്തിനു താഴെ... അവിടെ ഒഴുക്കൊന്നുമില്ലാത്ത പ്രദേശമാണ്... രാഘവ് താഴേക്കിരുന്ന് ആ മണ്ണ് തന്റെ കൈകളിൽ കോരിയെടുത്തു... അത് തന്റെ സ്വിമ്മിംഗ് സ്യൂട്ടിന്റെ തുടയിലെ പോക്കറ്റിൽ നിന്ന് ഒരു ചെറിയ ഡപ്പിയെടുത്ത് അതിൽ നിറച്ചു... ദൂരേക്ക് നീണ്ടുകിടക്കുന്ന ആ പാതയിലൂടെ അവനൊന്ന് കണ്ണോടിച്ചു... ഈ പാതയിലൂടെ നേരെ വച്ചു പിടിച്ചാൽ ശ്രീലങ്കയിലേക്കെത്താം... പക്ഷേ അങ്ങിനെ ചിന്തിക്കുന്നത് തന്നെ ഒരു മണ്ടത്തരമായി അവന് തോന്നി...

" നമുക്കിതിന്റെ അടിയിൽ പോകണം ആരാധനാ... ഈ പാതയുടെ വശത്തേക്ക് പോകാം... " രാഘവിന്റെ നിർദ്ദേശത്തോട് അനുകൂലമായി അവൾ തലയാട്ടി... മറ്റുള്ളവർ അവിടെത്തന്നെ തങ്ങളുടെ അന്വേഷണങ്ങൾ ആരംഭിച്ചപ്പോൾ രണ്ടുപേർ നടന്നു മറയുന്നത് അവർ ശ്രദ്ധിച്ചില്ല... മാസ്ക് വീണ്ടും ഫിറ്റ് ചെയ്ത് ഓക്സിജൻ സിലിണ്ടർ പ്രവർത്തിപ്പിച്ചു കൊണ്ട് വെള്ളത്തിനടിയിലെ ആ പാതയുടെ വശത്തേക്ക് അവർ നടന്നു... പതിയെ നടന്ന് നടന്ന് വെള്ളത്തിനടിയിലേക്കിറങ്ങി... നല്ല തെളിഞ്ഞു കിടക്കുന്ന വെള്ളമാണ് താഴെ ഉണ്ടായിരുന്നത്... ആ ചരിഞ്ഞ പ്രദേശത്ത് നിന്ന് അൽപ്പം പുറകോട്ട് മാറിക്കൊണ്ട് അവിടെ വീക്ഷിച്ചപ്പോൾ പാറക്കഷ്ണത്തിന്റെ വക്കുകൾ ചിലയിടത്ത് തള്ളി നിൽക്കുന്നത് കണ്ടു... രാഘവ് ആവേശത്തോടെ താഴെ മണ്ണിൽ ചവിട്ടി അവിടെയെത്തി അവിടെയുള്ള മണ്ണ് അൽപ്പാൽപ്പമായി നീക്കം ചെയ്തു... ഇതുകണ്ട് ആരാധനയും അവനെ സഹായിച്ചു... അവരുടെ ശ്വസത്തിന്റെ കുമിളകൾ വെള്ളത്തിനു മുകളിലേക്കുയർന്നു...

മണ്ണ് കുറേ മാറിക്കഴിഞ്ഞപ്പോൾ അതൊരു ഉരുണ്ട പാറയാണെന്ന് അവർക്ക് മനസ്സിലായി... അതിനോട് ചേർന്ന് വേറൊരു പാറയും അവർ കണ്ടു... പിന്നെയും മണൽ നീക്കിയപ്പോൾ ആ രണ്ടു പാറകൾക്ക് കീഴെ നടുവിലായി ഒരു വലിയമരത്തടി മുറിച്ച് വച്ചതു പോലെയുള്ള ഭാഗവും കണ്ടു... രാഘവ് ആരാധനയെ നോക്കിക്കൊണ്ട് തങ്ങൾ തേടിയത് കണ്ടെത്തി എന്നതിന്റെ അടയാളമായി വലതുകയ്യുടെ തള്ളവിരൽ തംസ് അപ്പ് ആയി കാണിച്ചു... ആ പാറകൾ വീണ്ടും നിരീക്ഷിച്ചപ്പോൾ അതിൽ എന്തോ വരച്ചു വച്ചിരിക്കുന്നതു പോലെ തോന്നി അവന്... അവൻ അതിലൂടെ വിരലുകൾ ഓടിച്ചു... മൂന്ന് വരകൾ... രാഘവ് ഓരോ വരകളിലൂടെയും തന്റെ വിരലുകൾ വീണ്ടും വീണ്ടും ഓടിച്ചു അതെന്താണെന്ന് മനസ്സിലാക്കാൻ ശ്രമിച്ചു... ആദ്യത്തേത് '2' എന്നെഴുതുന്ന ആകൃതിയിലാണ്... അടുത്തത് മുകളിൽ നിന്ന് താഴേക്ക് ഒരു നേർരേഖ... അവസാനത്തേത്ത് മലയാള അക്ഷരം 'ഴ' പോലെയും അവന് തോന്നി... ഒരു മിനിറ്റ് കണ്ണടച്ച് അതെന്തായിരിക്കും എന്നവൻ ചിന്തിച്ചു... അതിന്റെ ഉത്തരം മനസ്സിൽ തെളിഞ്ഞപ്പോൾ അവൻ കണ്ണുകൾ മിന്നിത്തുറന്നു...

അധികസമയം ഇവിടെ നിൽക്കാൻ പറ്റില്ല... സംഘത്തിലുള്ളവർ ഇപ്പോൾ തങ്ങളെ തിരക്കാൻ തുടങ്ങും...രാഘവ് പോക്കറ്റിൽ നിന്ന് ചെറിയ ചുറ്റികയെടുത്ത് അക്ഷരങ്ങൾ കണ്ട ആ പാറയുടെ ഒരു ചെറിയ കഷ്ണം പൊട്ടിച്ചെടുക്കാൻ തുടങ്ങി... അത് പൊടിഞ്ഞു താഴെ വീഴാൻ അവന് അധികം ബലം പ്രയോഗിക്കേണ്ടി വന്നില്ല... ആ വരകൾക്ക് ഒരു പോറൽ പോലും സംഭവിച്ചില്ല... അവന്റെ ചില്ലുകുപ്പിയിലേക്ക് അവന് വേണ്ടതായ അവസാനത്തെ മണൽത്തരി... അതാണ്

ഇപ്പോൾ അവൻ സ്വന്തമാക്കിയത്... താഴെ മണ്ണിൽ വീണ ആ പാറക്കഷ്ണം അവനെടുത്ത് പോക്കറ്റിൽ നിക്ഷേപിച്ചു... അതെന്തിനാണെന്ന് സംശയത്തോടെ ചോദിച്ച ആരാധനയോട് പറയാം എന്നാംഗ്യം കാണിച്ച് മുകളിലേക്ക് പോകാമെന്ന് രാഘവ് സിഗ്നൽ കൊടുത്തു... അവർ രണ്ടു പേരും പതിയെ ജലനിരപ്പിലെത്തി...

ജലപ്പരപ്പിനു മുകളിലേക്കെത്തിയ അവർ കണ്ടത് തങ്ങളെ ഉറ്റുനോക്കിക്കൊണ്ട് നിൽക്കുന്ന സംഘത്തെയാണ്...

" നിങ്ങൾ ഇവിടെ പിക്നിക്കിനു വന്നതാണോ കുട്ടികളേ...? " അവരെ പുച്ഛത്തോടെ നോക്കിക്കൊണ്ട് പ്രായമായ പ്രൊജക്ട് അഡ്മിനിസ്ട്രേറ്റർ ചോദിച്ചു...

" ക്ഷമിക്കണം... അടക്കാനാവാത്ത ആകാംക്ഷ കൊണ്ട് ഒന്ന് താഴേക്ക് പോയതാണ്... " രാഘവ് ചമ്മലോടെ പറഞ്ഞു...

" കുട്ടീ നീയും... " ആരാധന കൂടി രാഘവിന്റെ കൂടെപ്പോയെന്ന് അറിഞ്ഞപ്പോൾ അയാൾക്ക് ദേഷ്യം വന്നു...

"ഉം പോകാം... ഇനി വൈകിട്ട് വരാം... " അത്രയും പറഞ്ഞ് എല്ലാവരേയും പാക്കപ്പ് ചെയ്ത് ബോട്ട് കരയിലേക്ക് കുതിച്ചു... തീരത്ത് ക്യാമ്പിൽ എത്തിയപ്പോൾ രാഘവിനേയും ആരാധനയേയും അയാൾ വിളിപ്പിച്ചു...

" സർ ഇപ്രാവശ്യത്തേക്ക് ക്ഷമിക്കണം... ഇനി ഉണ്ടാവില്ല..." രാഘവിന്റെ മുഖത്ത് വിഷമം നിഴലിട്ടു...

" ഇത് തമാശക്കളിയല്ല... ശ്രീലങ്കൻ എംബസിയിലെ ശിവദാസന്റെ സ്ട്രോങ്ങ് റെക്കമന്റ് ഉള്ളത് കൊണ്ടു മാത്രമാണ് നിന്നെ ഇതിൽ ഉൾപ്പെടുത്തിയത്... പക്ഷേ നീ ഉത്തരവാദിത്യമില്ലായ്മ കാണിച്ചു... അതിനുള്ള ശിക്ഷ ഈ പ്രൊജക്ടിൽ നിന്നും നിന്നെ ഒഴിവാക്കുക എന്നതാണ്... നിന്നെ മാത്രമല്ല, ഇവളേയും... " അയാളുടെ ശബ്ദത്തിലെ ക്ഷോഭം രാഘവ് തിരിച്ചറിഞ്ഞു...

" സർ... ഞാൻ നിർബന്ധിച്ചിട്ടാണ് ആരാധന എന്റെയൊപ്പം വന്നത്... ഈ റിസർച്ചിൽ പങ്കെടുക്കാൻ ആ കുട്ടി വളരെ ആഗ്രഹിച്ചു വന്നതാണ് സർ... ഇതെന്റെ മാത്രം കുറ്റമാണ്... ഞാൻ ഇന്നുതന്നെ മടങ്ങിപ്പോയേക്കാം... ആ കുട്ടിയെ ഒഴിവാക്കരുത്... പ്ലീസ് സർ... " രാഘവിന്റെ കുറേ നേരത്തേ അപേക്ഷയുടെ ഫലമായി ആരാധനയെ റിസർച്ച് ടീമിൽ നിലനിർത്താൻ തീരുമാനമായി...

തന്റെ ലഗ്ഗേജുകളൊക്കെ കെട്ടിപ്പെറുക്കി ക്യാമ്പിനു പുറത്ത് കടന്ന രാഘവിനെ നോക്കി പുറത്ത് കാത്ത് നിൽക്കുകയായിരുന്നു ആരാധന... അവന്റെ വിടുതൽ അവളെ ആകെ ഒന്നുലച്ചിരുന്നു...

" തെറ്റുകൾ എല്ലാം ഏറ്റുപറഞ്ഞ് എന്നെയിവിടെ തനിച്ചാക്കി പോവുകയാണല്ലേ രാഘവ്... " എപ്പോഴും പ്രസന്നതയോടെയിരുന്ന അവളുടെ മുഖം മ്ലാനമായിരുന്നു...

" ഇവിടത്തെ എന്റെ ദൌത്യം കഴിഞ്ഞു ആരാധനാ... പിന്നെ നിന്റെ ഒരു വലിയ ആഗ്രഹം ഞാൻ കാരണം തകരുന്നത് എനിക്ക് താങ്ങാനാവില്ല... " രാഘവിന്റെ ശാന്തമായ മുഖത്ത് നിന്ന് വാക്കുകൾ ഉതിർന്നു...

" എന്തിനാണ് ആ പാറക്കഷ്ണം നീയെടുത്തത്?... ആ കല്ലിൽ എന്താണ് എഴുതിയിരുന്നത്?... എന്തായിരുന്നു നിന്റെ ലക്ഷ്യം രാഘവ്?... " തൊടുത്തുവിട്ട ശരങ്ങൾ കണക്കേ അവൾ രാഘവിനെതിരേ ചോദ്യങ്ങൾ വർഷിച്ചു... എല്ലാത്തിനും സമാധാനത്തോടെ രാഘവ് മറുപടി പറഞ്ഞു...

" രാമസേതു നിർമ്മിക്കാൻ ഉപയോഗിച്ച എല്ലാ കല്ലുകളിലും രാമന്റെ നാമം എഴുതിയിട്ടുണ്ട്... ഇതെന്നോട് എന്റെ മുത്തശ്ശി പറഞ്ഞുതന്നതാണ്... കൂടാതെ രാമായണ കഥയിലും അത് സമർത്ഥിക്കുന്നു... രാമസേതുവിലെ പാറക്കല്ലിൽ കണ്ട അക്ഷരങ്ങൾ!!! അത് പുരാതന സംസ്കൃതമാണ്... ആദ്യത്തെ അംഗീകൃത ഭാഷ എന്നു പറയുന്നത് BC 6000 വർഷം പഴക്കമുള്ള തമിഴ് ആണ്... അതിനു ശേഷം BC 5000 ആണ്ടുകളിലാണ് പുരാതന സംസ്കൃതം വരുന്നത്... ആ പാറക്കല്ലിലെ വരകൾക്ക് പുരാതന സംസ്കൃത ലിപിയോട് വളരെ സാമ്യമുണ്ട്... ആ വരകൾ ഞാൻ ചേർത്തു വായിച്ചു നോക്കിയപ്പോൾ കിട്ടിയ '21ഴ' എന്ന എഴുത്ത് പുരാതന സംസ്കൃത്തിൽ എഴുതുമ്പോൾ റാം എന്ന് വായിക്കാൻ കഴിയും..." ഇത്രയും ആരാധനയോട് അറിയിച്ചപ്പോൾ അവളുടെ കണ്ണുകൾ അമ്പരപ്പ് കൊണ്ട് മിഴിഞ്ഞു വരുന്നതു കണ്ടു രാഘവ്...

തന്റെ ലക്ഷ്യം ചുരുങ്ങിയ വാക്കുകളിൽ അവളെ അറിയിച്ചപ്പോൾ അത്ഭുതവും ആദരവും കൊണ്ട് ആരാധനയുടെ കണ്ണ് നിറഞ്ഞു... അവസാനം അവളോട് യാത്ര പറഞ്ഞ് പോകാനായി തിരിഞ്ഞപ്പോൾ അവന്റെ ഇടതുകയ്യിൽ ആരാധന തന്റെ വലതുകരം ബന്ധിച്ചു...

" ഞാനും വന്നോട്ടേ രാഘവ് നിന്റെ കൂടെ... " തിരിഞ്ഞ് ആരാധനയെ നോക്കിയ രാഘവിന് അവളുടെ കണ്ണിലെ പ്രേമം തിരിച്ചറിയാനായി...

" രാഘവിന് ജാനകി ഒന്നേ ഉള്ളൂ... നീയെന്റെ ഉത്തമ സുഹൃത്താണ്... " അവന്റെ രണ്ടു വാക്കുകളിൽ നിന്ന് ആരാധന എല്ലാം മനസ്സിലാക്കി... അവൾ അവനെ ഒന്ന് കെട്ടിപ്പുണർന്നു...

" നിന്റെ ലക്ഷ്യം നിറവേറാനായി ഞാൻ പ്രാർത്ഥിക്കും... ജാനകിയോട് എന്റെ അന്വേഷണം പറയുക..." അവനിൽ നിന്ന് അടർന്നു മാറിയ ആരാധനയുടെ കണ്ണുകൾ ഒരു പുഞ്ചിരിയോടെ രാഘവ് തുടച്ചു... ശേഷം തിരിഞ്ഞ് നടന്നു... അവൻ നടന്നകലുന്നത് ഒരു നെടുവീർപ്പോടെ ആരാധന നോക്കി നിന്നു...

രാമേശ്വരം റെയിൽവേ സ്റ്റേഷനിലേക്ക് തിരികെ പോകുന്ന വഴി ലക്ഷ്യത്തിനാവശ്യമായ അവസാനത്തെ മണൽത്തരിയായ രാമനാമം എഴുതിയ പാറക്കല്ലിന്റെ പൊടി ഉൾക്കൊള്ളുന്ന ചില്ലുകുപ്പി രാഘവ് ഒന്നെടുത്ത് പരിശോധിച്ചു... ഇനിയാണ് രണ്ടാമതായി കിട്ടിയ താളിയോലയിൽ പറയുന്ന പ്രകാരമുള്ള അവസാന ലക്ഷ്യം നിറവേറ്റേണ്ടത്... ആ താളിയോലകൾ ബാഗിൽ നിന്നെടുത്ത് നിവർത്തി വായിക്കവേ താൻ ചെയ്യേണ്ട അടുത്ത കാര്യം ഓർത്ത് രാഘവ് ഒന്ന് നടുങ്ങി... ' ലങ്കയിലെ രാവണഗുഹയിൽ കടക്കുക... '

ഇനിയുള്ള നീക്കങ്ങൾ വളരെ കരുതലോടെ വേണം... സമയം കുറഞ്ഞ് വരുന്നു... ലക്ഷ്യം അടുത്തും... അടുത്തതായി ചെയ്യേണ്ടത് ലങ്കയിലേക്ക് പോവുക എന്നതാണ്... അവൻ ആ ഓലക്കെട്ട് മാറോട് അണച്ചു പിടിച്ചു...

നാട്ടിൽ തിരിച്ചെത്തിയ രാഘവ് അതിരാവിലെ തന്നെ നേരെ ഗോകുലിന്റെ അടുത്തേക്കാണ് പോയത്...

ഗോകുലിന്റെ വീടിനു താഴെ നിന്ന് രാഘവ് എൻഫീൽഡിന്റെ ആക്സിലറേഷൻ കൂട്ടി... ഘറ് ഘറ്... എന്ന ശബ്ദം കേട്ടാണ് ഉറക്കത്തിൽ നിന്നും ഗോകുൽ എഴുന്നേറ്റത്... അവൻ അതാരുടെ വണ്ടിയുടെ ശബ്ദമാണെന്ന് തിരിച്ചറിഞ്ഞ് ഓടിപ്പിടഞ്ഞ് വീടിന്റെ ബാൽക്കണിയിൽ നിന്ന് ഗേറ്റിലേക്ക് നോക്കി... അവിടെ പുഞ്ചിരിച്ചു കൊണ്ടു നിൽക്കുന്ന രാഘവിനെ കണ്ട് ഉടുത്തിരിക്കുന്നത് വെറുമൊരു ഷോർട്ട്സ് മാത്രമാണെന്ന് ഓർക്കാതെ അവൻ താഴേക്ക് ഓടിയെത്തി...

" എടാ നീ എത്തിയല്ലേ... ഇപ്പോഴാ ഒന്ന് സമാധാനമായത്... " കിതപ്പിനിടയിലും ചിരിച്ചു കൊണ്ട് ഗോകുൽ പറഞ്ഞു...

രാഘവ് തന്റെ ബാഗിൽ നിന്ന് ചില്ലുകുപ്പിയെടുത്ത് അവന്റെ കയ്യിൽ കൊടുത്തു... വിടർന്ന കണ്ണുകളോടെ ആ ഗോളാകൃതിയിലുള്ള ചില്ലു കുപ്പിയിലേക്ക് നോക്കി ഗോകുൽ അന്തം വിട്ടു നിന്നു...

" രാമേശ്വരത്തേയും?... " വിശ്വാസം വരാതെ ഗോകുൽ രാഘവിന്റെ മുഖത്തേക്ക് നോക്കി...

" നിന്റെ സഹായം ഒന്നുള്ളത് കൊണ്ടുമാത്രം..." രാഘവ് ബൈക്കിൽ നിന്നിറങ്ങി അവനെ കെട്ടിപ്പിടിച്ചു...

" എന്നെക്കൊണ്ട് ചെയ്യാവുന്നത് ഞാൻ ചെയ്തു..." ഗോകുൽ സംതൃപ്തിയുടെ ഒരു മന്ദസ്മിതം പൊഴിച്ചു...

" ഞാനിപ്പോ വരാം... " പെട്ടെന്നെന്തോ ഓർത്തിട്ടെന്ന പോലെ ഗോകുൽ പറഞ്ഞു... എന്നിട്ട് അകത്തേക്ക് വീണ്ടും ഓടിപ്പോയി...

തിരികെ വന്ന ഗോകുലിന്റെ കയ്യിൽ ഒരു ചെറിയ ബുക്ക് ഉണ്ടായിരുന്നു...

" ഓ... പാസ്പോർട്ട്... അത് കിട്ടിയോ?... അപ്പോ അവർ പാസ്പോർട്ട് അന്വേഷണത്തിനായി എന്റെ വീട്ടിലേക്ക് വന്നോ?... " പാസ്പോർട്ട് കിട്ടിയ സന്തോഷത്തിലും, എന്നാൽ പാസ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥർ തന്റെ വീട്ടിൽ അന്വേഷണത്തിന് വന്നിട്ടുണ്ടാകുമോ എന്ന പേടിയാലും രാഘവ് ഗോകുലിനോട് തന്റെ മനസ്സിലുള്ളത് ചോദിച്ചു...

" അവർ നിന്റെ വീട്ടിലേക്കൊന്നും പോയില്ല... ഈ ഗോകുലിന്റെ പിടിപാട് എന്താണെന്ന് നിനക്കറിയാൻ പാടില്ല രാഘവേ... " വലിയ ഗമയിൽ തല ഉയർത്തിപ്പിടിച്ച് അവൻ പറഞ്ഞു...

" താങ്ക്സ് ടാ... ശ്രീലങ്കയിൽ നിന്റെ അമ്മാവനോട് കാര്യങ്ങളൊക്കെ പറഞ്ഞിട്ടുണ്ടോ?... " രാഘവ് തന്റെ അവസാനത്തെ ലക്ഷ്യത്തിലേക്കുള്ള തയ്യാറെടുപ്പുകൾ തുടങ്ങിയിരുന്നു...

" അങ്ങിനെ എല്ലാ കാര്യങ്ങളും പറയാൻ പറ്റുന്നതല്ലല്ലോ... എന്നെപ്പോലെ എല്ലാവരും ഇതൊക്കെ വിശ്വസിക്കണമെന്നില്ല രാഘവ്... സിഗരിയ റോക്ക് അതായത് രാവണഗുഹയിലേക്ക് നിനക്കൊരു ടൂറാണ് അങ്കിൾ വാഗ്ദാനം ചെയ്തിരിക്കുന്നത്... " പാസ്പോർട്ട് മറിച്ചു നോക്കിയ രാഘവ് അതെടുത്ത് തന്റെ ബാഗിലേക്ക് നിക്ഷേപിച്ചു...

" നിന്നോടെങ്ങിനാ നന്ദി പറയേണ്ടതെന്ന് എനിക്കറിയില്ലെടാ... " രാഘവിന്റെ കണ്ണിൽ നനവ് തട്ടി...

“ ടാ വലിയ ഫോർമാലിറ്റിയൊന്നും ഇങ്ങോട്ട് ഇറക്കണ്ട... “ അവൻ അവന്റെ കവിളിൽ പതിയെ തല്ലുന്നത് പോലെ അടിച്ചു...

“ ശരിയെടാ... എന്നാൽ വൈകിക്കുന്നില്ല... ഇനി അധികം സമയം ഇല്ല... ഒരാഴ്ച കഷ്ടിച്ചേ ഉള്ളൂ... “ രാഘവ് ബൈക്കിന്റെ സ്റ്റാൻഡ് തട്ടി...

“ ഒരാഴ്ചയോ?... അപ്പൊ അതേത് ദിവസമാണ് രാഘവ്... “ ഗോകുൽ ആകാംക്ഷയും ഭീതിയും അടക്കാനാവാതെ ചോദിച്ചു...

“ ഈ വരുന്ന ചന്ദ്രഗഹണ ദിനമാണ് ആ ദിവസം... അന്നാണ് ചന്ദ്രൻ തന്റെ വിവിധ ഭാവങ്ങൾ കൈക്കൊള്ളുന്നത്... അന്നേ ദിവസം രാത്രി ചുവപ്പ് നിറം അർദ്ധചന്ദ്രാകൃതിയിൽ എത്തുന്ന സമയമാണ് രാവണ ഉയർത്തെഴുന്നേൽപ്പെന്നാണ് രണ്ടാമത്തെ താളിയോലയിൽ പറയുന്നത്... “ രാഘവ് സംഭവം വിവരിച്ചു...

“ ഞാനതിനെക്കുറിച്ച് കേട്ടിരുന്നു... 2018 ജനുവരി 31... 152 വർഷത്തിനു ശേഷമുള്ള സൂപ്പർ ബ്ലഡ് മൂൺ... ഓ മൈ ഗോഡ്... “ ഗോകുലിന്റെ മുഖത്ത് നിന്ന് രാഘവ് അവനിൽ നിറഞ്ഞ ഭയം വായിച്ചെടുത്തു...

“ ഞാൻ തയ്യാറെടുത്തു കഴിഞ്ഞു ഗോകുൽ... “ രാഘവിന്റെ സ്വരത്തിലെ ദൃഢത ഗോകുലിനെ ഒട്ടൊന്ന് സമാശ്വസിപ്പിച്ചു...

“ ദൈവം നിന്നെ രക്ഷിക്കട്ടെ... “ അവന്റെ തോളിൽ പിടിച്ചമർത്തി ഗോകുൽ പറഞ്ഞപ്പോഴേക്കും രാഘവ് ബൈക്ക് സ്റ്റാർട്ട് ചെയ്തു... ബൈക്ക് ഒന്ന് മുന്നോട്ടെടുത്തതും ഗോകുൽ അവനെ പെട്ടെന്ന് വിളിച്ചു... അതുകേട്ട് രാഘവ് ബൈക്ക് നിർത്തി...

“ സോറീടാ... ഞാൻ പിന്നീന്ന് വിളിച്ചു പോയല്ലോ... അതേയ് ജാനകിയെ ഒന്ന് കാണണം... എത്ര ദിവസമായി നീ അവളെ ഒന്ന് വിളിച്ചിട്ട്... ഒന്നു പോയി കാണ് അവളെ... പാവം എപ്പോഴും എന്നെ വിളിച്ച് നിന്റെ കാര്യം തിരക്കും... ഇതു പറയാനാ വിളിച്ചത്... “ പുറകീന്ന് വിളിച്ചതിലുള്ള ചമ്മൽ ഗോകുലിന്റെ മുഖത്തുണ്ടായിരുന്നു...

“ പുറകീന്ന് വിളിച്ചതിൽ പ്രശ്നമൊന്നുമില്ലെടാ... അതൊക്കെ അന്ധവിശ്വാസം ആയിട്ടേ എനിക്ക് തോന്നീട്ടൊള്ളൂ... ശരിക്കുമുള്ള വിശ്വാസത്തെ തള്ളിപ്പറയുമ്പോഴാണ് വിഷമം... ജാനകിയെ ഞാൻ കണ്ടോളാം... എനിക്കും അവളെ ഒന്ന് കാണണമെന്നുണ്ട്... “ അതു പറഞ്ഞിട്ട് രാഘവ് തന്റെ മൊബൈലിൽ ജാനകിയെ കോൾ ചെയ്തു... റിംഗ് ചെയ്ത് നിമിഷങ്ങൾക്കകം അങ്ങേത്തലയ്ക്കൽ കോൾ അറ്റൻഡ് ചെയ്തു...

“ ആദിശങ്കര സ്തൂപം... വൈകിട്ട് 5 മണി...“ അത്രയും പറഞ്ഞിട്ട് രാഘവ് കോൾ കട്ട് ചെയ്തു... അതു കഴിഞ്ഞ് ഗോകുലിനെ നോക്കിച്ചിരിച്ചു കൊണ്ട് രാഘവ് ബൈക്ക് ഓടിച്ചു പോയി...

അവനെ ഇഷ്ടപ്പെടുന്ന ആരും വേദനിക്കുന്നത് രാഘവിന് ഇഷ്ടമല്ല... അവന്റെ ഏറ്റവും വലിയ ഗുണങ്ങളിലൊന്നാണ് അത്... ഗോകുൽ അതാലോചിച്ചു കൊണ്ട് അവൻ കണ്ണിൽ നിന്ന് മറയുന്നത് വരെ നോക്കി നിന്നു...

കാലടിയിലെ ആദിശങ്കര സ്തൂപത്തിലേക്കാണ് രാഘവ് ജാനകിയെ ക്ഷണിച്ചത്... കൃത്യസമയത്ത് തന്നെ അവൾ അവിടെ എത്തിയിരുന്നു... എൻഫീൽഡിന്റെ വരവും

പ്രതീക്ഷിച്ച് റോഡിലേക്ക് കണ്ണുനട്ടിരുന്ന അവളുടെ പുറകിലെത്തി രാഘവ് “ ഠോ “ എന്നു ശബ്ദമുണ്ടാക്കി ഒന്ന് പേടിപ്പിച്ചു...

“ അമ്മേ... “ ഞെട്ടിപ്പോയ ജാനകി അവൻ പേടിപ്പിച്ചതിലും ഇത്ര നാളും മാറി നിന്നതിന്റെ ദേഷ്യത്തിലും അവന്റെ ഇടതു കവിളിനിട്ട് അവളുടെ വലതു കരത്താൽ ഒരു പൊട്ടീര് വച്ചു കൊടുത്തു...

“ ആ... ജാനൂ... സോറി... “ വേദന തോന്നിയെങ്കിലും ചിരിച്ചു കൊണ്ട് രാഘവ് ക്ഷമ ചോദിച്ചു...

“ ഒരു വാളും പരിചേം അന്വേഷിച്ചു പോയിട്ട് എത്ര നാളായി... എന്നെക്കുറിച്ച് ഒരു നിമിഷമെങ്കിലും ചിന്തിച്ചോ നീ... എന്റെ പേര് മാത്രമാണല്ലോ നിനക്കിഷ്ടം... “ അവൾ വിതുമ്പി...

“ എയ് ജാനു... നീ ഒന്നടങ്ങ്... ഞാനെല്ലാം പറയാം... “ അവൻ അവളെ വിളിച്ചു കൊണ്ട് ഉയർന്നു നിൽക്കുന്ന സ്തൂപത്തിനകത്തേക്ക് പോയി... സ്തൂപത്തിന്റെ മുകളിലത്തെ നിലകളിലേക്ക് ചുറ്റിക്കേറുന്ന വഴിക്ക് രാഘവ് തന്റെ യാത്രകളെ കുറിച്ചെല്ലാം അവളോട് പറഞ്ഞു തീർത്തു... അങ്ങിനെ കേറുന്ന വഴി മതിലിൽ ആലേഖനം ചെയ്തിരിക്കുന്ന ശങ്കരാചാര്യരുടെ കഥ പറയുന്ന ചിത്രങ്ങൾ അവർ ശ്രദ്ധിച്ചതേയില്ല... നടന്നു നടന്നു ഏറ്റവും മുകളിലെത്തിയപ്പോൾ ജാനകിയുടെ കണ്ണുകൾ തെളിഞ്ഞിരുന്നു...

“ ഇപ്പറയുന്ന ചന്ദ്രഹാസം ഒക്കെ അവിടെയുണ്ടെന്ന് നിനക്കെന്താ ഇത്ര ഉറപ്പ്?... “ അവൾ അവനെ ആ അപകടം പിടിച്ച ഉദ്യമത്തിൽ നിന്ന് പിന്തിരിപ്പിക്കാനായി ചോദിച്ചു...

“ ഞാനൊരു കാര്യം ചോദിക്കട്ടെ ജാനു?...“ ഗത്യന്തരമില്ലാതെ രാഘവ് അവളുടെ നേർക്ക് ഒരു ചോദ്യമെറിഞ്ഞു...

“ ഉം... ചോദിക്ക്... “ അവനെന്ത് ചോദിച്ചാലും ഉത്തരം പറയാൻ കഴിയുമെന്നുള്ള വിശ്വാസത്തിൽ അവൾ പറഞ്ഞു...

“ ഈ പരിണാമ സിദ്ധാന്തം കണ്ടു പിടിച്ചതാരാ?...“ രാഘവിന്റെ ചോദ്യം ലഘുവായിരുന്നു...

“ അത് നിനക്കറിയാൻ പാടില്ലേ രാഘവ്... ചാൾസ് ഡാർവിൻ, 1859-ൽ “ ജാനകി ഒരു സംശയവും കൂടാതെ പറഞ്ഞു...

“ സമ്മതിച്ചല്ലോ... അപ്പൊ നമ്മുടെ വിഷ്ണുവിന്റെ പത്ത് അവതാരം കണ്ടുപിടിച്ചതാരാ?... “ രാഘവിന്റെ ആ ചോദ്യത്തിനോട് ഇതെന്ത് ചോദ്യമാണെന്ന ഭാവമായിരുന്നു അവളുടെ മുഖത്ത്...

“ അത് പണ്ടു മുതലേ നമ്മൾ പറയുന്നതല്ലേ... അത് അങ്ങിനെ ആരെങ്കിലും കണ്ടുപിടിച്ചതാണോ?... “ ആ ചോദ്യം അവൾ ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല എന്ന് രാഘവിന് തോന്നി...

“ അതു ശരിയാ... ഈ പറയുന്ന പത്തവതാരങ്ങളെപ്പറ്റി പറഞ്ഞിരിക്കുന്നത് ആരാണെന്ന് നമുക്കൊരു പിടിയുമില്ല... എന്താ ഈ ഡാർവിന്റെ പരിണാമ സിദ്ധാന്തം?...“ രാഘവ് അറിയാത്ത പോലെ ചോദിച്ചു...

" അതുപിന്നെ ആദ്യം ജീവികൾ ഉണ്ടായത് കടലിലാണ്... പിന്നെ ഉഭയ ജീവികൾ ഉണ്ടായി... പിന്നെ ഇഴ ജന്തുക്കൾ... അങ്ങിനെ അങ്ങിനെ പിന്നീട് ഓരോന്നോരോന്നായി പരിണാമപ്പെട്ട് നമ്മൾ മനുഷ്യരും ഉണ്ടായി... ഒരു ഹിസ്റ്ററി സ്റ്റുഡന്റായ നിനക്ക് ഞാനിതൊക്കെ പറഞ്ഞ് തരണോ... കഷ്ടം... " അവളുടെ ആ ഉത്തരത്തിന് മറുപടി രാഘവിന്റെ ശാന്തമായ മുഖത്തു വിരിഞ്ഞ പുഞ്ചിരിയാണ്...

" ഒകെ... അപ്പൊ ഈ പത്തവതാരങ്ങൾ എന്ന് വച്ചാൽ എന്താ?... " രാഘവിന്റെ അടുത്ത ചോദ്യം...

" അതും എനിക്കറിയാല്ലോ... ഭഗവാൻ വിഷ്ണുവിന്റെ പത്ത് സമയത്തുള്ള പത്ത് അവതാരങ്ങൾ ആണ് അത്... മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, ബലരാമൻ, ശ്രീകൃഷ്ണൻ, കൽക്കി... " ജാനകി തന്റെ അറിവിൽ അഭിമാനം കൊണ്ട് ചടുലതയോടെ പറഞ്ഞു...

" ഈ പത്താവതാരങ്ങൾ തന്നെയല്ലേ ഡാർവിന്റെ പരിണാമം?..." രാഘവിന്റെ ചോദ്യം കേട്ട് ജാനകി അയ്യടാ എന്നായിപ്പോയി...

" ങേ... അതെങ്ങിനെ ശരിയാകും.... അവതാരങ്ങൾ ഐതീഹ്യമല്ലേ... പരിണാമം സയൻസും... " അവൾ താടിക്ക് കയ്യും കൊടുത്ത് ചോദിച്ചു...

" ഇതാണ് നിന്നെപ്പോലുള്ള മണ്ടൂസുകളുടെ പ്രശ്നം... വെളിനാട്ടുകാർ പറയുന്നതെന്തും വെള്ളം തൊടാതെങ്ങ് വിഴുങ്ങും... നമ്മുടെ നാട്ടിൽ ഇതിനൊന്നും ഒരു വിലയും ഇല്ല... " രാഘവ് പറഞ്ഞതു കേട്ട് അവൾ മുഖം വീർപ്പിച്ചു...

" നിന്നെ കളിയാക്കാൻ വേണ്ടി പറഞ്ഞതല്ല... ശ്രദ്ധിച്ച് കേട്ടോ... നമ്മുടെ പത്തവതാരങ്ങൾ എന്നു പറയുന്നതാണ് ഡാർവിന്റെ പരിണാമസിദ്ധാന്തം... ഒന്നു നോക്കിക്കേ... ആദ്യത്തെ അവതാരം മൽസ്യം- കടലിലാണ് ജീവന്റെ ആവിർഭാവം ഉണ്ടായതെന്നാണ് അതുകൊണ്ട് അർത്ഥമാക്കുന്നത്... രണ്ടാമതായി കൂർമ്മം- മൽസ്യത്തിൽ നിന്ന് ഉഭയജീവിയായ(കരയിലും വെള്ളത്തിലും ജീവിക്കാൻ കഴിയുന്ന, ഇഴജന്തു) ആമയിലേക്കുള്ള പരിണാമം... മൂന്നാമതായി വരാഹം- ഇഴജന്തുവിൽ നിന്ന് നാലുകാലിൽ നിൽക്കുന്ന മൃഗത്തിലേക്കുള്ള മാറ്റം... നാലാമതായിട്ട് നരസിംഹം- പകുതി മൃഗവും പകുതി മനുഷ്യനും (മൃഗത്തിൽ നിന്നും മനുഷ്യനിലേക്കുള്ള പരിണാമം)... അഞ്ചാമത്തേത് വാമനം അല്ലേ?... മനുഷ്യന്റെ ആദ്യ രൂപമാണത്... കുള്ളനായ മനുഷ്യൻ... ഹോമോഹാബിറ്റ്സ് മനുഷ്യരെപ്പറ്റി നീ വായിച്ചിട്ടില്ലേ, മനുഷ്യൻ പടിപടിയായാണ് ഇന്നത്തെ രൂപത്തിൽ എത്തിയത്... ആറാമതായി പരശുരാമൻ- വന്യമൃഗാദികളെ വേട്ടയാടിപ്പിടിക്കാൻ തുടങ്ങുന്ന ശിലായുഗത്തിലെ നരജൻമം... ഏഴാമതായി ശ്രീരാമൻ- മനുവംശത്തിലെ യഥാർത്ഥ മനുഷ്യ ജൻമം(അമ്പും വില്ലും ഉപയോഗിച്ച് വേട്ടയാടുകയും യുദ്ധം ചെയ്യുകയും ചെയ്തു തുടങ്ങിയ മനുഷ്യൻ)... എട്ടാമതായി ബലരാമൻ- പുരാതന മനഷ്യനിൽ നിന്ന് കുറച്ച് കൂടി ഉന്നതി നേടി, കലപ്പ ഉപയോഗിച്ച് നിലം ഉഴുത്, വിഭവങ്ങൾ വിളയിച്ച്, കൊയ്തെടുത്ത്, അന്നം കഴിക്കുന്ന മനഷ്യജനതയുടെ പ്രതിനിധി... ഒൻപതാമതായി കൃഷ്ണൻ... ഗോക്കളെ മേച്ച്, വസ്ത്രങ്ങൾ നെയ്ത്, രാജഭരണാധികാര നിയമങ്ങൾ പ്രകാരം ജീവിക്കുന്ന ഇന്നത്തെ ജനതയുടെ പ്രതിനിധി... സാദാ നരജൻമം...

വേടന്റെ അമ്പ് കൊണ്ടാണ് കൃഷ്ണൻ മരിച്ചതെന്ന് ഓർക്കുക... ദ്വാരകയുടേയും, കുരുക്ഷേത്രത്തിന്റേയും അവശേഷിപ്പുകൾ ഇന്നും അതുപോലെ തന്നെയുണ്ട്... പിന്നെ

അവസാനത്തെ അവതാരപ്പിറവി കലിയുഗത്തിലെ- കൽക്കി... ഇത് കലിയുഗമാണ്... ആ അവതാരപ്പിറവി എപ്പോൾ വേണമെങ്കിലും സംഭവിക്കാം... " രാഘവ് ഒരു ദീർഘനിശ്വാസത്തോടെ പറഞ്ഞു നിർത്തി...

അവൻ പറഞ്ഞതു കേട്ട് ഇതുവരെ ലഭിക്കാത്ത ഒരു വലിയ അറിവ് ലഭിച്ചതു പോലെ ജാനകിയുടെ പുരികക്കൊടികൾ ഉയർന്നിരുന്നു... അവൾ രാഘവിനെ സാകൂതം നോക്കി നിന്നു... അവനോടുള്ള പ്രേമത്തേക്കാൾ ഒരു ആരാധനാഭാവമാണ് അവളിലപ്പോൾ കണ്ടത്...

"നീയിതൊക്കെ എവിടുന്നു പഠിച്ചു?... "അവൾ സംശയത്തോടെ ചോദിച്ചു... ഇതുവരെ തന്റെ പൂർവ്വികർ ആരും തന്നെ പറഞ്ഞു തരാത്ത കാര്യങ്ങളാണ് രാഘവിൽ നിന്ന് അവൾ കേട്ടത്...

" ഇതൊക്കെ അറിയേണ്ടത് എന്റെ ആവശ്യമായിരുന്നു... അങ്ങിനെയാണ് എനിക്കിതെല്ലാം മനസ്സിലായത്... അതുപോലെ തന്നെയാണ് എനിക്ക് ചന്ദ്രഹാസത്തിന്റെ കാര്യവും... എനിക്ക് വിശ്വാസമുണ്ട് അത് രാവണന്റെ ഗുഹയിൽ ഉണ്ടെന്ന്... " രാഘവിന്റെ ഉറച്ച വാക്കുകളിൽ നിന്ന് അവനെ ആ ഉദ്യമത്തിൽ നിന്ന് പിന്തിരിപ്പിക്കുക അസാധ്യമാണെന്ന് ജാനകിക്ക് മനസ്സിലായി...

" അപ്പൊ രാവണന് പത്ത് തല ഉണ്ടെന്നും നീ വിശ്വസിക്കുന്നുണ്ടോ?... " അവളുടെ ചോദ്യത്തിന് പരിഹാസത്തിന്റെ ചുവ ഉണ്ടായിരുന്നില്ല...

" അത് പരക്കെയുള്ള ഒരു തെറ്റിദ്ധാരണയാണ്... പത്ത് തലയുള്ള രാവണൻ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് രാവണന്റെ കാലത്ത് ലങ്ക 10 പ്രവിശ്യകളായിരുന്നു... ആ 10പ്രവിശ്യകളേയും ഭയപ്പെടുത്തി, തന്റെ അധീനതിയിലാക്കി, ഒരുമിച്ച് നിർത്തി ഭരിച്ചിരുന്നതു കൊണ്ടാണ് രാവണന് അങ്ങിനൊരു വിശേഷണം കിട്ടിയത്... അല്ലാതെ നീ കരുതും പോലെ... " രാഘവ് പറഞ്ഞത് മുഴുവനാക്കാതെ താൻ പറയുന്നത് അവൾ ഉൾക്കൊള്ളുന്നുണ്ടോ എന്നറിയാൻ ജാനകിയുടെ മുഖത്തേക്ക് നോക്കി...

" എനിക്കൊന്നും അറിയില്ല... അറിയേം വേണ്ട... എനിക്ക് നീ വേണം രാഘവ്... ഇപ്പോഴായി വല്ലാതെ പേടി തോന്നുന്നു... ദു:സ്വപ്നങ്ങൾ കാണുന്നു... " അവളുടെ മുഖം കണ്ട് രാഘവിന് പാവം തോന്നി... അവൻ അവളെ കെട്ടിപ്പുണർന്നു...

" ജാനു... എനിക്ക് ഒന്നും സംഭവിക്കില്ല... ഞാൻ തിരിച്ചു വരും... എനിക്കായി നീ കാത്തിരിക്കണം... " തന്നെ കെട്ടിപ്പിടിച്ചിരിക്കുന്ന രാഘവിന്റെ മുഖത്തേക്ക് നോക്കിയ ജാനകിയിൽ വിരിഞ്ഞ ചെറുപുഞ്ചിരി അവനുള്ള സമ്മതപത്രമായിരുന്നു... രാഘവ് അവളുടെ പുറത്ത് സമാധാനിപ്പിക്കാനെന്ന പോലെ തലോടി...

ഒരാഴ്ചത്തേക്ക് ഒരു ടൂർ പോകുന്നുവെന്നാണ് രാഘവ് തന്റെ വീട്ടിൽ പറഞ്ഞത്... രണ്ട് ദിവസം തന്റെ അമ്പെയ്ത്ത് ഒന്ന് പുതുക്കി ഒരങ്കത്തിനായി മൂർച്ച കൂട്ടി രാഘവ്... തിരുവനന്തപുരത്ത് കാടിനു അടുത്തുള്ള ഒരു ക്യാമ്പിൽ ട്രക്കിംഗും മറ്റുമാണെന്നും, വിളിച്ചാൽ ചിലപ്പോൾ കിട്ടില്ലെന്നും അവൻ ഒരുവിധത്തിൽ പറഞ്ഞ് ഒപ്പിച്ചു...

നാളത്തേക്കുള്ള ഫ്ലൈറ്റ് ടിക്കറ്റ് അവൻ ഭദ്രമായി തന്റെ ലഗ്ഗേജിൽ സൂക്ഷിച്ചു...രാമസാന്നിദ്ധ്യങ്ങളിൽ നിന്ന് ശേഖരിച്ച മണ്ണ് അടങ്ങിയ ചില്ലുകുപ്പി യാതൊരു കാരണവശാലും കേടുപാടുകൾ ഉണ്ടാവാതിരിക്കാനായി പഞ്ഞിയുടെ ഉള്ളിലായി പൊതിഞ്ഞ്, ഒരു തെർമോകോളിന്റെ കൊച്ച് പെട്ടിയിൽ അടക്കം ചെയ്ത്, വളരെ കരുതലോടെ സൂക്ഷിച്ചു

വച്ചു... അതെല്ലാം പാക്ക് ചെയ്ത് തിരുവനനന്തപുരത്ത്, എയർപോർട്ടിനടുത്ത് ബുക്ക് ചെയ്തിട്ടുള്ള ഹോട്ടലിലേക്ക് പോകാൻ അവൻ തയ്യാറായി...

ശ്രീലങ്കൻ എയർവേയ്സ് കുറച്ച് നാളത്തേക്ക് കൊച്ചിയിൽ നിന്നു ശ്രീലങ്കയിലേക്കുള്ള സർവ്വീസ് ഒഴിവാക്കിയിരുന്നു... അതുകൊണ്ടാണ് തീരുവനന്തപുരം എയർപോർട്ടിൽ നിന്ന് പോകാൻ രാഘവ് തീരുമാനിച്ചത്... അതുകൊണ്ട് ഉണ്ടായ ഉപകാരം പരിചയക്കാരെ ഒഴിവാക്കാൻ പറ്റി എന്നതായിരുന്നു... അവൻ തന്റെ ലഗ്ഗേജുകളുമായി പുറത്തേക്കിറങ്ങി...

" മോനേ മിത്രൻ നിന്നെ അന്വേഷിച്ചിരുന്നു... " രാഘവിന്റെ അമ്മ അവനോടായി പറഞ്ഞു... പ്ലസ്-ടു കഴിഞ്ഞ് കാലടിയിലേക്ക് പോയതിനു ശേഷം അവനും അനുജനും തമ്മിൽ കോൺടാക്റ്റ് ഒന്നുമില്ലായിരുന്നു... രാഘവിന്റെ ശാന്ത സ്വഭാവത്തിൽ നിന്ന് ഏറേ വ്യത്യസ്തനായിരുന്നു മിത്രൻ... ഒരു അടിച്ചുപൊളി പയ്യൻ... എന്നാലും രാഘവിന് ഒരാവശ്യമുണ്ടെന്നറിഞ്ഞാൽ എവിടെയായാലും ഓടിയെത്തുമായിരുന്നു മിത്രൻ... കൊച്ചി നവോദയ സ്കൂളിൽ, പത്താം ക്ലാസ്സിൽ, അവിടെ ഹോസ്റ്റലിൽ നിന്ന് പഠിക്കുകയാണ് അവൻ...

" അവനോട് ഞാനും അന്വേഷിച്ചെന്ന് പറയൂ അമ്മേ... " രാഘവ് അങ്ങിനെയാണ്... അമിതമായ സ്നേഹം കാണിക്കുന്നതൊന്നും അവന് ഇഷ്ടമല്ലെന്ന് അവന്റെ അമ്മയ്ക്കറിയാം...

ഒരിക്കൽക്കൂടി, അവസാനമായി തന്റെ മുത്തശ്ശിയുടെ കുഴിമാടത്തിനരികിൽ നിന്ന രാഘവ് മുത്തശ്ശിയോട് കാര്യങ്ങൾ എല്ലാം മംഗളമായി തീരണേ എന്ന് മനസ്സ് നിറഞ്ഞ് പ്രാർത്ഥിച്ചു...

അന്ന് 28.01.2018-ന് വൈകിട്ട് തിരുവനന്തപുരത്തേക്ക് ട്രെയിൻ കേറിയ രാഘവ് അന്ന് രാത്രി ബുക്ക് ചെയ്ത ഹോട്ടലിൽ തങ്ങി... ഇനി 3 ദിവസം...

പിറ്റേന്ന് അതിരാവിലെ തിരുവനന്തപുരം വിമാനത്താവളത്തില് എത്തിച്ചേർന്നു... തന്റെ ആദ്യ വിമാനയാത്ര... രാഘവ് ആകെ ത്രില്ലടിച്ചിരുന്നു... ചെക്കിംഗും ടിക്കറ്റ് വേരിഫിക്കേഷനുകളെല്ലാം കഴിഞ്ഞ് ശ്രീലങ്കൻ എയർലൈൻസിന്റെ വിമാനത്തിലേറി അവൻ... ശ്രീലങ്കയിലെ കൊളംബോ എയർപോർട്ടിലേക്കാണ് യാത്ര... തിരുവനന്തപുരം-കൊളംബോ വിമാന യാത്ര 50 മിനിറ്റ്...

കൃത്യ സമയത്ത് തന്നെ വിമാനം പുറപ്പെട്ടു... അവനോടൊപ്പം ഉണ്ടായിരുന്ന യാത്രക്കാരിൽ ഭൂരിഭാഗവും തമിഴ് കച്ചവടക്കാരാണ്... സ്ഥിര യാത്രക്കാരാണ് അവരിലധികവും... സ്നാക്ക്സ് കഴിച്ചു കഴിഞ്ഞപ്പോഴേക്കും വിമാനം കൊളൊംബൊയിലെത്തി... ശ്രീലങ്കയിലേക്ക്,ഇന്ത്യാക്കാര്ക്ക് വിസ ആവശ്യമില്ലാതതിനാല്, എമിഗ്രേഷന് വഴി വേഗം പുറത്തിറങ്ങാനായി... അറൈവല് ഹാളിൽ വലിയ തിരക്കൊന്നുമില്ല... പുറത്ത് തന്നെ കാത്തു നില്ക്കുന്ന ഗോകുലിന്റെ അമ്മാവൻ ശിവദാസനെ കണ്ടുപിടിക്കാൻ ബുദ്ധിമുട്ടിയില്ല... രാഘവ്, കേരള എന്ന ബോർഡ് അവനെ പെട്ടെന്ന് കണ്ടുപിടിക്കാൻ സഹായിച്ചു... അദ്ദേഹത്തിനൊപ്പം പുറത്തിറങ്ങി, കാറില് കയറി... ക്യാമറ തുറന്നപ്പോഴേക്കും, അയാള് വിലക്കി...

കൊളംബോയിൽ, ഫോട്ടോയെടുക്കുന്നത് വളരെ സൂക്ഷിച്ചു വേണമെന്ന നിർദ്ദേശം അങ്കിൾ തന്നു... പോകുന്ന വഴിയെല്ലാം കാവല് നില്ക്കുന്ന പോലീസുകാരും, പട്ടാളക്കാരും... മീശ മുളക്കാത്ത പയ്യന്മാരാണ് അധികവും... LTT... വേലുപ്പിള്ള പ്രഭാകരൻ... ആ പട്ടാളക്കാരെ കണ്ടപ്പോൾ ശ്രീലങ്കയിലെ അരക്ഷിതാവസ്ഥയെകുറിച്ച് താൻ വായിച്ചിട്ടുള്ളത് രാഘവ് ഓർത്തുപോയി...

കൊളംബോയുടെ ആദ്യ കാഴ്ചകള് ഒരു തമിഴ് നാട് നഗരത്തിന്റെ പ്രതീതിയാണ് അവന് സമ്മാനിച്ചത്... സമയം ഉച്ചയാകുന്നതെയുള്ളൂ... നഗരത്തില് നല്ല തിരക്കാണ്... ലെയ് ലാന്റ് ബസ്സുകളും, ബജാജ് ഓട്ടോ റിക്ഷകളും എല്ലായിടത്തും കാണാം...

ഒരു റെസ്റ്റോറന്റിനു സമീപം ദാസങ്കിൾ കാർ നിര്ത്തി... ഭക്ഷണം കഴിഞ്ഞു, സമീപത്തുള്ള ഒരു സൂപ്പര് മാർക്കറ്റിൽ നിന്നും അവശ്യ സാധനങ്ങൾ വാങ്ങി വീണ്ടും യാത്ര തുടങ്ങി... ഇൻഡ്യൻ എംബസിയോടു ചേർന്നുള്ള എംബസി ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സിലേക്കാണ് കാർ പോയി നിന്നത്.. അങ്ങോട്ട് എത്തുന്നതിനു മുന്പ് 3 സ്ഥലങ്ങളിൽ പട്ടാളക്കാരുടെ പരിശോധന നടന്നു... ഇന്ത്യാക്കാരോട് തികച്ചും മാന്യമായ സമീപനമാണു അവരുടേത്...

ക്വാർട്ടേഴ്സിൽ അങ്കിൾ ഒറ്റക്കാണ് താമസിക്കുന്നത്... കുടുംബം നാട്ടിലാണ്... മാസത്തിലൊരിക്കൽ ഒന്ന് പോയിവരും... തന്നെ നല്ല കെയർ ചെയ്യണമെന്ന് ഗോകുൽ പറഞ്ഞിട്ടുണ്ടാകും...

“ രാഘവ് ശ്രീലങ്ക ചുറ്റിക്കാണാൻ വന്നതല്ലേ... നാളെ നമുക്ക് കൊളംബോ നാഷണൽ മ്യൂസിയത്തിൽ പോകാം... ” രാത്രി ഭക്ഷണം കഴിക്കുമ്പോൾ ശിവദാസൻ രാഘവിനോട് സൂചിപ്പിച്ചു... ഒറ്റപ്പെട്ട് ജീവിക്കുന്ന അയാൾക്ക് രാഘവ് വന്നത് ഒരാശ്വാസമായിരുന്നു... അവന് വേണ്ടതെല്ലാം ചെയ്തു കൊടുക്കണമെന്ന് ഗോകുൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്...

“ അത് പിന്നെ അങ്കിൾ മ്യൂസിയമൊക്കെ ഞാൻ കണ്ടിട്ടുണ്ട്... എനിക്ക് കാണേണ്ടത് സിഗരിയ റോക്കാണ്... രാവണന്റെ കൊട്ടാരം ഉണ്ടായിരുന്ന സ്ഥലം... ” രാഘവിന്റെ മുഖത്തെ ആവേശം കണ്ട് ശിവദാസ് പുഞ്ചിരിച്ചു...

“ അതൊക്കെ പഴയ കഥകളല്ലേ... ഗോകുൽ പറഞ്ഞിരുന്നു... എന്താ അതിനോടിത്ര താൽപര്യം...” ശിവദാസൻ രാഘവിനെ ഒന്ന് ചുഴിഞ്ഞ് നോക്കിക്കൊണ്ട് ചോദിച്ചു...

“ ഞാനൊരു ഹിസ്റ്ററി സ്റ്റുഡന്റല്ലേ അങ്കിൾ... ഇതിലും പഴയ ചരിത്രമൊക്കെ വേറെ എവിടെയെങ്കിലും കാണാൻ കിട്ടുമോ?...” അവന്റെ കൂസാതെയുള്ള മറുപടി ശിവദാസന് ഇഷ്ടപ്പെട്ടു...

“ രാമേശ്വരത്ത് നീ ഉണ്ടാക്കിയ പുകിലൊക്കെ ICHR ഡയറക്ടർ എന്നെ വിളിച്ച് അവർ പറഞ്ഞിരുന്നു... അതിന്റെ ആവശ്യം ഉണ്ടായിരുന്നില്ല രാഘവ്... നീ ശ്രദ്ധിക്കേണ്ടതായിരുന്നു...” തന്റെ താടിയിൽ ചൊറിഞ്ഞു കൊണ്ട് ശിവദാസൻ പറഞ്ഞു...

“ കുറേ നാൾ കാണാനായി കൊതിച്ചത് അടുത്ത് കിട്ടിയപ്പോൾ കയ്യീന്ന് പോയതാ അങ്കിളേ... സോറി... അങ്കിളിന് ആകെ മോശമായല്ലേ... ” രാഘവ് വിഷമത്തോടെ പറഞ്ഞു...

“ അതൊന്നും സാരമില്ല... കഴിഞ്ഞു പോയ കാര്യങ്ങളല്ലേ... പിന്നെ അതുമായി ബന്ധപ്പെട്ടതൊന്നുമല്ലല്ലോ ഈ ടൂർ പ്രോഗ്രാം?...” ശിവദാസന്റെ ദൃഷ്ടി രാഘവിൽ ഉറച്ചിരുന്നു...

“ ഏയ് ഇല്ല അങ്കിളേ... ഇതൊരു ടൂർ മാത്രമേ ഉള്ളൂ... ” അവൻ അങ്കിളിന്റെ ചോദ്യത്തിൽ നിന്ന് തടിതപ്പി...

“ ശരി ശരി... എന്നാൽ ഞാൻ നാളെ നിന്റൊപ്പം വരാം... എനിക്ക് ആ സ്ഥലങ്ങളൊക്കെ കണ്ട് നല്ല പരിചയമുണ്ട്...” ഭക്ഷണം കഴിച്ചു തീർത്ത് ശിവദാസൻ പറഞ്ഞു...

“ വേണ്ട അങ്കിൾ ഞാൻ തനിയെ പൊയ്ക്കോളാം... നാളെ ഒരു ടാക്സി വിളിച്ചു തന്നാൽ ഉപകാരമായിരിക്കും... ഇവിടന്ന് 140 കി.മീ യാത്രയില്ലേ അങ്ങോട്ടേക്ക്... എനിക്ക് ആ സ്ഥലത്തിനോട് ചേർന്നുള്ള ഏതെങ്കിലും ഒരു ഹോട്ടലിൽ താമസം ഏർപ്പാടാക്കിയാൽ മതി...” രാഘവിന്റെ വർത്തമാനം കേട്ട് ശിവദാസൻ അവനെ ഒരു വല്ലാത്ത ഭാവത്തോടു കൂടി നോക്കി... ഇവിടത്തെ വഴികളെല്ലാം മനസ്സിലാക്കി വച്ചിരിക്കുന്ന പോലെയാണ് അവന്റെ സംസാരം...

“ ഓകെ... നിന്റെ ഇഷ്ടം... നാളെ തന്നെ ബുക്ക് ചെയ്തേക്കാം... മൂന്ന് ദിവസമല്ലേ നീ ഇവിടെ കാണൂ... എന്ത് ആവശ്യമുണ്ടെങ്കിലും വിളിക്കാൻ മടിക്കേണ്ട... ഇപ്പോൾ കിടന്നോളൂ...” അതു പറഞ്ഞിട്ട് ശിവദാസൻ എഴുന്നേറ്റു...

രാത്രി എസിയുടെ ചെറിയ തണുപ്പിൽ ബെഡിൽ കിടക്കുമ്പോൾ രാഘവിന് വിശ്വസിക്കാൻ കഴിഞ്ഞില്ല... താൻ ഇപ്പോൾ ശ്രീലങ്കയിലാണ്... രാവണന്റെ രാജ്യത്ത്... ആ ഓർമ്മ പോലും അവന്റെ രോമങ്ങളെ എഴുന്നു നിർത്തി... ഇന്ന് 29... ഇനി രണ്ട് ദിനം കൂടി... അവൻ തന്റെ ബാഗിൽ നിന്ന് ചില്ലുകുപ്പി എടുത്ത് നോക്കി... ഈശ്വരാ കാത്തോളണേ... പ്രാർത്ഥനയോടെ അവൻ കിടന്നുറങ്ങി...

30.01.2018 - രാഘവ് അതിരാവിലെ എണീറ്റ് പ്രഭാത കൃത്യങ്ങൾ നടത്തി, കുളിച്ച് കാർ വരുന്നത് കാത്തു നിന്നു... പ്രഭാതഭക്ഷണം കഴിഞ്ഞതും 8 മണിയോടെ രാഘവിന് പോകാനുള്ള കാറെത്തി... സൂക്ഷിച്ചു പോകണം എന്ന നിർദ്ദേശത്തോടെ ശിവദാസൻ അവനെ പറഞ്ഞയച്ചു... ആ കാറിലിരുന്ന് രാവണകൊട്ടാരത്തിലേക്ക് പോകവേ രാഘവ് തന്റെ ലാപ് ടോപ്പിൽ ലങ്കയുടെ വിവരണങ്ങൾ വായിച്ചു നോക്കി...

സിഗിരിയ റോക്ക് - ലങ്ക എന്ന രാവണന്റെ സ്വര്ണ നഗരി, ചരിത്രവും പഴയ സംസ്കാരവും ഉറങ്ങുന്ന സിഗിരിയ... കൊളംബോയിൽ നിന്നു ഏതാണ്ട് 150 കി.മി അകലെയുള്ള സിഗിരിയ എന്ന സ്ഥലത്തേക്ക് 4 മണിക്കൂർ കാർ യാത്ര കൊണ്ട് എത്തിച്ചേരാം...

സിഗിരിയയിലെ സിഗിരിയ റോക്കിന് സമീപമുള്ള തനിക്ക് ഏർപ്പാട് ചെയ്തിരിക്കുന്ന സിഗരിയ ഹോട്ടലിൽ എത്തിയപ്പോൾ തന്നെ ഹോട്ടൽ അധികൃതർ സിലോൺ ചായയുമായി വരവേറ്റു... പാല് ചായയല്ല, കട്ടന്... കൂടെ ഒരു കഷ്ണം ശര്ക്കരയുമുണ്ട്... പണ്ട് ഈ വിധമുള്ള ചായ കുടിക്കല് നമ്മുടെ നാട്ടിലും പതിവുണ്ടായിരുന്നു എന്നു കേട്ടിട്ടുണ്ട്... എന്നാല് രാഘവ് ഈ രീതി കാണുന്നതും ഇതു പോലെ ചായ കുടിക്കുന്നതും ആദ്യമായാണ്...

ശര്ക്കര കടിച്ചു ചൂടു കട്ടന് മോന്തി ഞാന് ചുറ്റും നോക്കി... പ്രകൃതിയെ അധികം വേദനിപ്പിക്കാതെ ഒരു ഗ്രാമത്തിന്റെ മാതൃകയിൽ ഉണ്ടാക്കിയതാണ് ഈ ഹോട്ടൽ... ഒരു വശത്ത് സിഗിരിയ പാറ തല ഉയര്ത്തി നില്ക്കുന്നത് കാണാം...

തന്റെ താടിയിൽ തടവിക്കൊണ്ട് തല ഉയർത്തി നിൽക്കുന്ന രാവണന്റെ താവളത്തെ നോക്കി രാഘവ് നിന്നു... ഇവിടെയാണ് താൻ രാവണനെ അടക്കം ചെയ്തിരിക്കുന്ന ഇടം കണ്ടു പിടിക്കേണ്ടത്... ഹോട്ടലിന്റെ രണ്ടാമത്തെ നിലയിലാണ് രാഘവിന്റെ മുറി... അവിടന്ന് നോക്കിയാൽ പാറക്കെട്ട് കാണാം...

രാഘവ് ബാഗിൽ നിന്ന് പട്ടിൽ പൊതിഞ്ഞിരുന്ന രണ്ടാമത്തെ താളിയോല എടുത്ത് സൂക്ഷ്മമായി വായിച്ചു... ഈ പാറക്കെട്ടിലെ ഏതോ ഒരു ഗുഹയിലെ കല്ലറയിലാണ് രാവണദേഹം അടക്കം ചെയ്തിരിക്കുന്നതെന്നും, അതിനോട് ചേർന്ന് തന്നെ ചന്ദ്രഹാസവും

സൂക്ഷിച്ചു വച്ചിരിക്കുന്നതെന്നും ഓലയിൽ ആലേഖനം ചെയ്തിട്ടുണ്ട്... രാവണന്റെ തലമുറക്കാർ ആണ് അതിന് രക്ഷ നൽകുന്നതെന്നാണ് ഓലയിൽ പറയുന്നത്... പക്ഷേ അതെങ്ങിനെ സാധ്യമാകും... ഇതിപ്പോൾ ഒരു ദേശീയോദ്യാനമാണ്... അവിടെയെങ്ങിനെ പുരാതനമായ ആളുകൾ ജീവിക്കും...

സിഗരിയ റോക്കിലേക്ക് വാക്ക് വേയിലൂടെ പോകുന്ന സഞ്ചാരികളെ രാഘവ് നോക്കിനിന്നു... ഈശ്വരാ ആ സ്ഥലം ഞാൻ എങ്ങിനെ കണ്ടുപിടിക്കും?... രാവണ തലമുറക്കാരെ എങ്ങിനെ കണ്ടുപിടിക്കും?... ഏതുതരം ആളുകളുമായാണ് എനിക്ക് ഏറ്റുമുട്ടേണ്ടി വരിക?... പല ചോദ്യങ്ങൾ അവന്റെ മനസ്സിൽ ഉയർന്നുവന്നു...

ഏതായാലും പോവുക തന്നെ... ഇന്ന് ആ സ്ഥലം അന്വേഷിച്ച് കണ്ടുപിടിച്ചേ മതിയാകൂ... നാളെയാണ് ചന്ദ്രഗ്രഹണം... ഓലയിൽ പറയുന്നതനുസരിച്ച് ചന്ദ്രന്റെ നിറം അർദ്ധാകൃതിയിൽ ചുവപ്പാകുന്ന നിമിഷം ചന്ദ്രഹാസത്തിന്റെ ശക്തി ആവേശിപ്പിച്ചു വച്ചിരിക്കുന്ന ആയുധത്തിനാൽ രാവണതലമുറയിൽ പെട്ടവരുടെ ചോര രാവണന്റെ അസ്ഥിയിൽ ഇറ്റിക്കുന്ന പക്ഷം രാവണ ഉയിർത്തെഴുന്നേൽപ്പ് നടക്കും...

അതിനേക്കാൾ മുന്നേ തന്റെ കയ്യിലുള്ള രാമസാന്നിദ്ധ്യങ്ങളിൽ നിന്ന് ശേഖരിച്ച മണൽത്തരികൾ ആ ചന്ദ്രഹാസത്തിന്റെ ശക്തി ഉൾക്കൊള്ളുന്ന ആയുധത്തിൽ വീഴ്ത്തിയാൽ തന്റെ ലക്ഷ്യം നിറവേറും... അല്ലെങ്കിൽ?... ഹോ... ഒരു നെഗറ്റീവ് ചിന്തയ്ക്ക് ഇവിടെ സ്ഥാനമില്ല എന്നവൻ മനസ്സിലാക്കി... അനേക കാതം താണ്ടി താനിവിടെ വന്നത് തോറ്റു പിൻമാറാനല്ല... അത് താൻ നടത്തുക തന്നെ ചെയ്യും... മുത്തശ്ശിയുടെ ആഗ്രഹം സഫലീകരിക്കും...

നിശ്ചയ ദാർഢ്യത്തോടെ രാഘവ് ഒരുക്കങ്ങൾ തുടങ്ങി... ഉച്ചഭക്ഷണത്തിനു ശേഷം മുറിയിൽ പോയി തനിക്കാവശ്യമായ സാധനങ്ങൾ എടുത്ത് അവൻ തയ്യാറായി... സ്കൈബ്ലൂ ടീഷർട്ട്... ഡാർക് ബ്ലൂ ജീൻസ്... ഒരു വൈറ്റ് ബൂട്ട്... എന്നിവയായിരുന്നു അവന്റെ വസ്ത്രധാരണം... പെയിന്റ് ചെയ്യുന്ന ആളുകൾ പെയ്ന്റിങ്ങ് പേപ്പർ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന ഒരു മീറ്റർ വീതിയും 10 സെന്റിമീറ്റർ വ്യാസവുമുള്ള ഒരു പ്ലാസ്റ്റിക് പൈപ്പ് അവൻ തോളിൽ തൂക്കിയിരുന്നു...

അതിലുണ്ടായിരുന്നത് സിഗരിയ റോക്കിന്റെ ഒരു ചെറിയ മാപ്പും, തന്റെ കൃത്യത്തിനാവശ്യമായ ചില്ലുകുപ്പിയും, കട്ടികൂടിയ എന്നാൽ വണ്ണം കുറഞ്ഞ കുറച്ച് ഫൈബർ റോഡ്സും ആയിരുന്നു... ഒരുപക്ഷേ ഒരു ഏറ്റുമുട്ടൽ ഉണ്ടായാൽ ഉപയോഗിക്കാനായിട്ടാണ് അവൻ ആ ഫൈബർ റോഡ്സ് കരുതിയിരുന്നത്... 5 നിമിഷം കൊണ്ട് നിർമ്മിക്കാവുന്ന ഒരു ഫൈബർ വില്ലും, അറ്റം കുന്തമുനയോളം മൂർച്ചയുള്ള പത്തോളം ഫൈബറിന്റെ അമ്പുകളും ഒരു ആയുധം എന്ന കണക്കാണ് അവൻ എടുത്തത്... നല്ല സെക്യൂരിറ്റിയുള്ള ആ ദേശീയോദ്യാനത്തിലെ എൻട്രൻസിൽ തന്നെ മെറ്റൽ ഡിറ്റക്ടർ ഉള്ളതിനാലാണ് രാഘവ് മെറ്റൽ റോഡ്സിനു പകരം ഫൈബർ റോഡ്സ് കൂടെ കരുതിയത്...

ഇതൊക്കെയായി ഹോട്ടലിനു താഴെയെത്തിയപ്പോൾ ഹോട്ടലുകാർ ഏർപ്പാടാക്കിയ ഗൈഡ് അവിടെ രാഘവിനെ കാത്ത് നിൽക്കുന്നുണ്ടായിരുന്നു...

" വണക്കം സാർ... നാൻ മാരൻ... ഉങ്കൾ ഗൈഡ്... " ഒരു നാൽപത് വയസ്സ് പ്രായം വരുന്ന ഒരാൾ ആയിരുന്നു ഗൈഡായി വന്നത്... അധികം പൊക്കമില്ലാത്ത അയാളെ ആകെ മൊത്തം രാഘവ്

നോക്കി... നിറഞ്ഞ ചിരിയുമായി നിൽക്കുന്ന അയാളുടെ മീശയില്ലാത്ത മുഖത്ത് ഒരു തരം പ്രസരിപ്പുള്ള ഭാവം ആയിരുന്നു... തമിഴ് രാഘവിന് അത്യാവശ്യം അറിയാമായിരുന്നു...

" അപ്പൊ നീങ്ക താൻ എന്നുടെ ഗൈഡ്... ഒകെ... പോലാം... " അതു പറഞ്ഞ് ഗൈഡിന് മുന്നോട്ട് നടക്കാനുള്ള അനുമതി രാഘവ് കൊടുത്തു...

" സാർ പെയ്ന്റിസ്റ്റാ... അതു കൊടുങ്കോ സാർ... നാൻ എറ്റെലാം... " രാഘവിന്റെ തോഴിൽ നെഞ്ചിനു കുറുകെ കിടക്കുന്ന വള്ളി നോക്കിക്കൊണ്ട് അയാൾ പറഞ്ഞു...

" പർവായില്ലേ... നീങ്ക മുന്നാടി പോങ്ക... " രാഘവ് ആ സഹായം നിരസിച്ചു... മാരൻ മുന്നേ നടന്നു... അയാൾ സിഗരിയ റോക്കിലേക്ക് പോകുന്ന വഴി അതിന്റെ ചരിത്രങ്ങളെക്കുറിച്ച് വാതോരാതെ സംസാരിച്ചു കൊണ്ടിരുന്നു... അതിൽ നിന്ന് രാഘവ് സിഗരിയ റോക്കിന്റെ ആധുനിക കഥകൾ അറിയുകയായിരുന്നു...

പുരാതന പട്ടണമായ സിഗിരിയ 1982 തൊട്ട് യുണെസ്കൊ (UNESCO)-വിന്റെ ലോക സംസ്കാര-പൈതൃക ആസ്ഥാനങ്ങളിലൊന്നാണ്... സിഗിരിയ എന്നു വിളിക്കുന്ന ഈ സ്ഥലത്ത് ഉയര്ന്നു നില്ക്കുന്ന ഈ പാറയ്ക്ക് 200 മീറ്ററിലേറെ ഉയരമുണ്ട്... ശ്രീലങ്കന് ചരിത്രത്തിൽ നല്ലൊരു സ്ഥാനമുണ്ട് ഈ പാറയ്ക്ക്... ഇവിടെ ചരിത്രം ഉണര്ന്നു തന്നെ ഇരിക്കുന്നു എന്നു വേണം പറയാന്... എത്രയോ വർഷങ്ങൾക്കു മുൻപ് അസുര വംശത്തിന്റെ രാജാവായ രാവണന്റെ കൊട്ടാരം ഉണ്ടായിരുന്ന സ്ഥലമാണ് ഇത്...

കാലങ്ങൾ കടന്നു പോയപ്പോൾ... പിന്നീട് ബി.സി. 3-ആം ആണ്ടില് സിഗിരിയ പാറയിൽ സന്യാസി മഠമായിരുന്നു ഉണ്ടായിരുന്നത്... പാലി ഭാഷയിലുള്ള മഹാവംശ എന്ന ചരിത്രാഖ്യായികയില് ശ്രീലങ്ക ഭരിച്ചിരുന്ന രാജാക്കന്മാരെപ്പറ്റിയും ഈ സിഗിരിയ നഗരത്തെകുറിച്ചും പരാമര്ശിച്ചിട്ടുണ്ട്... അതിന് പ്രകാരം എ.ഡി. 477 തൊട്ടു 495 വരെ കാശ്യപ രാജാവ് സിഗിരിയയിൽ ഈ വലിയ പാറയുടെ മുകളിൽ ഒരു കൊട്ടാരം കെട്ടി ഭരിച്ചിരുന്നു...

ഈയൊരു കൊട്ടാരത്തിന്റെ അവശിഷ്ടങ്ങളും ശ്രിലങ്കൻ ചിത്രകലയുടെ ശ്രേയസ്സു വിളിച്ചോതുന്ന നൂറ്റാണ്ടുകളോളം പല പല ഋതുക്കളെ അതിജീവിച്ച ചുമര്ചിത്രങ്ങളും പിന്നെ ആ കോട്ടക്കു ചുറ്റും നിര്മിച്ചിരിക്കുന്ന പൂന്തോട്ടവും അതിലെ ആധുനിക സാങ്കേതിക വിദ്യകളെ പോലും വെല്ലുവിളിക്കാൻ പര്യാപ്തമായ ജലസേചന രീതിയും കാശ്യപ രാജാവിനെ കുറിച്ചുള്ള അനേകം കഥകളും ഇവിടത്തെ ആകര്ഷണങ്ങളാണ്...

മെയിൻ ഗേറ്റിൽ നിന്ന് മെറ്റൽ ഡിറ്റക്ടർ ചെക്കിംഗ് കഴിഞ്ഞ് അകത്ത് കേറിയ രാഘവ് തന്റെ ബോക്സിൽ നിന്ന് മാപ്പെടുത്ത് ഒന്നു നിവർത്തി നോക്കി... ഇതിൽ പക്ഷേ താൻ തിരയുന്ന ഗുഹ ഏതാണെന്നൊന്നും അറിയില്ല... നെറ്റിൽ നിന്ന് കിട്ടിയതാണ് അത്... ഉദ്യാനത്തിന്റേയും അവിടെ ഉപയോഗിച്ചിരുന്ന കിണറുകളുടേയുമൊക്കെ ഭാഗങ്ങൾ ഇതിൽ അടയാളപ്പെടുത്തിയിട്ടുണ്ട്... രാഘവ് അതൊന്ന് ഓടിച്ചു നോക്കിയിട്ട് തിരിച്ചു വച്ചു...

ഇവിടേക്ക് സാഹസികരായ ആളുകളെ ആകര്ഷിക്കുന്ന മറ്റൊരു ഘടകം എന്നത് 200 മീറ്ററിൽ കൂടുതൽ ഉയരമുള്ള സിഗിരിയ പാറയുടെ മുകള്ഭാഗം വരെയുള്ള കയറ്റവും തിരിച്ചുള്ള ഇറക്കവുമാണ്... 1200-ല് പരം പടികളുണ്ടെന്നാണ് പറയപ്പെടുന്നത്...

സമയം വൈകിട്ട് 3 മണിയായിരുന്നു... രാവിലെ ഈ കയറ്റം ആരംഭിക്കുന്നതായിരുന്നു ഏറ്റവും നല്ലത് എന്നു സാരഥിയായ മാരൻ പറഞ്ഞു... നേരം വൈകുന്തോറും വെയിലിന്റെ

കാഠിന്യമേറുകയും കയറ്റം കൂടുതല് ആയാസകരമാവുകയും ചെയ്യും... എന്നാല് ഇന്ന് ചെറിയ മഴക്കാറും പൊടി മഴയും ഉണ്ടായിരുന്നതിനാൽ വെയിൽ തരി പോലും ഉണ്ടായിരുന്നില്ല...

അനുമതി ചീട്ടു വാങ്ങി അവർ നടന്നു... ഈ ചരിത്രസ്മാരകത്തിന്റെ പ്രവേശന കവാടം കടന്നാല് ആദ്യം കാണുന്നത് ഒരു കിടങ്ങാണ്... പാലം വഴി ആ കിടങ്ങു കടന്നാല് പിന്നെ നീളത്തില് നടപ്പാത കാണാം... ഇരുവശത്തും ഉദ്യാനങ്ങളുള്ള നടപ്പാതയുടെ അറ്റത്ത് ഉയര്ന്നു നില്ക്കുന്ന സിഗിരിയ പാറയും കാണാം... നീണ്ടു കിടക്കുന്ന നടപ്പാതയില് ഇടക്കിടെ കയറ്റം ആരംഭിക്കുന്നതിന്റെ സൂചന നല്കിക്കൊണ്ട് പടികളുമുണ്ട്...

ഇരുവശത്തും ഉദ്യാനങ്ങളാണ്... ആദ്യം തന്നെ ഇരുവശത്തും ദീര്ഘ ചതുരാകൃതിയിൽ വെട്ടി ഉണ്ടാക്കിയ ആഴമേറിയതും അല്ലാത്തതുമായ കുളങ്ങള് കാണാം... അതിലേക്ക് പടവുകളും ചിലതിനടുത്ത് വസ്ത്രം മാറ്റാന് സൌകര്യമുള്ള അറകളുമുണ്ട്... ഈ ജല ഉദ്യാനങ്ങള്ക്ക് അനേകം പ്രത്യേകതകളുണ്ട്... അതിലൊന്നാണ് ജലസേചന രീതി... പാറമുകളിലും കൊട്ടാരക്കെട്ടിലും വീഴുന്ന മഴവെള്ളം പോലും പാറയിൽ വെട്ടിയിരിക്കുന്ന ചെറിയ വെള്ളച്ചാലുകള് വഴി ഈ ഉദ്യാനങ്ങളിലേക്ക് തിരിച്ച് വിട്ടിരിക്കുന്നു... ഉദ്യാനങ്ങളിലുള്ള ഓരോ ജലസംഭരണിയും ഭൂമിക്കടിയിലൂടെ പരസ്പരം ബന്ധിച്ചിട്ടുണ്ട്...

കൂടുതല് മഴയുള്ള സമയത്ത് ഒരു ഫൌണ്ടൻ രൂപപ്പെടുന്ന ഭംഗിയുള്ള കാഴ്ച്ച കൂടി കാണാനാകും... നടപ്പാതയുടെ വലതു വശത്ത് വട്ടത്തിലുള്ള ഒരു കല്നിര്മിതിയുണ്ട്... അതിനകത്ത് 5 ഓട്ടകളും... കുറച്ചു മുമ്പെ പറഞ്ഞ വെള്ളച്ചാലുകളിലൂടെ വരുന്ന വെള്ളം ഈ ഓട്ടകളിലൂടെ മുകളിലേക്ക് പൊന്തി വരുന്ന സംവിധാനമാണ് ഫൌണ്ടനായി രൂപപ്പെടുന്നത്...

കൂടുതല് മഴ ലഭിക്കുന്ന സമയത്ത് ഇതിന്റെ ഉയരവും കൂടും... ഏതാണ്ട് 1500 വര്ഷങ്ങള്ക്കു മുമ്പെയാണ് ഈ വിധമുള്ള ഒരു നിര്മാണം നടന്നിരിക്കുന്നതെന്നോര്ത്ത് അന്തംവിട്ടു നിന്നപ്പോൾ വഴികാട്ടി എന്റെ ശ്രദ്ധ ഇടത്തു വശത്തെ ഫൌണ്ടനിലേക്കാകര്ഷിച്ചു... വലതുഭാഗത്ത് 5 ഓട്ടകളെങ്കിൽ ഇടതു ഭാഗത്തുള്ളത് വലുതായിരുന്നു... 9 ഓട്ടകൾ... പക്ഷെ അത് ഉണങ്ങി കിടന്നിരുന്നു... അതിനു താഴെയുള്ള സംവിധാനം ഇപ്പോള് പ്രവര്ത്തിക്കുന്നില്ലായിരിക്കാം...

കാശ്യപ രാജാവിനു മുമ്പും പിമ്പും സന്യാസീ മഠം ആയാണ് സിഗിരിയ പാറ ഉപയോഗിച്ചിരുന്നത്... ചുറ്റും വനപ്രദേശമായതുകൊണ്ട് പിന്നീട് ഈ പാറയും അതിനു ചുറ്റുമുള്ള പ്രദേശങ്ങളും വനത്തിന്റെ ഭാഗമായി മാറി... ഇതിനിടയിലെപ്പോഴോ കൊട്ടാരവും നശിക്കപ്പെട്ടു... അങ്ങനെ കാട്ടിനുള്ളില് ഒതുങ്ങി കൂടിയിരുന്ന ഈ പ്രദേശവും വലിയ പാറയും ബ്രിട്ടീഷ് ഭരണകാലത്തെ മേജറായ ജോനാഥന് ഫോര്ബ്സിന്റെ ശ്രദ്ധയിലാണ് ആദ്യം പെട്ടത്...

പിന്നീട് പുരാവസ്തു ഗവേഷകർ ഈ സ്ഥലത്തെക്കുറിച്ച് കൂടുതൽ പഠിച്ചു... ചരിത്രാഖ്യായികകളില് പരമാര്ശിച്ചിട്ടുള്ള ഈ സ്ഥലം ശ്രീലങ്കൻ സര്ക്കാരിന്റെ "കള്ച്ചറൽ ട്രയാന്ഗിൾ പ്രൊജക്റ്റിന്റെ" ഭാഗമായി യുണെസ്കോ സഹായത്തോടേ കൂടുതല് ഖനനം നടത്തി വെളിച്ചത്തേക്കു കൊണ്ടുവന്ന ശേഷം ഇവിടെക്കുള്ള സഞ്ചാരികളുടെ വരവു വര്ദ്ധിച്ചിട്ടുണ്ട്...

ഇനിയും ഖനനം നടത്താന് ഏറെയുണ്ടെന്നാണ് വഴികാട്ടി പറഞ്ഞത്... വീണ്ടും നീണ്ടനടപ്പാതയിലൂടെ പാറയെ ലക്ഷ്യം വെച്ചു ഉദ്യാനങ്ങള്ക്കിടയിലൂടെ നടന്നുനീങ്ങി...

പടികളും ശിലകളും പച്ചപ്പും പൊയ്കകളും ഒക്കെയായി മനോഹരമായ ഉദ്യാനങ്ങളാണ് ഇരുവശത്തും...

കുറച്ച് നടന്നപ്പോള് ഒരു ചെറിയ ഗുഹ... അകത്തേക്ക് ഒരുപാട് സ്ഥലമൊന്നുമില്ല... അവിടെ ഗുഹയാണെന്നു എഴുതിവെച്ചതു കൊണ്ട് മാത്രം 'ഗുഹ'യെന്നു വിളിക്കാം... അത്ര തന്നെ... ആ ഗുഹയുടെ മേല്ക്കൂരയിൽ ചില ചിത്രങ്ങൾ മങ്ങിക്കൊണ്ട് കാണാമായിരുന്നു... സ്ത്രീ മുഖങ്ങൾ ആയിരുന്നു അവ... എന്തോ ഒരു വസ്തു വെച്ച് തേച്ചു മായ്ക്കാന് ശ്രമിച്ചതു കൊണ്ടാണ് ആ ചിത്രങ്ങൾ ഇന്നു അവ്യക്തമായിരിക്കുന്നതെന്നു ഒറ്റ നോട്ടത്തിൽ തന്നെ മനസ്സിലാകും... കാശ്യപ രാജാവിന്റെ കാലത്ത് ഭരണ കേന്ദ്രമായ ഇവിടെ കലകള്ക്ക് നല്ല സ്ഥാനമുണ്ടായിരുന്നു... സിഗിരിയയിലെ ചുമര് ചിത്രങ്ങളും ചുമരെഴുത്തുകളും കവിതകളും ഇതിനു സാക്ഷ്യം വഹിക്കുന്നു... എന്നാല് പിന്നീട് ഇവിടെ താമസിച്ച സന്യാസിമാര്ക്ക് അര്ദ്ധനഗ്നരും സുന്ദരികളുമായ സ്ത്രീ ചിത്രങ്ങൾ അവരുടെ താമസ സ്ഥലത്ത് അനുയോജ്യമല്ലെന്നു തോന്നിയതു കൊണ്ടത്രെ അവയെ നശിപ്പിച്ചത്...

രാഘവിന് അവിടെയെന്തോ തന്നെ കാത്ത് നിൽക്കുന്നതു പോലെ തോന്നി... ആ ഗുഹയുടെ അകത്തേക്ക് അവൻ മാരന്റെ സഹായത്തോടെ കേറി... കുറച്ചു ദൂരം മാത്രമേ ഗുഹയുള്ളൂ... ഒരു പത്ത് മീറ്റർ നടന്നപ്പോഴേക്കും ഗുഹ തീർന്നു... എവിടെയാണ് ഞാൻ തിരയേണ്ടത്?...ഒരെത്തുംപിടിയും കിട്ടിയില്ല അവന്... ചുമരിലെ ചിത്രങ്ങളിലേക്ക് അവൻ സാകൂതത്തോടെ നോക്കി... ഒന്നും പിടികിട്ടുന്നില്ല... നോക്കാം...

നടത്തം തുടരുന്നു... ഇനി ഇതുവരെയുള്ള പോലെയല്ല... വലിയ വലിയ കയറ്റമാണ്... പടികള് വ്യത്തിയായി വെട്ടിയിട്ടുണ്ട്... ആദ്യം സന്യാസിമാർ നശിപ്പിക്കാത്തതായ കുറച്ച് ചിത്രങ്ങള് കാണാൻ മാത്രമായി കുറച്ച് ഉയരത്തിലുള്ള മറ്റൊരു ഗുഹയിലേക്ക് നടക്കണം...

സിംഹത്തിന്റെ രൂപത്തിലുള്ള പാറ കാരണമാണ് ഈ സ്ഥലത്തിനു സിഗിരിയ (Lion Rock ) എന്ന പേരു വന്നതെന്നു വേണം കരുതാന്.

ഇനി വീണ്ടും കാശ്യപന്റെ കൊട്ടാരത്തിലെ സ്ത്രീചിത്രങ്ങളിലേക്ക്.

ഈ ചിത്രങ്ങളില് അവശേഷിക്കുന്നവ കാണാൻ മുകളിലെ ഒരു ഗുഹയിലേക്ക് പോകണം... അതിലേക്ക് എത്തിപ്പെടാന് ചുറ്റി ചുറ്റിയുള്ള പടികൾ ഏറണം... ഇരു വശവും ഒരു കൂട്ടിലെന്ന പോലെ തടസ്സമുള്ളതു കൊണ്ട് പിടിച്ചു കയറാന് എളുപ്പമാണ്...

പൂ പിടിച്ചു നില്ക്കുന്ന സ്ത്രീ, താഴോട്ടു നോക്കി നില്ക്കുന്ന ഒരു സുന്ദരി, ആഭരണങ്ങളണിഞ്ഞു എന്നാല് മേൽ വസ്ത്രം ധരിക്കാതെ പിന്നെയും സുന്ദരികള്... ഈ ചുമര്ചിത്രകലാ രീതിക്ക് ഇന്ത്യയിലെ അജന്താ ഗുഹയിലെ ചിത്രങ്ങളുമായി സാമ്യമുണ്ടത്രെ... ഇവിടെ ഫ്ലാഷ് ഇല്ലാതെ മാത്രമേ ഫോട്ടൊ എടുക്കാന് പാടുള്ളൂ... ഇത്രയും കണ്ട ശേഷം താഴോട്ടിറങ്ങി...

അവിടെ നിന്നു പിന്നീടുള്ള കയറ്റത്തില് ആദ്യം കാണുന്നത് "കണ്ണാടി ചുമര് " എന്നു വിളിപ്പേരുള്ള ഒരു ചുമരാണ്... അതീവ മിനുസമായിട്ടാണ് ഈ ചുമർ പണിതിരിക്കുന്നത് എന്നതിനാല് ഒരു കണ്ണാടിയെന്ന പോലെ ഇതിൽ പ്രതിഫലനങ്ങൾ കാണാൻ പറ്റുമായിരുന്നത്രെ...

പണ്ട് സിഗിരിയ കോട്ടാരത്തില് വന്നു പോയ സഞ്ചാരികൾ അവരുടെ അഭിപ്രായങ്ങളും അവര് കണ്ട കാഴ്ചകളുമെല്ലാം എഴുതിയിരുന്നതും ഈ ചുമരിലായിരുന്നു...

അതെല്ലാം കൊണ്ടാകണം "കണ്ണാടി ചുമർ" എന്ന പേര് ഇന്നു ആ ചുമരിനു അത്രകണ്ട് യോജ്യമായി എനിക്ക് തോന്നാതിരുന്നത്... എന്നിരുന്നാലും ആ എഴുത്തുകളില് നിന്നൊക്കെയാണ് സിഗിരിയ കൊട്ടാരവും പരിസരവും പണ്ട് എങ്ങിനെ ആയിരുന്നെന്നു ഇന്നു നമുക്ക് മനസ്സിലാക്കാന് സാദ്ധ്യമായിരിക്കുന്നത്... അവിടേയും തിരച്ചിൽ നടത്തിയെങ്കിലും ഒരു സൂചനയും രാഘവിന് ലഭിച്ചില്ല... അവന്റെ മുഖം വിഷണ്ണമായിരുന്നു...

ഇനി വീണ്ടും കയറ്റം... അതു കഴിഞ്ഞെത്തിയത് ഒരു തുറസ്സായ സ്ഥലത്താണ്... മട്ടുപ്പാവെന്ന പോലെ... അതാണ് കൊട്ടാരത്തിന്റെ പ്രവേശന കവാടം... ചുറ്റുമുള്ള കാഴ്ച്ച ആസ്വദിക്കാനും വേണമെങ്കില് വിശ്രമിക്കാനും സൌകര്യമുണ്ടവിടെ... താഴേക്ക് നോക്കുമ്പോള് മനസ്സിലാകും എത്ര ഉയരത്തിലാണ് നമ്മളെന്ന്... ഒരു സിംഹത്തിന്റെ രൂപത്തിലാണ് പ്രവേശന കവാടം... അവിടെയാണ് ഇപ്പോള് എത്തിയിരിക്കുന്നത്... ഇന്നു സിംഹത്തിന്റെ മുഖഭാഗമൊന്നും കാണാനില്ല... അതെല്ലാം നിലം പരിശായവയിൽ ഉള്പ്പെടുന്നു... ആകെയുള്ളത് അതിന്റെ രണ്ട് കാലുകളാണ്...

അവിടെ പണ്ടു എങ്ങനെ ഉണ്ടായിരുന്നു എന്നു കാണിക്കുന്ന ആരോ വരച്ച ഒരു ചിത്രം വഴികാട്ടി കാണിച്ചു തന്നു... സിംഹത്തിന്റെ വായയുടെ ഉള്ളിലേക്ക് എന്ന രീതിയില് ആയിരുന്നത്രെ മുകളിലേക്കുള്ള പടവുകള് ഉണ്ടായിരുന്നത്... സിംഹത്തിന്റെ കാലിന്റെ അടുത്തു നിന്നു പടം എടുത്ത ശേഷം വീണ്ടും മുകളിലേക്ക്... ഇനി കൊട്ടാരം നിന്നിരുന്ന ഭാഗമാണ്... ഒരല്പം കഠിനമായ കയറ്റം... ഈ പടികള് യുണസ്കോ ഏറ്റെടുത്ത ശേഷം ഉണ്ടാക്കിയതാണ്... അത് എത്തിച്ചേരുന്നത് കൊട്ടാര മുറ്റത്തേക്കാണ്...

സിഗിരിയ പാറയുടെ ഏറ്റവും മുകള് ഭാഗമാണിത്... കൊട്ടാരത്തിന്റെ അടിത്തറ മാത്രമേ ഇന്നു അവശേഷിക്കുന്നുള്ളു എന്നതുകൊണ്ട് മുകള് ഭാഗം ഒരു പരന്ന സ്ഥലമായി കാണാം... ഇവിടെ 360 ഡിഗ്രിയിൽ കാഴ്ച്ച കാണാം എന്നതു തന്നെയാണ് ഏറ്റവും മുഖ്യമായ ഘടകം... ആദ്യം തന്നെ അവിടെയുള്ള ഒരു കല്ലിൽ കേറി നില്ക്കാൻ മാരൻ പറഞ്ഞു...

ഇപ്പോൾ ഈ പാറയുടെ ഏറ്റവും ഉയര്ന്ന ഭാഗത്താണ് നമ്മള് നില്ക്കുന്നതത്രെ... ചുറ്റും നോക്കി... 1.5 ഹെക്ടറിൽ മേലേ വ്യാസമുണ്ട് കൊട്ടാരം സ്ഥിതി ചെയ്യുന്ന ഈ പാറയുടെ മുകൾഭാഗത്തിന്...അവിടെ നിന്നു താഴേക്കു നോക്കുമ്പോള് ഉദ്യാനത്തില് നേരത്തേ കടന്നു വന്ന നീണ്ട നടപ്പാത കാണാം... ഇത്ര ദൂരം നടന്നുവല്ലോ എന്നു അത്ഭുതപ്പെട്ടു രാഘവ്... കൊട്ടാരത്തിന്റെ അടിത്തറക്കു പുറമെ അവിടെ ഒരു കുളവും ആ കുളത്തിന്റെ അടുത്ത് ഒരു ഇരിപ്പിടവും ഉണ്ട്... ഈ കോട്ട വളപ്പിലേക്ക് കയറിയതു മുതൽ കുറേ കുളങ്ങൾ കണ്ടു... ഇപ്പോള് ഏറ്റവും മുകളിൽ മറ്റൊരെണ്ണം...

അതു കഴിഞ്ഞു ഇറങ്ങാന് തുനിയുമ്പോ തൊട്ടാവടി ചെടി കാണിച്ച് എന്നെ അത്ഭുതപ്പെടുത്താന് മാരൻ ഒരു ശ്രമം നടത്തി... അയാളെന്നോട് പറഞ്ഞു ഇലയിലൊന്നു തൊടാന്... കാലടിയിലും തൃപ്പൂണിത്തുറയിലുമായി വളര്ന്ന എനിക്ക് തൊട്ടാവാടി അറിയാതിരിക്കുമോ?... നല്ല കഥ...

'ഇതു തൊട്ടാവാടിയല്ലെ, തൊട്ടാല് വാടുമല്ലോ' എന്നു പറഞ്ഞു ഞാന് തൊട്ടു കൊടുത്തു... അത് വാടി... അയാളുടെ മുഖവും വാടി... സായിപ്പന്മാരിൽ പലര്ക്കും ഈ ചെടി അത്ഭുതമാണത്രെ...

താഴേക്കിറങ്ങി വീണ്ടും സിംഹ കവാടത്തിലെത്തി... ഇനി ബാക്കി ഇറങ്ങുന്നത് മറ്റൊരു വഴിയിലൂടെയാണ് എന്ന് മാരൻ പറഞ്ഞു... അല്ലെങ്കിലും പോകുന്ന വഴി തന്നെ തിരിച്ചു വരുന്നത് രസമുള്ള കാര്യമല്ല...

കൂടുതല് കാഴ്ചകൾ തേടി തന്റെ ലക്ഷ്യസ്ഥാനം എവിടെയെന്നറിയാതെ രാഘവ് അക്ഷമനായി മാരന്റെ പുറകെ നടന്നു... പടവുകള് ഇറങ്ങിയും നിരപ്പായ പാതകളിലൂടെ നടന്നും ചുറ്റും കല്ലുകളുള്ള ഒരു സ്ഥലത്തെത്തി... ഞങ്ങൾ ഇപ്പോൾ നടക്കുന്നത് പണ്ടു രാജാവു ജനങ്ങളോട് സമ്പര്ക്കം പുലര്ത്താനായി ഉപയോഗിച്ചിരുന്ന സ്ഥലത്താണ്... അവിടെ മലര്ത്തിവെച്ച ചീനചട്ടി കണക്കെ എന്നാൽ മുകളിൽ നിരപ്പായ ഒരു പാറക്കല്ലുണ്ട്... അതായിരുന്നത്രെ രാജാവു ജനങ്ങളുടെ പ്രശ്നങ്ങൾ കേള്ക്കാൻ ഇരുന്നിരുന്ന ഇടം...

സിഗിരിയയില് നാം ശ്രദ്ധിക്കേണ്ട മറ്റൊരു സംഗതിയുണ്ട്... പ്രകൃത്യാ ഉള്ള പാറകളുടെയും മറ്റു ശിലകളുടെയും രൂപത്തിനനുസരിച്ച്, അവയ്ക്കു വലിയ മാറ്റം വരുത്താതെ പല പല ആവശ്യങ്ങള്ക്കായി ഉപയോഗിച്ചിരുന്നതായി കാണാം... അതിനു തൊട്ടടുത്ത് രാജാവിനു വിശ്രമിക്കാനായൊരിടം... അവിടെ കസേര പോലും പാറ കൊണ്ടാണ് ഉണ്ടാക്കിയിരിക്കുന്നത്... അതു കഴിഞ്ഞു മൂര്ഖന്റെ പത്തി പോലുള്ള ഒരു പാറയുണ്ട് - അതിനെ ഒരു പ്രവേശന കവാടമാക്കി മാറ്റിയിരിക്കുന്നതായി കാണാം...

അങ്ങനെ പ്രകൃതിയെ താലോലിച്ചുകൊണ്ട് നിലനിന്നിരുന്ന സിംഹ പാറയും സിഗിരിയ കൊട്ടാരവും കണ്ട് പുറത്തെത്തി... ചെറുതായി മഴ പൊടിഞ്ഞു തുടങ്ങിയിട്ടുണ്ടായിരുന്നു അപ്പോൾ... പുറത്തും അകത്തും... സന്ധ്യയായി... ഇരുട്ട് വീണു തുടങ്ങി... പല സ്ഥലങ്ങളിലും പോയെങ്കിലും തന്റെ ഉദ്ദേശം നടന്നില്ലല്ലോ എന്നോർത്ത് രാഘവ് കുണ്ഠിതപ്പെട്ടു... എല്ലായിടവും കേറിയിറങ്ങി... ഓരോ സ്ഥലവും അരിച്ചുപെറുക്കി... എന്നിട്ടും... കഷ്ടം... താനിത്രയൊക്കെ ചെയ്തിട്ടും അതിനൊരു ഫലപ്രാപ്തിയില്ലെന്നോ?...

തിരിച്ചു പേരുന്ന വഴിയാണ് കുറേ സന്യാസിമാർ അവിടെയിവിടെയായി നിൽക്കുന്നത് രാഘവ് കണ്ടത്... കറുത്ത വസ്ത്രം ധരിച്ച അവരുടെയെല്ലാം നിറം എണ്ണക്കറുപ്പായിരുന്നു... നീണ്ട താടിയും മീശയും ജട പിടിച്ച മുടിയുമാണ് അവരെ സന്യാസിമാരായി തോന്നിപ്പിക്കുന്നത്... മറിച്ച് അവരെല്ലാം ബലിഷ്ഠകായരാണെന്ന് നോക്കിയതിൽ നിന്ന് അവനറിഞ്ഞു... അവൻ അവരെപ്പറ്റി മാരനോട് തിരക്കി...

" സർ അവങ്ക ഇങ്കെയിരുക്കിറ ഒരു മഠത്തിലിരുന്ത് വരുവേൻ... രാത്രിക്ക് എങ്ക പോവേനു തെരിയല്ലേ സർ... ഇവങ്കളെ പാത്ത് റൊമ്പ നാളാച്ച്... എന്നവോ തെരിയലേ... ഇത്തന സാമികളെ കൂട്ടമാ സേർന്ത് നാൻ പാത്തതേ ഇല്ലേ... " മാരൻ അങ്ങിനെ പറഞ്ഞപ്പോൾ രാഘവിന് സംശയമായി... ഇതായിരിക്കുമോ രാവണന്റെ പിൻതലമുറക്കാർ... മാരൻ പറഞ്ഞതനുസരിച്ച് കുറേ നാളുകൾക്ക് ശേഷം ഇവർ ഒത്തുകൂടിയത് നാളത്തെ ദിവസത്തിന് വേണ്ടിയായിരിക്കുമോ?... അങ്ങിനെയെങ്കിൽ അവർക്ക് അറിയാമായിരിക്കുമല്ലോ ആ സ്ഥലം... രാഘവ് എല്ലാ സന്യാസിമാരേയും മാറി മാറി നോക്കിപ്പോയി...

" സർ ടൈം മുടിയിത്... ഇനി നാളേക്ക് പാക്കലാം... " രാഘവ് അവിടെത്തന്നെ നിൽക്കുന്നതു കണ്ട് മാരൻ പറഞ്ഞു... സമയം കഴിഞ്ഞിരിക്കുന്നു... ഇനി ഇവിടെ നിൽക്കാൻ പറ്റില്ല...

താളിയോലയിൽ നോക്കി കല്ലറ ഇരിക്കുന്ന ഗുഹ എവിടെയാണെന്ന് കണ്ടുപിടിക്കാൻ പറ്റുമോന്ന് നോക്കാം...

തിരിച്ച് ഹോട്ടൽ റൂമിലെത്തിയ രാഘവ് കുളി കഴിഞ്ഞതിനു ശേഷം രണ്ടാമത്തെ താളിയോല എടുത്ത് വിശദമായി പരിശോധിച്ചു... കല്ലറയെക്കുറിച്ച് പറയുന്ന ഓലയുടെ താളെടുത്ത് വീണ്ടും ആഴത്തിൽ പഠിച്ചു... ആ ഒലയുടെ അവസാന താളുകളിൽ 'നാരീപുഷ്പകവാടഗമനേ...' എന്നെഴുതി നിർത്തിയിരിക്കുന്നത് അവൻ കണ്ടു... ബാക്കിയുള്ളത് വായിക്കാൻ കഴിയുന്നില്ല... കാലപ്പഴക്കം അവിടെയുള്ള ലിപികളെ വികൃമാക്കിയിരിക്കുന്നു...

രാഘവ് തന്റെ ചിന്തകളെ മേയാൻ വിട്ടു... അപ്പോൾ ഒരു സ്ത്രീയുടെ കാര്യമാണ് സൂചിപ്പിക്കുന്നത്... അതിനോടൊപ്പം ഒരു പുഷ്പത്തിന്റെ കാര്യവും പറഞ്ഞിരിക്കുന്നു...

തന്റെ മൊബൈലിൽ ഇന്ന് കാണാൻ പോയ സ്ഥലങ്ങളുടെ ഫോട്ടോസ് എടുത്തിരിക്കുന്നത് അവൻ നോക്കി... സ്ത്രീയും പൂവും... താനിന്ന് കേറിയിറങ്ങിയ സിഗരിയയിലെ സ്ഥലങ്ങൾ അവന്റെ മനസ്സിലേക്കോടിയെത്തി... അതേ അതുതന്നെ... ചുറ്റിവളഞ്ഞ് മുകളിലേക്ക് കേറിച്ചെല്ലുന്ന ഗുഹ... അവിടെയാണ് കുറേ സ്ത്രീകളെ വരച്ച് വച്ചിരിക്കുന്നത് കണ്ടത്... ആ ഫോട്ടോ പരതിയെടുത്ത് അതിൽ പൂവും പിടിച്ച് നിൽക്കുന്ന സ്ത്രീയെ അവൻ നിരീക്ഷിച്ചു... ഇത്തരം ഒരു സ്ഥലത്ത് ഒരു സ്ത്രീയെ പരാമർശിക്കണമെങ്കിൽ അത് ആ കല്ലറയുമായി അത്രമേൽ ബന്ധമുള്ള ഒരു സ്ത്രീയായിരിക്കും... അപ്പൊ അത് സീതയാണോ?... രാവണന്റെ മരണത്തിന് കാരണക്കാരിയായ സീതയല്ലാതെ അത് വേറെയാരും ആവാൻ വഴിയില്ല...

അവൻ ആ വാക്കിനെ പിരിച്ചെഴുതി... നാരീ- പുഷ്പ- കവാട – ഗമനേ... അതായത് സ്ത്രീ- പൂവ്- വാതിൽ- വഴി... തനിക്ക് കിട്ടിയ അറിവിന്റെ വെളിച്ചം അവന്റെ മുഖത്ത് പരന്നു... തന്റെ റൂമിന് പുറത്തെ ബാൽക്കണിയിൽ നിന്ന് മുകളിലേക്ക് നോക്കിയപ്പോൾ ഉദിച്ചുയർന്നു വരുന്ന ചന്ദ്രനെ കണ്ട് അവൻ ചിരിച്ചു... പിന്നെ തീഷ്ണമായ തന്റെ കണ്ണുകളെ സിഗരിയ റോക്കിലേക്ക് മേയാൻ വിട്ടു...

രാത്രി അത്രയും സെക്യൂരിറ്റിയുള്ള ആ പ്രദേശത്തേക്ക് ചെല്ലുന്നത് സുരക്ഷിതമല്ല... ഇനിയിപ്പോൾ രാവിലെയാകുന്നതു വരെ കാത്തിരിക്കുക എന്നത് മാത്രമേ തനിക്ക് ചെയ്യാനുള്ളൂ എന്ന് മനസ്സിലാക്കിയ രാഘവ് ഉദ്വേഗത്തോടെ ഉറങ്ങാൻ കിടന്നു... ഇടയ്ക്ക് സ്വപ്നം കണ്ട് ഞെട്ടിയെഴുന്നേറ്റ് വീണ്ടുമുറങ്ങി രാഘവ് നേരം വെളുപ്പിച്ചു...

കഴിഞ്ഞ ദിവസത്തെപ്പോലെ തന്റെ ആയുധങ്ങളും ചില്ലുകുപ്പിയുമായി രാഘവ് സിഗരിയ റോക്കിലേക്ക് പോയി... ഒരു ബ്ലാക്ക് ജീൻസും ടീഷർട്ടും വൈറ്റ് ബൂട്ടുമായിരുന്നു അവന്റെ വേഷം... മാരനെ അന്ന് കൂടെ കൊണ്ടുപോകേണ്ടെന്ന് വച്ചു... രാവിലെ സന്ദർശകർക്കായി ഗേറ്റ് തുറന്നപ്പോൾ തന്നെ അകത്ത് കടന്നത് രാഘവായിരുന്നു... വർദ്ധിച്ച ആവേശത്തോടും അതേസമയം ഇനി വരാനിരിക്കുന്ന സംഭവങ്ങളെയോർത്തും അവന്റെ കാലുകൾ അതിവേഗം പടികൾ കടന്ന് മുകളിലേക്ക് കുതിച്ചു... ചുറ്റിച്ചുറ്റിയുള്ള പടികളൊക്കെ തികഞ്ഞ അഭ്യാസിയുടേത് പോലെ രാഘവ് പിന്നിലാക്കി മുന്നോട്ട് ഓടിക്കയറി...

ഏറ്റവും മുകളിലുള്ള ആ ഗുഹയുടെ മുന്നിലെത്തി രാഘവ് കിതപ്പടക്കി... ഗുഹയിലേക്ക് കയറിയ അവൻ ഉൾപ്പാറയുടെ ഇടതുവശത്തായി പൂവുമായി നിൽക്കുന്ന സ്ത്രീയുടെ മുന്നിൽ നിന്ന് കൈകൾ കൂപ്പി ഒരു നിമിഷം നിന്നു... സീതാദേവിയെ മനസ്സിൽ സങ്കൽപ്പിച്ച് തൊഴുതു വണങ്ങി ആ ചിത്രത്തിന്റെ ഭാഗങ്ങൾ പരിശോധിക്കാൻ തുടങ്ങി... ആ പൂവിന്റെ ഭാഗങ്ങൾ ശരിക്ക് നിരീക്ഷിച്ചപ്പോൾ അതിനു തൊട്ടുതാഴെയായി അർദ്ധ വൃത്താകൃതിയിൽ ഒരു വളയം

പോലെ കണ്ടു... അവൻ അതിലൊന്ന് ശക്തിയായി ഊതിയപ്പോൾ അതിൽ നിന്ന് പൊടിപടലങ്ങൾ പറന്നു...

രണ്ട് വിരലുകൾ കഷ്ടിച്ച് ഉള്ളിലേക്ക് കേറ്റി വലിക്കാൻ പാകത്തിനായിരുന്നു ആ വളയം... അവനതിൽ പിടിച്ച് ശക്തിയായി വലിച്ചു... വലിയ കറ കറ ശബ്ദത്തോടെ ആ ഭാഗത്തെ പാറക്കഷ്ണം ഒരു വാതിൽ പോലെ പുറത്തേക്ക് തുറന്നു... ആ പരിസരത്തൊന്നും ആരും ഇല്ലാതിരുന്നത് അവന് തുണയായി...

താഴെ നിന്ന് അരയടി പൊക്കത്തിലുള്ള ആ വാതിലൂടെ അവൻ കഷ്ടിച്ച് അകത്തേക്ക് നുഴഞ്ഞു കയറി... കയ്യിൽ കരുതിയിരുന്ന പെൻടോർച്ചെടുത്ത് തെളിച്ച് രാഘവ് വാതിൽ പഴയതു പോലെ ചേർത്തടച്ചു... താഴേക്ക് വളഞ്ഞു പോകുന്ന പടികൾ... രാഘവ് അതിലൂടെ പതിയെ അടിവച്ച് അടിവച്ച് താഴേക്ക് നടന്നു... പാതയുടെ ഇടതു വശത്തായി മുകളിൽ ചെറിയ പന്തങ്ങൾ വച്ചിരിക്കുന്നത് കണ്ടു... അപ്പോൾ ഇവിടെ ആരോ വന്നുപോകുന്നുണ്ട്...

കുറച്ച് താഴേക്ക് ചെന്നപ്പോൾ വീണ്ടും നേരെയുള്ള ഒരു ഗുഹയിലേക്ക് ആ വഴി അവനെ നയിച്ചു... അതിലൂടെ മുന്നോട്ട് ഒരു പത്തടി വച്ചപ്പോഴക്കും വിസ്താരമുള്ള ഒരു വലിയ മുറിയിലേക്ക് പ്രവേശിക്കുന്നത് പോലെ തോന്നി അവന്... ആ കാഴ്ച കണ്ട് രാഘവ് അത്ഭുത പരിഭ്രാന്തനായി നിന്നു... ആ ഗുഹയുടെ വിശാലമായ മുറിയുടെ നാല് വശങ്ങളിലും എരിയുന്ന പന്തങ്ങൾ... നടുവിലായി ഒരു വലിയ പുരാതനമായ കല്ലറ... അതിനോട് ചേർന്ന് ചെറിയൊരു കല്ലിന്റെ പേടകവും... അവ രണ്ടിലും വാതുറന്നിരിക്കുന്ന ഒരു സിംഹത്തിന്റെ ചിത്രം കൊത്തി വച്ചിരിക്കുന്നു...

അപ്പോൾ ആ കാണുന്നതാണ് രാവണനെ അടക്കം ചെയ്തിരിക്കുന്ന കല്ലറ... അടുത്തിരിക്കുന്ന പേടകം ചന്ദ്രഹാസത്തിന്റെ ശക്തി ഉൾക്കൊള്ളുന്ന ആയുധം ആയിരിക്കും... അവൻ കണക്കുകൂട്ടി... അവൻ നിൽക്കുന്നതിന്റെ എതിർഭാഗത്തായി ചെറിയ ശിവലിംഗത്തിന്റെ വിഗ്രഹം കണ്ടു അവൻ... അവിടെ പൂജയ്ക്കു വേണ്ട ഒരുക്കങ്ങൾ ചെയ്തിരിക്കുന്നതു പോലെ തോന്നി അവന്... ചുറ്റും കണ്ണോടിച്ചപ്പോൾ ആ മുറിയിൽ നിന്ന് ഒരു വഴി മറുവശത്തേക്ക് പോകുന്നതു കണ്ടു... ബ്രിട്ടീഷുകാർ എത്രയൊക്കെ ഖനനം ചെയ്തിട്ടും ഇതൊന്നും കണ്ടെത്താൻ കഴിഞ്ഞില്ലല്ലോ?... അല്ലെങ്കിലും അങ്ങിനെ കണ്ടെത്താൻ കഴിയുന്ന ഒന്നാണോ ഇത്... അത്ഭുതം തന്നെ...

താൻ അന്വേഷിച്ചിരിക്കുന്നത് കണ്ടെത്തിയിരിക്കുന്നു... ഇനി എത്രയും പെട്ടെന്ന് അതു നശിപ്പിക്കണം... മാറിനു കുറുകെ ഇട്ടിരുന്ന ഫൈബർ റോഡ്സിന്റെ ബോക്സ് ഊരി ആ മുറിയുടെ ഒരു മൂലയിൽ വച്ചതിനു ശേഷം അവൻ ആ ചന്ദ്രഹാസം ഇരിക്കുന്ന പേടകത്തിനടുത്തേക്ക് നടന്നടുത്തു... പേടകത്തിൽ കൈവച്ച് അതു തുറക്കാനാഞ്ഞതും പുറകിൽ നിന്ന് ബലിഷ്ഠമായ ഒരു കൈ രാഘവിന്റെ വായ പൊത്തി...

കുതറാൻ ശ്രമിച്ച അവനെ ബന്ധിക്കാൻ ആ ബലിഷ്ഠമായ കൈകളുടെ ഉടമയ്ക്ക് നിസാരമായി കഴിഞ്ഞു... തന്റെ മുഖത്ത് നിന്ന് കൈ ഒട്ടൊന്ന് മാറിയപ്പോൾ ശ്വാസം എടുക്കാനായി തുനിഞ്ഞ അവന്റെ മുഖത്തേക്ക് ഒരു പച്ചില അമർന്നു... അൽപ സമയത്തിനകം രാഘവ് ബോധരഹിതനായി നിലം പതിച്ചു...

അതിനു ശേഷം കുറേ മന്ത്രോച്ചാരണങ്ങൾ കേട്ടാണ് രാഘവ് കണ്ണുതുറന്നത്... കണ്ണ് പതിയെ ചിമ്മി ചിമ്മി നോക്കിയപ്പോൾ താനിരിക്കുന്നത് ഗുഹയിൽ നിന്ന് ആ മുറിയിലേക്കുള്ള പ്രവേശനത്തിനരികെയാണെന്ന് അറിഞ്ഞു... താനെത്ര സമയം ബോധരഹിതനായി കിടന്നെന്ന് അവന് മനസ്സിലായില്ല...കയ്യിലെ വാച്ചിലേക്ക് നോക്കി... സമയം 7 മണി കഴിഞ്ഞിരിക്കുന്നു...

അതായത് ചന്ദ്രഗ്രഹണം തുടങ്ങാറായിരിക്കുന്നു... അവൻ ഞെട്ടിപ്പിടഞ്ഞ് എഴുന്നേറ്റ് ആ ചുവരിനോട് ചാരിയിരുന്ന് മുന്നോട്ട് നോക്കി... പുറകിൽ തന്റെ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുന്നു...

മുന്നോട്ട് നോക്കിയപ്പോൾ തലേ ദിവസം കണ്ട കറുത്ത വസ്ത്രം ധരിച്ച സന്യാസിമാർ... ഒരു പത്ത് പേരുണ്ട്... നാലു പേർ ആ കല്ലറയ്ക്കും ചെറിയ പെട്ടിക്കും ചുറ്റുമായി നിന്ന് മന്ത്രോച്ചാരണങ്ങൾ നടത്തുന്നു... ഒരാൾ മുറിയുടെ ഒരു ഭാഗത്ത് പ്രതിഷ്ഠിച്ചിരിക്കുന്ന ശിവലിംഗത്തിൽ പുഷ്പങ്ങൾ അർപ്പിക്കുന്നു... താൻ എഴുന്നേറ്റതറിഞ്ഞ് പൂജയുടെ കാര്യങ്ങളിലൊക്കെ സഹായിച്ചു നിന്ന ഒരു സന്യസി തന്റെ അടുത്തേക്ക് നടന്നു വന്നു...

രാഘവിനറിയാത്ത ഏതോ ഭാഷയിലാണ് ആ സന്യസി അവനോട് എന്തോ ചോദിച്ചത്...

" പുരിയലെ... നീങ്കളെല്ലാം യാര്?... " അവരുടെ ഭാഷ മനസ്സിലാവാതെ അവൻ കണ്ണുയർത്തി അയാളെ ആകമാനം നിരീക്ഷിച്ചു കൊണ്ട് ചോദിച്ചു...

" ഓ... തമിഴാ... നാങ്ക വന്ത് ഇന്ത രാസാവോടെ പോരാളികൾ... " ആ വലിയ കല്ലറയുടെ നേർക്ക് കൈചൂണ്ടിക്കൊണ്ട് ആ ബലിഷ്ഠകായൻ പറഞ്ഞു...

" നീങ്ക നിനൈപ്പത് നടക്കാത്... നാൻ ഉയിരോടെ ഇരുക്കുംപോത് അത് നടക്കാത്... " രാഘവിന്റെ ശബ്ദത്തിലെ മൂർച്ചയും, കണ്ണുകളിലെ തീഷ്ണതയും അയാളുടെ മുഖഭാവത്തിന് ഒരു ചലനവും ഉണ്ടാക്കിയില്ല...

" നീങ്ക സൊൽറത് സരി താൻ... നീങ്ക ഉയിരോടെ ഇരുക്കും പോത് അത് നടക്കാത്... ഇന്നേക്ക് ബലി കൊടുക്കപ്പോറ മുതൽ ആൾ നീ താൻ... ഇത്തന രഹസിയമാന ഇടത്തു വന്തേനെ... നീ അന്ത രാമാവോട പരമ്പര താൻ... ഇല്ലയാ... കൊഞ്ചനേരത്തുക്ക് അപ്പുറം നാങ്കൾ പരമ്പരാവിൻ രാസാ ഉയിർപ്പേൻ... ഹഹഹ... " അയാളുടെ ചിരി അവന്റെ കാതിൽ മുഴങ്ങി...

" ഇല്ലൈ ഇല്ലൈ... നീങ്ക നിനൈപ്പത് നടക്കാത്... " രാഘവ് മുരണ്ടുകൊണ്ട് അയാളോട് ആക്രോശിച്ചു... " ടപ്പ് !!!... " രാഘവിന്റെ ഇടതുകരണത്ത് അയാളുടെ വലതുകൈ പതിച്ചു... താഴേക്ക് വീഴാൻ പോയ രാഘവ് ബാലൻസ് ചെയ്തു കൊണ്ട് നിവർന്നു ഇരുന്നു...

" പോതും... ബലികൊടുക്ക സമയമാച്ച്... വാ... " രാഘവിനെ അടിക്കാനായി വീണ്ടും കയ്യോങ്ങിയ അയാളോട് കല്ലറയുടെ മധ്യത്തിലായി നിന്ന തലവനെന്ന് തോന്നിക്കുന്ന സന്യാസി പറഞ്ഞു... അതുകേട്ട് അയാൾ അവർക്കരുകിലേക്ക് പോയി...

രാഘവിന്റെ തൊണ്ടയിലെ വെള്ളം വറ്റി... ഇനി അൽപ്പ സമയത്തിനകം അവർ ചന്ദ്രഹാസത്തിൽ അവരുടെ ചോര ഇറ്റിച്ച് രാവണന്റെ മൃശരീരത്തിലേക്ക് വീഴ്ത്തും... തന്നെ ബലിയും കൊടുക്കും... ഹോ... ഓർക്കാൻ കൂടി കഴിയുന്നില്ല... എത്രയും പെട്ടെന്ന് എന്തെങ്കിലും ചെയ്തേ പറ്റൂ... രാഘവ് ചുറ്റും നോക്കി... അതാ കുറച്ച് മാറി താൻ കൊണ്ടുവന്ന ബോക്സ് കിടക്കുന്നു... അവൻ അതിനരികിലേക്ക് നിരങ്ങി നിരങ്ങി ചെന്നു...

മന്ത്രോച്ചാരണങ്ങൾ മുറയ്ക്ക് നടക്കുന്നു... ഇപ്പോൾ 8 മണിയായി... ചന്ദ്രനിൽ ചുവപ്പ് പടർന്നു തുടങ്ങിയിരിക്കും... സന്യാസിമാർ ചേർന്ന് ആ വലിയ കല്ലറയുടെ മൂടി നിരക്കി നീക്കുന്നു... വശത്തേക്ക് നിരങ്ങി മാറിയ ആ മൂടി അവർ എടുത്ത് താഴേക്ക് വച്ചു... പിന്നെ ചെറിയ പെട്ടി തുറന്ന് അതിനുള്ളിലെ ആയുധം എടുത്തു... രാഘവ് ഒരു നിമിഷം ആ ആയുധത്തിലേക്ക് ഉറ്റുനോക്കി...

ഒരു മീറ്ററോളം നീളം വരുന്ന കോടാലിയുടെ പോലെയുള്ള ഒരു ഇരുമ്പ് ദണ്ഡ്... വലിയ വണ്ണമുള്ള തടി അവർ രണ്ടുപേർ ചേർന്നാണ് ഉയർത്തിയത്... അതിന്റെ അടിവശം മുകളിലേക്ക് പൊക്കിയപ്പോഴാണ് അത് കണ്ടത്... ഒരു വൃത്തത്തിന്റെ പാതി മുറിച്ച രീതിയിലുള്ള ആ ഭാഗം മുറിയിലെ പന്തങ്ങളുടെ വെളിച്ചത്തിൽ മിന്നിത്തിളങ്ങി... ദണ്ഡിന്റെ അറ്റം ചേരുന്ന ഭാഗത്ത് നിന്ന് രണ്ടു ഭാഗത്തേക്കും അൽപ്പം വളഞ്ഞ് പോകുന്നു...

അർദ്ധ ചന്ദ്രാകൃതിയിലുള്ള ഒരു ആയുധം... രാവണൻ അടക്കംചെയ്തിരുന്നത് ചന്ദ്രഹാസത്തിന്റെ ശക്തി മാത്രമല്ല... ആ ആയുധം തന്നെ പുനർനിർമ്മിച്ചിരിക്കുകയാണെന്ന് അവനു തോന്നി... ആ ആയുധം കല്ലറയുടെ നടുവിലേക്ക് നീട്ടിപ്പിടിച്ച് അവരെല്ലാം ആ കല്ലറയ്ക്ക് ചുറ്റിലും നിന്ന് മന്ത്രോച്ചാരണങ്ങൾ ഉച്ചത്തിൽ ഉരുവിട്ടു തുടങ്ങി...

സമയം നീങ്ങിക്കൊണ്ടിരിക്കുന്നു... രാഘവ് ശബ്ദമുണ്ടാക്കാത പതിയെ പതിയെ മുകളിലേക്ക് ഉയർന്ന് എഴുന്നേറ്റ് നിന്നു... തന്റെ കയ്യുടെ കെട്ടഴിക്കാൻ ആവുന്നത്ര ശ്രമിച്ചെങ്കിലും അതെല്ലാം വിഫലമായി...സർവ്വശക്തിയുമെടുത്ത് അവൻ ഉപ്പൂറ്റിയിലൂന്നി ഒന്ന് പൊങ്ങിയുയർന്നു... അതോടൊപ്പം തന്നെ പിന്നിലെ കൈകൾ വളച്ച് കാലുകൾ മടക്കി അതിലേക്ക് ഊളിയിട്ടു... അപ്പോൾ ബന്ധിതമായ അവന്റെ കൈകൾ മുന്നിലേക്ക് വന്നു... ഒന്നാശ്വസിച്ച രാഘവ് പല്ലുകൾ കൊണ്ട് ശക്തിയായി കടിച്ച് ആ കയർ അഴിച്ചെടുത്തു... സന്യാസിമാരുടെ മന്ത്രോച്ചാരണം ഉച്ചസ്ഥായിലെത്തിയിരുന്നു...

" സന്തിരൻ സെവപ്പായിരുക്ക്... ഇനി കൊഞ്ചം നേരം... നം കൈകൾ ചന്ദ്രഹാസത്തോടു സേർപ്പോം... " കല്ലറയുടെ മധ്യത്തിൽ നിന്ന തലവൻ ഏവരോടും ആജ്ഞാപിക്കുന്നതു പോലെ പറഞ്ഞു...

രാഘവിന് മനസ്സിലായി ഇപ്പോൾ ചന്ദ്രന്റെ നിറം ചുവപ്പായിട്ടുണ്ടാകും... അത് അർദ്ധചന്ദ്രാകുതിയിലേക്ക് കേറിക്കൊണ്ടിരിക്കുകയാണ്... അവൻ ബോക്സ് തുറന്ന് ചില്ലുകുപ്പിയും ഫൈബർ റോഡ്സും പുറത്തെടുത്ത് നൊടിയിടയിൽ താൻ കൊണ്ടുവന്ന Fibre bow വച്ച് വില്ല് സെറ്റ് ചെയ്തു... താൻ കാത്തിരുന്ന നിമിഷം ഇതാ വന്നെത്തി...

സന്യാസിമാരെല്ലാം തങ്ങളുടെ കയ്യിൽ നിന്ന് ചോര ഇറ്റിക്കുന്നതിനായി ചന്ദ്രഹാസത്തിന്റെ അടുത്തേക്ക് വിരലുകൾ നീട്ടിയതും പുറകിൽ നിന്നൊരു ആർത്തനാദം കേട്ടു...

" ഹാ രാമ... ഹാ സീതേ... " എന്നുറക്കെ അലറിക്കൊണ്ട് രാഘവ് തന്റെ കയ്യിലെ രാമസാന്നിദ്ധ്യങ്ങളിലെ സ്ഥലങ്ങളിൽ നിന്നു ശേഖരിച്ച മണൽത്തരികൾ അടങ്ങിയ ചില്ലുകുപ്പി ചന്ദ്രഹാസത്തിനു നേരെ എറിഞ്ഞു... ഒരു നിമിഷം അമ്പരന്നു നിന്ന സന്യാസിമാർ എന്താണെന്ന് സംഭവിക്കുന്നതെന്ന് മനസ്സിലാക്കുന്നതിനു മുൻപേ തന്നെ ആ ഗോളാകൃതിയുള്ള ചില്ലുകുപ്പി ചന്ദ്രഹാസത്തിന്റെ മൂർച്ചയുള്ള ഭാഗത്ത് തട്ടി പൊട്ടിച്ചിതറി...

താളിയോലയിൽ പറയുന്ന പോലെ അപ്പോൾ ആകാശത്ത് ചന്ദ്രന്റെ ആകൃതി അർദ്ധചന്ദ്രാകൃതി ആയിരുന്നു... നിറം രക്തചുവപ്പും... ആ മണൽത്തരികൾ ആ മൃതദേഹത്തിൽ വീണതും... അതിൽ നിന്നും ഒരു വെളുത്ത പുക ഉയർന്നു... സന്യാസിമാർ പിടിച്ചിരുന്ന ചന്ദ്രഹാസത്തിൽ പെട്ടെന്ന് തീനാളങ്ങൾ ഉയർന്നു... അത് സന്യാസിമാരുടെ കൈകളിൽ നിന്നും വേർപെട്ട് കല്ലറയിലേക്ക് വീണു... കല്ലറയുടെ തങ്ങളുടെ ഉടയോന്റെ ശരീരം പുകയായി ഉയരുന്നതു കണ്ട സന്യാസിമാർ അടക്കാനാവാത്ത കലിയോടെ രാഘവിനു നേർക്ക് കുതിച്ചു...

തന്റെ നേർക്ക് പാഞ്ഞടുക്കുന്ന രാക്ഷസ സന്യാസിമാർക്ക് നേരേ രാഘവ് തന്റെ വില്ല് കുലച്ചു... ഇടത് കാൽമുട്ട് മടക്കി വലതു കാൽമുട്ട് തറയിലൂന്നി... തന്റെ വില്ലിൽ നിന്നും തുടരെ തുടരെ

കൂർത്തമുനയുള്ള അമ്പുകൾ അവർക്കു നേരെ രാഘവ് തൊടുത്തുവിട്ടു... അത് ആ സന്യാസിമാരുടെ കറുത്ത വസ്ത്രങ്ങളേയും ആ നര പിടിച്ച ദേഹത്തേയും ഭേദിച്ച് പുറത്ത് വന്നു... പത്ത് സന്യാസിമാരിൽ എട്ടുപേരും നിലത്തമർന്ന് പ്രാണൻ വെടിഞ്ഞു... ഇനിയുള്ളത് രണ്ട് അമ്പുകളാണ്...

രാഘവ് നിൽക്കുന്ന മുറിയുടെ എതിർ വശത്തേക്ക് ഓടി മാറിയ സന്യാസിമാരിൽ ഒരാളുടെ നേർക്ക് തൊടുത്ത അമ്പിൽ നിന്ന് നൂലിഴ വ്യത്യാസത്തിൽ ആ സന്യാസി മാറിക്കളഞ്ഞു... ആ കൂട്ടത്തിലെ തലവനായിരുന്നു അത്... അയാൾ തന്റെ വശത്തെ ഭിത്തിയിൽ ഉണ്ടായിരുന്ന പന്തമെടുത്ത് രാഘവിന് നേർക്കെറിഞ്ഞു...രാഘവിന്റെ ഇടംകയ്യുടെ ഭാഗത്ത് വീണ് പൊട്ടിത്തകർന്ന ആ പന്തത്തിന്റെ തീപ്പൊരികൾ അവന്റെ ഇടതുകയ്യിൽ പൊള്ളലേൽപ്പിച്ചു... ഒരു നിമിഷം അവന്റെ കയ്യിൽ നിന്നും ആ വില്ല് താഴെ വീണു...

ആ അവസരം മുതലാക്ക് തലവന്റെ അടുത്ത് നിന്ന സന്യാസി അവനെ ആക്രമിക്കാനായി ഓടി അടുത്തു... രാഘവിന്റെ അടുത്തെത്തുന്നതിനു മുൻപ് തന്നെ വില്ലെടുത്ത് അവസാന അമ്പ് അവൻ അയാളുടെ നെഞ്ചിൽ നോക്കി എയ്തു... അവന്റെ മുൻപിലേക്ക് നിരങ്ങി വീണ അയാൾ അവനെ പിടിക്കാനായി കൈ ആഞ്ഞു... വളരെ ബലത്തോടെ അവന്റെ ഇടത്തേ മുട്ടുകാലിൽ പിടിയമർന്ന ആ കരത്തിന് ശക്തി കുറഞ്ഞ് കുറഞ്ഞ് താഴെ വീണു...

രാഘവിന്റെ കയ്യിൽ ഇനി അമ്പുകൾ ഒന്നും ബാക്കിയില്ലെന്നു കണ്ട തലവൻ അവനെ ആക്രമിക്കാനായി അടുത്ത ഒരു പന്തവും എടുത്ത് അവനടുക്കലേക്ക് ഓടിയടുത്തു... നൊടിയിടയിൽ എഴുന്നേറ്റ രാഘവും അയാളുടെ നേർക്ക് ഓടി... അങ്ങിനെ ഓടാൻ ആയുന്ന സമയം തന്റെ കയ്യിലിരിക്കുന്ന വില്ലിന്റെ ചാൺ ഊരിയെറിഞ്ഞ ശേഷം വില്ല് ആയി ഉപയോഗിച്ച ആ ഫൈബർ റോഡ് തന്റെ ഇടതു മുട്ടുകാലിൽ വച്ച് ഒടിച്ചു... അപ്പോൾ രണ്ടായി പകുത്ത ആ ഫൈബർ റോഡിന്റെ കൂർത്തിരിക്കുന്ന മുനകൾ തന്റെ രണ്ട് മുഷ്ടികളുടെ ഉള്ളിൽ പിന്നോട്ടാക്കിപ്പിടിച്ചു കൊണ്ട്, പന്തമായി മുന്നോട്ട് കുതിക്കുന്ന ആ സന്യാസിയുടെ നേർക്ക് അവനും കുതിച്ചു...

കല്ലറയ്ക്ക് അപ്പുറം നിന്ന് തന്റെ നേർക്ക് ചാടിവരുന്ന രാക്ഷസ സന്യാസി തലവന്റെ നേർക്ക് ഉറക്കെ അലറിക്കൊണ്ട് രാഘവും ചാടി... കല്ലറയ്ക്ക് മുകളിലേക്ക് കുതിച്ചുയർന്ന സന്യാസി തന്റെ മുന്നിലേക്ക് ചാടിയെത്തുന്ന രാഘവിന്റെ മുഖത്തിനു നേരെ കത്തുന്ന തീപ്പന്തം കുത്താനാഞ്ഞതും... മുഖം കുനിച്ച് തന്റെ തൊട്ടു മുന്നിൽ ഉയർന്നു നിൽക്കുന്ന അയാളുടെ നെഞ്ചിലേക്ക് ആ രണ്ടു കൂർത്തമുനകൾ അവൻ കുത്തിയിറക്കി... തന്റെ മാറ് പിളർന്നു അമ്പുകൾ കേറിയതറിഞ്ഞ നടുക്കത്തിൽ അയാൾ പിന്നിലേക്ക് മറിഞ്ഞു... അയാളുടെ നെഞ്ചിൽ മുട്ടുകാലുകൾ ഇടിച്ചിറക്കി കൊണ്ട് രാഘവ് കല്ലറയുടെ അപ്പുറത്തേക്ക് വീണു... താഴെ വീണ് തെറിച്ച് അകന്നു മാറിയ രാഘവ് ഒന്ന് ചുമച്ചു...

പതിയെ എഴുന്നേറ്റ് വേച്ചുവേച്ച് മുറിയിലുണ്ടായിരുന്ന രണ്ട് പന്തങ്ങളിൽ ഒന്നെടുത്ത് അതുമായി കല്ലറയുടെ അടുത്തെത്തി ഉള്ളിലേക്ക് നോക്കി... അവിടെയതാ ചന്ദ്രഹാസം കിടക്കുന്നു... രാവണന്റെ മൃതദേഹം ഉണ്ടായിരുന്നു എന്നു പറഞ്ഞ സ്ഥലത്ത് കുറേ വെളുത്ത പൊടി മാത്രം...

കാണാൻ കഴിഞ്ഞില്ലല്ലോ ആ രാക്ഷസ രാജാവിന്റെ ദേഹം... വേണ്ട... വെട്ടിത്തിളങ്ങി നിന്നിരുന്ന ചന്ദ്രഹാസം ഇപ്പോൾ ഒരു പ്രാകശവുമില്ലാതെ അതിനുള്ളിൽ കിടക്കുന്നു... ആ ആയുധം കയ്യിലെടുക്കാനാഞ്ഞതും നൊടിയിടയിൽ അതൊരു ചാരമായി മാറി... ചന്ദ്രഹാസത്തിന്റെ ശക്തി അതിൽ നിന്നും ചോർന്നുപോയി... ഇനി ഇതു കൊണ്ട് ഒരു

കാര്യവുമില്ല... രാവണദേഹവും അപ്രത്യക്ഷമായി... തന്റെ ലക്ഷ്യം പൂർത്തീകരിച്ചിരിക്കുന്നു... അവൻ ഉറക്കെ ഉറക്കെ പൊട്ടിച്ചിരിച്ചു... ആ ചിരിയുടെ ധ്വനികൾ ആ ഗുഹാന്തരത്തിൽ പ്രതിധ്വനിച്ചു...

അപ്പോഴാണ് അവനാ കാര്യം ആലോചിച്ചത്... ഇനി എങ്ങിനെ പുറത്ത് കടക്കും... സെക്യൂരിറ്റി ഗാർഡ്സ് ഈ സമയത്ത് തന്നെ കണ്ടാൽ... ഹോ... എന്തു ചെയ്യും... അവൻ തന്റെ ബോക്സും പന്തവുമെടുത്ത് മുറിയുടെ അങ്ങേവശത്തായി കണ്ട വഴിയിലേക്ക് നടന്നു...

അത് വളരെ നീളമുള്ള ഗുഹയായിരുന്നു... പന്തവുമായി അവൻ മുന്നോട്ട് നടന്നു... കുറേ നീങ്ങിയപ്പോൾ താഴേക്ക് പടികൾ പോകുന്നത് കണ്ടു... അപ്പോൾ താനറിയാത്ത വേറെയും വഴികളുമുണ്ട് ഇവിടെ... ഒരു അരമണിക്കൂറുകളോളം നടന്നു കാണും... ഇത്ര നേരത്തേ ഏറ്റുമുട്ടൽ അവനെ അവശനാക്കിയിരുന്നു... പന്തത്തിന്റെ നാളങ്ങൾ അണഞ്ഞു തുടങ്ങി... ഇരുട്ട്... കൂരാകൂരിരുട്ട്...

കുറച്ച് ദൂരം കൂടി പടികൾ തപ്പിയും തടഞ്ഞും അവൻ നടന്നു... ഇനിയും മുന്നോട്ട് നടക്കാൻ അശക്തനായി അവൻ നിന്നു... വീണ്ടും ഒരു കാൽചുവട് മുന്നോട്ട് വച്ച അവന്റെ വലതുകാൽപ്പാദം എന്തിലോ തട്ടി നിന്നു... അതൊരു പാറക്കെട്ട് പോലെ പോലെ അവന് തോന്നി... മുഴുവൻ ശക്തിയുമെടുത്ത് അവൻ ആ പാറയിൽ ആഞ്ഞുതള്ളി... ഒരു ചെറിയ ഞരക്കത്തോടെ അരമീറ്റർ വ്യാസമുള്ള ആ പാറക്കഷ്ണം തുറന്നു... അവന് കഷ്ടിച്ച് പുറത്തേക്കിറങ്ങാനുള്ള വ്യാപ്തിയേ ആ ദ്വാരത്തിന് ഉണ്ടായിരുന്നുള്ളൂ... അതിൽക്കൂടി പതിയെ രാഘവ് പുറത്തേക്കിറങ്ങി...

പച്ചപുല്ലിൽ കാലുകൾ ഊന്നി എഴുന്നേറ്റ് നിന്ന അവൻ ശുദ്ധവായു ശക്തിയായി ഉള്ളിലേക്ക് വലിച്ചെടുത്ത് തറയിലേക്ക് പിന്നോക്കം വീണു...മുകളിലേക്ക് നോക്കിയപ്പോൾ വെട്ടിത്തിളങ്ങി നിൽക്കുന്ന പൂർണ്ണചന്ദ്രനെ കണ്ടു അവൻ... നിറഞ്ഞ പ്രകാശത്താൽ അത്യുജ്ജ്വല പ്രഭയോടെ നിൽക്കുന്ന പൌർണ്ണമി ചന്ദ്രൻ തന്നെ നോക്കിച്ചിരിക്കുന്ന പോലെ തോന്നി അവന്... ആ ചന്ദ്രഹാസം അവന്റെ ചുണ്ടിലും ഒരു മന്ദഹാസം വിരിയിച്ചു...

ഒരു നിമിഷം അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി... മുത്തശ്ശിയുടെ ആഗ്രഹം നിറവേറ്റിയതോ?... രാവണന്റെ ഉയിർത്തെഴുന്നേൽപ്പ് തടഞ്ഞതോ?... ജാനകിയെ വീണ്ടും കാണാൻ അവസരം കിട്ടിയതോ?... അതിന്റെ കാരണം എന്താണെന്ന് വേർതിരിച്ചറിയാൻ അവൻ വിഷമിച്ചു... എന്താണെന്ന് അവന് തിരിച്ചറിയാൻ സാധിച്ചില്ല... എന്തായാലും അവന്റെ മനം പൂർണ്ണസംതൃപ്തിയുടെ ആഴങ്ങളിൽ ഊളിയിടുകയായിരുന്നു...

വീണ്ടും എഴുന്നേറ്റ് താൻ നിൽക്കുന്ന സ്ഥലം ഏതാണെന്ന് അവൻ നോക്കി... ചെറിയ പാറക്കെട്ടുകൾ... ഒരു ചെറിയ കാടിന്റെ പ്രദേശം... കുറച്ച് ദൂരെയായി സിഗരിയ റോക്ക് ചന്ദ്രപ്രഭയിൽ തിളങ്ങുന്നു... അവൻ പതിയെ അകലെയായി കാണുന്ന തന്റെ ഹോട്ടലിലേക്ക് നടന്നു...

പിറ്റേന്ന് വൈകിട്ട് കൊളംബോ എയർപോർട്ടിൽ രാഘവിനെ യാത്ര അയക്കാനെത്തിയ ശിവദാസൻ അവന്റെ കൈയ്യിലും മുഖത്തുമൊക്കെ ചെറിയ മുറിവുകൾ കണ്ട് കാരണമന്വേഷിച്ചു...

" മുകളിലെ പാറയിൽ കേറിയപ്പോൾ വഴുതി വീണതാ... മുഖവും കൈയ്യും ഒക്കെ ഉരഞ്ഞു... " അവൻ ചെറുചിരിയോടെ പറഞ്ഞു...

" ഞാൻ കൂടെ വരാമെന്ന് പറഞ്ഞതല്ലേ രാഘവ്... ഗോകുൽ വിളിക്കുമ്പോൾ ഞാനെന്താ പറയാ?... " അവന്റെ നേർക്ക് നോക്കി സങ്കടത്തോടെ ശിവദാസൻ ചോദിച്ചു...

" അവനോട് ഞാൻ പറഞ്ഞോളാം എല്ലാം... അങ്കിളിന്റെ സഹായത്തിന് എങ്ങിനെയാ നന്ദി പറയാ... താങ്ക്സ് സർ... താങ്ക്യൂ വെരിമച്ച്..." അവൻ ശിവദാസന് ഷേക്ഹാൻഡ് കൊടുക്കാനായി കൈ നീട്ടി... അയാൾ അവനെ കെട്ടിപ്പിടിച്ച് പുറത്ത് തട്ടി...

" യങ്ങ് മാൻ സീയു എഗെയ്ൻ... " ആലിംഗനത്തിൽ നിന്ന് അടർത്തി ശിവദാസൻ പറഞ്ഞു...

" ഷുവർ അങ്കിൾ... ബൈ... " അയാൾക്ക് ഒരു പുഞ്ചിരി സമ്മാനിച്ച് എയർപോർട്ടിനകത്തേക്ക് രാഘവ് തന്റെ ലഗ്ഗേജുമായി പോയി...

അന്ന് വൈകിട്ട് രാത്രി തിരുവനന്തപുരത്ത് പറന്നിറങ്ങിയ രാഘവ് പുലർച്ചയോടെ ഹോസ്റ്റലിലെത്തി... കിടന്നതേ അവൻ ഉറങ്ങിപ്പോയി... ഉച്ചയ്ക്ക് എണീറ്റ് ബൈക്കുമെടുത്ത് ഗോകുലിനെ പോയിക്കണ്ടു... കമ്പിക്കുട്ടൻ.നെറ്റ് അത്ഭുതവും സന്തോഷവും കൊണ്ട് ഗോകുൽ അവനെ കെട്ടിപ്പിടിച്ചു... യാത്രയുടെ വിശേഷങ്ങൾ അവനുമായി പങ്കുവച്ചപ്പോൾ ഗോകുൽ ഒരു ചിത്രകഥ കേൾക്കുന്നതു പോലെ അതൊക്കെ കേട്ടിരുന്നു...

" യുവർ ഗ്രാൻഡ്മാ ഈസ് റൈറ്റ്... നിനക്കു മാത്രേ അതു കഴിയുമായിരുന്നുള്ളൂ രാഘവ്... യു ഡൺ ഇറ്റ് വെൽ... " ഗോകുലിന്റെ അഭിനന്ദനത്തിനും അവന്റെ മുഖത്ത് നിറഞ്ഞത് ശാന്തതയുടെ ഒരു പുഞ്ചിരി മാത്രമായിരുന്നു മറുപടി...

" വിത്തൌട്ട് യു ഇറ്റ്സ് ഇമ്പോസിബിൾ മാൻ... " ഗോകുലിനെ ഒന്ന് ആശ്ലേഷിച്ച ശേഷം അവൻ തന്റെ മൊബൈൽ എടുത്ത് ജാനകിയെ വിളിച്ചു...

" നീയെത്തിയോ തെമ്മാടി... എനിക്കിപ്പോ കാണണം..." രാഘവിന്റെ വാക്കുകൾ ഒന്നും കേൾക്കാതെ ജാനകി പറഞ്ഞു... അവൻ തിരിച്ചു വന്നതിലുള്ള സന്തോഷം അവളുടെ വാക്കുകളിൽ അവൻ അനുഭവിച്ചു...

" ജാനകിയെ കാണാൻ പോവാണല്ലേ ടാ... നന്നായി ഷീ ഈസ് വെയ്റ്റിംഗ് ഫോർ യൂ... " അവൻ രാഘവിന്റെ തോളിൽ തട്ടിക്കൊണ്ട് പറഞ്ഞു...

" ഉം... കുറേ അഗ്നി പരീക്ഷകൾ ഞാൻ കൊടുത്തിട്ടുണ്ട് അവൾക്ക്... ഇനി വിഷമിപ്പിക്കില്ല... പോട്ടേടാ... " അതും പറഞ്ഞ് രാഘവ് തന്റെ ബൈക്ക് ജാനകിയുടെ അടുത്തേക്ക് വിട്ടു...

അവളേയും കൊണ്ട് അവൻ പോയത് ചെറായി ബീച്ചിലേക്കാണ്... അപ്പോൾ സമയം സന്ധ്യയോട് അടുത്തിരുന്നു... അവന്റെ യാത്രയും സാഹസികത നിറഞ്ഞ പ്രവൃത്തികളെല്ലാം ഒരു അമ്പരപ്പോടെയാണ് ജാനകി കേട്ടത്... ഇതൊക്കെ തന്നോട് പറഞ്ഞിരുന്നെങ്കിൽ അവനെ തനിയെ വിടില്ലായിരുന്നു എന്നവൾക്ക് തോന്നി... അവൾ അവന്റെ നെഞ്ചിൽ ഇടിച്ച് കരഞ്ഞുകൊണ്ട് അവനെ ശക്തിയായി കെട്ടിപ്പിടിച്ചു... ബീച്ചിൽ അങ്ങിങ്ങായി നിൽക്കുന്നവർ തങ്ങളെ ശ്രദ്ധിക്കുന്നതൊന്നും അവൾക്ക് പ്രശ്നമായിരുന്നില്ല...

കുറച്ച് നേരത്തേ കരച്ചിലിനും പരിഭവങ്ങൾക്കും ശേഷം അവൾ മുഖം തുടച്ചു... അവർ അസ്തമയ സൂര്യനെ നോക്കിയിരുന്നു...

“ നീ പറഞ്ഞതൊക്കെ ശരി... ഞാനൊന്ന് ചോദിക്കട്ടെ... ഒരുപക്ഷേ നീ പറഞ്ഞപോലെ രാവണൻ ഉയിർത്തെഴുന്നേറ്റിരുന്നു എങ്കിൽ എന്തു സംഭവിച്ചേനെ?... “ അവന്റെ ഉത്തരത്തിനായി പറക്കുന്ന മുടിയിഴകളോടെ ജാനകി അവന്റെ മുഖത്തേക്ക് ഒറ്റു നോക്കി...

“ അങ്ങിനെ സംഭവിച്ചിരുന്നെങ്കിൽ ശ്രീലങ്കയുടെ ശ്രീ പോയി അത് വീണ്ടും ലങ്ക ആയേനെ... “ രാഘവ് തികഞ്ഞ ആത്മാർത്ഥതയോടെ പറഞ്ഞു... ജാനകി ആലോചിച്ചു... ലങ്കയുടെ ശ്രീ-ഐശ്വര്യം പോയേനെ എന്ന്...

“ അങ്ങിനെ രാവണൻ ഉയിർത്തെഴുന്നേറ്റിരുന്നെങ്കിൽ രാമൻ വീണ്ടും അവതിരിക്കുമായിരുന്നോ രാഘവ്?... ” ഇത്തവണ അവളുടെ വാക്കുകളിലെ മൂർച്ച അവൻ തിരിച്ചറിഞ്ഞു...

“ പത്ത് അവതാരങ്ങളിൽ ഇതുവരെ ഒൻപത് അവതാരങ്ങൾ മാത്രമേ അവതരിച്ചിട്ടുള്ളൂ... കലിയുഗത്തിലെ കൽക്കി ഇതുവരെ... ” താൻ പറയുന്നത് ജാനകിയിൽ വലിയ വിശ്വാസം ഉണ്ടാക്കുന്നതായി തോന്നാത്തതു കൊണ്ട് രാഘവ് പകുതിക്ക് വച്ച് നിർത്തി...

“ കുറേയൊക്കെ നീ സങ്കൽപ്പിക്കുകയാണ് രാഘവ്... ” കടലോരത്തെ മണലിൽ പതിയെ കയ്യോടിച്ച് ജാനകി പറഞ്ഞു...

“ അതെനിക്കറിയില്ല... രാമസഹോദരൻ ഭരതന്റെ രാജ്യമാണിതെന്ന് ഞാൻ വിശ്വസിക്കുന്നു... ഭരതന്റെ രാജ്യം – ഭാരതം... നിനക്കെന്ത് തോന്നുന്നു?...” അവൻ അവളുടെ നേരെ ശാന്തമായി ചോദിച്ചു...

“ എനിക്കതൊന്നും അറിഞ്ഞുകൂടാ... ഐ ഡോൺട് ഇൻട്രസ്റ്റ് ഇൻ തോസ് സ്റ്റോറീസ്... നീ ആളൊരു പഴഞ്ചനാണല്ലോടാ... ” അവളുടെ വാക്കുകൾ രാഘവിന് അരാധനയെ ഓർമ്മപ്പടുത്തി...

“ അതു ശരിയാ ഞാൻ പഴഞ്ചനാ... അല്ല നിനക്ക് പിന്നെ എന്തിലാണ് ഇൻട്രസ്റ്റുള്ളത്?... ” രാഘവ് അവളുടെ കണ്ണിലേക്ക് ഉറ്റുനോക്കി...

“ നിന്നിൽ... ഐ റിയലി ലവ് യൂ... ഐ വാണ്ട് യൂ... ” അവൾ അവന്റെ മുടിയിഴകളിൽ പ്രേമത്തോടെ തഴുകി...

“ ഐ ടൂ ജാനൂ... ” രാഘവിന്റെ വാക്കുകൾ ഹൃദയത്തിന്റെ അടിത്തട്ടിൽ എന്ന പോലെ ആയിരുന്നു...

" രാഘവ് എന്റെ പേരിൽ മാത്രമാണോ നിനക്ക് എന്നോട് ഇഷ്ടം... സത്യം പറയണം..." രാഘവിനോട് അടുത്തപ്പോൾ മുതലുള്ള അവളുടെ മനസ്സിലുള്ള ഒരു വേദനയായിരുന്നു അത്...

" ഞാനെന്തിനാ നിന്നോട് നുണ പറയുന്നേ.. കമ്പിക്കുട്ടൻ.നെറ്റ്. ശരിയാണ്... ആദ്യം നിന്റെ പേരുകേട്ടാണ് ഞാൻ നിന്നെ ഇഷ്ടപ്പെട്ടത്... പക്ഷേ നിന്നോട് അടുത്തപ്പോൾ ആ പേരിനേക്കാൾ ഒത്തിരി സൌന്ദര്യം നിന്റെ മനസ്സിനുണ്ടെന്ന് എനിക്ക് തോന്നി... " രാഘവ് അവളുടെ മുഖത്ത് കണ്ണെടുക്കാതെയാണ് ആ വാക്കുകൾ പറഞ്ഞത്...

“ ശരിക്കും... ” ഒന്ന് ഉറപ്പിക്കാനെന്ന പോലെ ജാനകി ചോദിച്ചു...

“ എയ് ചുമ്മാ... ” ഒന്നു ചിരിച്ചിട്ട് അതു പറഞ്ഞുകൊണ്ട് രാഘവ് എണീറ്റു...

" ടാ നിന്നെ ഞാൻ... " എന്നു പറഞ്ഞ് അവനെ തല്ലാനായി കയ്യോങ്ങിക്കൊണ്ട് ജാനകി രാഘവിന്റെ പുറകേ ഓടി...

ആ യുവ മിഥുനങ്ങൾ ആ കടൽക്കരയിലൂടെ ആർത്തുല്ലസിച്ച് ഓടുന്ന കാഴ്ച വളരെ മനോഹരമായിരുന്നു... അതിന് സാക്ഷിയായ സൂര്യൻ പതിയെ ചക്രവാളത്തിൽ മുങ്ങിത്താഴ്ന്നു... അപ്പോൾ ഭൂമിയുടെ അങ്ങേത്തലയ്ക്കൽ ചന്ദ്രൻ പൂർണ്ണശോഭയോടെ ഉയർന്നു വന്നു...

ആ നീലാവെളിച്ചത്തിൽ രാഘവിന്റെ കടൽക്കരയിലെ കാൽപ്പാദങ്ങൾ തെളിഞ്ഞുവന്നു... അപ്പോൾ ഏഴിഞ്ച് വലിപ്പമുള്ള അവന്റെ കാലടികളുടെ അരികിൽ നിന്ന് മണ്ണ് താഴേക്ക് അടർന്ന് അടർന്ന് പോയിക്കൊണ്ടിരുന്നു... ഇപ്പോൾ ആ കാൽപ്പാദങ്ങൾക്ക് ഒൻപതിഞ്ച് നീളമുണ്ട്... പണ്ടേതോ യുഗത്തിൽ അവതരിച്ച ഒരു മനുഷ്യന്റെ പാദങ്ങളോട് വളരെ താദാത്മ്യം പ്രാപിച്ചിരുന്നു ആ അടയാളങ്ങൾ...

രാഘവിന്റെ നിയോഗം... രാഘവിന്റെ യാത്ര... രാഘവായനം ഇവിടെ അവസാനിക്കുന്നു...

**********************************ശുഭം **********************************